
/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ
₹12

# സമകാലിക ജനപഥം

2024 ആഗസ്റ്റ് പുസ്തകം 11 ലക്കം 1



# ഈ സമയെവും നമ്മൾ അതിജീവിക്കും



ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2024 ആഗസ്റ്റ് 1 ● പുസ്തകം 11 ● ലക്കം 1

എഡിറ്റർ ടി വി സുഭാഷ് ഐ എ എസ് **അഡീഷണൽ എഡിറ്റർ** സലിൻ മാങ്കുഴി
ഡെപ്യൂട്ടി എഡിറ്റർ കെ പി സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
അസിസ്റ്റന്റ് എഡിറ്റർ പ്രഭാത് നായർ **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
കവർ & ലേഔട്ട് രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്ങ്** വിനിത വി എസ്

എഡിറ്റോറിയൽ>

# ചേർത്തുപിടിക്കാം വയനാടിനെ



ഒരു മഹാദുരന്തത്തിന്റെ നടുക്കുന്ന, നൊമ്പരമുണർത്തുന്ന കാഴ്ചകളിലാണ് നാമിപ്പോഴും. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവുമധികം മനുഷ്യജീവൻ കവർന്ന പ്രകൃതിദുരന്തമായ, വയനാട്ടിലെ ഉരുൾപൊട്ടൽ സൃഷ്ടിച്ച ആഘാതം അത്രവേഗം മനസ്സിൽ നിന്ന് മായുന്ന ഒന്നല്ല. ജൂലൈ 30ന് പ്രതീക്ഷിക്കാതെ അലച്ചെത്തിയ മലവെള്ളപ്പാച്ചിലിൽ മുണ്ടക്കൈയിലെയും ചൂരൽമലയിലെയും പല കുടുംബങ്ങളും ഒരാളെപ്പോലും അവശേഷിപ്പിക്കാതെ വേരോടെ പിഴുതെറിയപ്പെട്ടു. രക്ഷപ്പെട്ടവരിൽ പലരും ഓമനമക്കൾ ഉൾപ്പെടെ പ്രിയപ്പെട്ടവർ ഇല്ലാതായതിന്റെ തീരാവേദനയിലാണ്. അധ്വാനത്തിലൂടെ നേടിയ വസ്തുവകകളും സമ്പാദ്യവുമൊക്കെ ഒലിച്ചുപോയി.

ദുരന്തത്തെപ്പറ്റി അറിഞ്ഞ ഉടൻതന്നെ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാൻ സംസ്ഥാനത്തിനായി. പരമാവധി ജീവൻ രക്ഷിക്കാനായിരുന്നു മുൻഗണന. ഫയർഫോഴ്സും പോലീസും എൻഡിആർഎഫും തുടങ്ങി വിവിധ സേനകൾ യോജിച്ച് പ്രവർത്തിച്ചു. സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം സൈന്യം കൂടിയെത്തിയതോടെ രക്ഷാപ്രവർത്തനത്തിന് ഗതിവേഗമേറി. ആരോഗ്യവകുപ്പ് ഉൾപ്പെടെ മറ്റ് സർക്കാർ സംവിധാനങ്ങളും ചിട്ടയോടെ മുന്നോട്ടുനീങ്ങി. ജീവിതത്തിലെ തീവ്രനഷ്ടങ്ങളിൽ ഉഴലുന്ന ദുരന്തബാധിതരെ ചേർത്തുപിടിക്കുകയാണ് കേരളം. ഉരുൾപൊട്ടലിൽ സർവതും പൊയ്പ്പോയവരെ കൈപിടിച്ചുയർത്തുന്നതിനും അവരുടെ പുനരധിവാസത്തിനുമാണ് ഇപ്പോൾ നടപടി സ്വീകരിച്ചുവരുന്നത്.

2018 ലെ പ്രളയശേഷമെന്നപോലെ ഇക്കാര്യത്തിൽ അഭിമാനം പകരുന്ന ചില മാതൃകകൾ ഇതിനകം ഉണ്ടായിട്ടുണ്ട്. വിവിധ ഭാഷകളിലെ സിനിമാതാരങ്ങൾ മാത്രമല്ല, കുടുക്ക പൊട്ടിച്ച സമ്പാദ്യവുമായെത്തുന്ന സ്കൂൾ കുട്ടികളും മൂന്നു മണിക്കൂർ തുടർച്ചയായി നൃത്തം ചെയ്തു നേടിയ തുക വയനാടിനായി മാറ്റിവെച്ച തമിഴ്നാട്ടിലെ 13 വയസ്സുകാരി പെൺകുട്ടിയുമൊക്കെ തങ്ങളാലാവും വിധം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യാൻ മുന്നോട്ടുവന്നത് മനുഷ്യസ്നേഹത്തിന്റെ ഇനിയും വറ്റാത്ത ഉറവുകളാണ് സൂചിപ്പിക്കുന്നത്. പ്രകൃതിദുരന്തം തകർത്തെറിഞ്ഞ ജനതയ്ക്ക് ആശ്വാസമേകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പരമാവധി സംഭാവനകൾ നൽകി ഒപ്പം നിൽക്കാം.

**ടി.വി. സുഭാഷ് ഐ എ എസ്**
എഡിറ്റർ

2024 AUGUST 1 VOLUME 11 ISSUE 1 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

***പ്രതികരണങ്ങൾ അയക്കേണ്ട വിലാസം***
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

***വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ***
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

*ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും*

/samakalikajanapadham/ /prd.kerala.gov.in/publications




4 **അതിജീവനം**
നമ്മൾ അതിജീവിക്കും
പിണറായി വിജയൻ

10 ഉള്ളുലയുമ്പോഴും
കൈ കോർത്ത് രക്ഷാദൗത്യം
കെ.രാജൻ

16 **ദുരന്തമുഖം**
മഹാദുരന്തം
അതിജീവനം
നാൾവഴികൾ

28 **മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**
നാടിന്റെ സ്നേഹം
നാടിന്റെ കണ്ണീരൊപ്പാൻ

34 **പരിസ്ഥിതി**
മണ്ണിടിച്ചിലിന്റെ
ശാസ്ത്രം
ഡോ. സജിൻ കുമാർ കെ എസ്

38 **അതിജീവനം**
അവരെ അറിയാം,
കേൾക്കാം, മുറിവുണക്കാം
ഡോ. സി ജെ ജോൺ

41 **ചരിത്രം**
മരണം വിതച്ച ഉരുൾപൊട്ടലുകൾ

44 **ദുരന്തനിവാരണം**
ജാഗ്രത
എല്ലായ്പ്പോഴും


50 **ഓർമ്മ**
മുണ്ടക്കൈ..
മായാത്ത ഓർമ്മച്ചിത്രം
രമേഷ് കുമാർ വെള്ളമുണ്ട


**കവർചിത്രം**
സ്പെഷ്യൽ അറേഞ്ച്മെന്റ്

**അകംപേജുകളിലെ ചിത്രങ്ങൾ**
ഐപിആർഡി, നിധീഷ് കൃഷ്ണൻ

പിണറായി വിജയൻ
മുഖ്യമന്ത്രി

വയനാട്ടിൽ ഇപ്പോൾ ഉണ്ടായ ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്നവരെ എല്ലാവിധത്തിലും സഹായിക്കാൻ നാം ഒരുമിച്ച് ഇറങ്ങേണ്ട സാഹചര്യമാണ്. പല വിധത്തിൽ സഹായങ്ങൾ പ്രഖ്യാപിച്ച് ഇതിനോടകം പലരും മുന്നോട്ടുവന്നിട്ടുണ്ടെങ്കിലും അതൊന്നും മതിയാകില്ല.



# നമ്മൾ അതിജീവിക്കും

ഹൃദയഭേദകമായ ദുരന്തമാണ് വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല, അട്ടമല പ്രദേശങ്ങളിൽ ഉണ്ടായത്. അതിതീവ്രമായ മഴയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഒരു പ്രദേശം മുഴുവൻ ഇല്ലാതായി.

നമ്മുടെ നാട് ഇന്നുവരെ കണ്ടതിൽ അതീവ ദാരുണമായ പ്രകൃതി ദുരന്തങ്ങളിലൊന്നാണിത്. ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു. കേരള ജനതയൊന്നാകെ വയനാടിനെ കൈപിടിച്ചുയർത്താനായി ഒരുമിച്ചു നിൽക്കുന്ന ദിനങ്ങളാണിത്. രക്ഷാപ്രവർത്തനത്തിനു നേതൃത്വം നൽകുന്ന സൈന്യവും ഫയർ ഫോഴ്സും പോലീസും ഉൾപ്പെടെയുള്ള രക്ഷാസേനാംഗങ്ങൾ; ആരോഗ്യപ്രവർത്തകർ; കെ.എസ്.ഇ.ബി - വനം - റവന്യൂ ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകൾ, എല്ലാ പിന്തുണയും നൽകുന്ന തദ്ദേശവാസികൾ; തങ്ങളാൽ കഴിയുന്ന ഏതു സഹായത്തിനും സജ്ജരായ എണ്ണമറ്റ സഹോദരങ്ങൾ, എല്ലാവരും ചേർന്നാണ് സഹായഹസ്തം നീട്ടിയത്. 'മനുഷ്യരാണ് നാമേവരും' എന്ന സാഹോദര്യത്തിന്റെയും മാനവികതയുടേയും പതറാത്ത ബോധ്യമാണ് ഇന്ന് കേരളത്തിൽ മുഴങ്ങുന്നത്.



വയനാട് സന്ദർശനത്തിനായി മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും ഹെലികോപ്റ്ററിൽ

അപകടവിവരം അറിഞ്ഞയുടനെ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാൻ ശ്രമിച്ചിരുന്നു. അഞ്ചു മന്ത്രിമാരെ വയനാട്ടിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ നിയോഗിച്ചു. മന്ത്രിമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ, സൈന്യത്തിന്റെ സഹായമുൾപ്പെടെയുള്ള ആവശ്യമായ സജ്ജീകരണങ്ങളോടെയുമാണ് രക്ഷാപ്രവർത്തനം നടന്നത്. പരമാവധി ജീവനുകൾ രക്ഷിക്കാനും പരിക്കേറ്റവർക്ക് മികച്ച ചികിത്സയൊരുക്കാനും മറ്റുള്ളവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റാനുമാണ് ശ്രമിച്ചത്.

ഫയർഫോഴ്സ്, എൻ.ഡി.ആർ.എഫ്, പോലീസ്, തുടങ്ങിയ വിവിധ സേനകൾ യോജിച്ച് പ്രവർത്തിച്ചു. സൈനിക വിഭാഗങ്ങളുടെ സഹായവും അടിയന്തരപ്രാധാന്യത്തോടെ ലഭ്യമാക്കി. കരസേനയുടെയും നാവിക സേനയുടെയും വിവിധ വിഭാഗങ്ങൾ രക്ഷാപ്രവർത്തനത്തിനെത്തി. വയനാട് ഉരുൾപൊട്ടൽ മേഖലകളിലെ സ്തുത്യർഹമായ രക്ഷാദൗത്യത്തിനു ശേഷം ഇന്ത്യൻ കര, നാവിക സേനകളിൽ ഒരു വിഭാഗം മടങ്ങി. അവിടെ ക്യാമ്പ് ചെയ്യുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകിയാണ് അവരെ മടക്കിയയച്ചത്.

രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നതിന് ഉത്തരമേഖല ഐജി, ഡിഐജി എന്നിവർ ദുരന്തമേഖലയിൽ എത്തി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ ക്രമസമാധാനവിഭാഗം എഡിജിപിയും വയനാട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചു. പോലീസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തിരച്ചിൽ സംഘങ്ങൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനുമായി തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രത്യേക കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു.

വയനാട്ടിൽ പ്രാദേശികമായി ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടറെ രാവിലെ തന്നെ പ്രത്യേകമായി നിയോഗിച്ചു. ചൂരൽമലയിൽ മദ്രസയിലും പള്ളിയിലും താൽക്കാലിക ക്ലിനിക്കും പോളിടെക്നിക്കിൽ താൽക്കാലിക ആശുപത്രിയും സജ്ജമാക്കി. ആശുപത്രികളിൽ അധിക സൗകര്യങ്ങളൊരുക്കി. വയനാട് അധികമായി ആരോഗ്യ പ്രവർത്തകരെ നിയോഗിച്ചു. കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള ടീമിനെ വയനാട്ടേയ്ക്ക് അയച്ചു. സർജറി, ഓർത്തോപീഡിക്സ്, ഫോറൻസിക് തുടങ്ങിയ വിഭാഗങ്ങളിലെ ഡോക്ടർമാരെയും നഴ്സുമാരേയും അധികമായി നിയോഗിച്ചു. സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരുടെ ടീമിനേയും നിയോഗിച്ചു. ദുരന്തമേഖലകളിൽ പരിചയമുള്ള ഡോക്ടർ സംഘത്തെയും എത്തിച്ചു. അധിക മോർച്ചറി സൗകര്യങ്ങളുമൊരുക്കി. അവധിയിലുള്ള ആരോഗ്യപ്രവർത്തകർ അടിയന്തരമായി തിരികെ ജോലിയിൽ പ്രവേശിക്കാൻ നിർദേശം നൽകി. ആവശ്യമായ മരുന്നുകളും മറ്റ് ഉപകരണങ്ങളും അധികമായി എത്തിച്ചു. കനിവ് 108 ആംബുലൻസുകൾ ഉൾപ്പെടെ അധികമായി എത്തിച്ചു. മലയോരമേഖലയിൽ ഓടാൻ കഴിയുന്ന 108ന്റെ റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റുകളും സ്ഥലത്തേക്ക് അയയ്ക്കാൻ നിർദേശം നൽകി.

മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം പരിശോധനയും ഇൻക്വസ്റ്റും നടത്തി ബന്ധുക്കൾക്ക് കൈമാറാനും നടപടി സ്വീകരിച്ചു. പോസ്റ്റുമോർട്ടം നടപടികൾ വേഗത്തിലാക്കാൻ വയനാട്ടിലുള്ള ഫോറൻസിക് സംഘത്തെ കൂടാതെ കോഴിക്കോട് നിന്നുള്ള ഫോറൻസിക് ഡോക്ടർമാരുടെ പ്രത്യേക സംഘത്തെ കൂടി നിയോഗിച്ചു. തിരിച്ചറിയാനാകാത്ത മൃതദേഹങ്ങൾ തിരിച്ചറിയാൻ ജനിതക പരിശോധനകൾ നടത്തുന്നതാണ്.

ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന ഇടങ്ങളിലും ദുരിതമേഖലകളിലും ഭക്ഷണവും മറ്റ് അവശ്യവസ്തുക്കളും എത്തിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുവേണ്ട ഇടപെടലുകൾ പൊതുവിതരണ വകുപ്പും സപ്ലൈകോയും നടത്തി. റേഷൻ കടകളിലും സപ്ലൈകോ വിൽപനശാലകളിലും ഭക്ഷ്യധാന്യങ്ങളുടെയും അവശ്യവസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് നിർദേശം നൽകി. ദുരന്തമേഖലയിലേക്ക് 20,000 ലിറ്റർ കുടിവെള്ളവുമായി ജലവിഭവ വകുപ്പിന്റെ രണ്ടു വാഹനങ്ങൾ ആദ്യദിനം തന്നെ വയനാട്ടിലെത്തി.

## ദുരന്തസാധ്യത മുന്നറിയിപ്പുകൾ

ഇപ്പോൾ അപകടം ഉണ്ടായ സ്ഥലം ദുരന്തബാധിതപ്രദേശമായി പ്രഖ്യാപിച്ച സ്ഥലം അല്ല. എന്നാൽ ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമായി അറിയപ്പെടുന്ന മുണ്ടക്കൈ എന്ന സ്ഥലം തീവ്ര ദുരന്തസാധ്യതാ പ്രദേശത്താണ്. ഒഴുകിവന്ന മണ്ണും ഉരുളും



സൈനികർക്കൊപ്പം ബെയ്‌ലിപ്പാലം കാണുന്ന മുഖ്യമന്ത്രി

പാറകളും ഉരുൾപൊട്ടൽ ദുരന്തസാധ്യത ഇല്ലാത്ത ചൂരൽമല അങ്ങാടി എന്ന പ്രദേശത്താണ് വന്ന് അടിഞ്ഞിട്ടുള്ളത്. അത് പ്രഭവകേന്ദ്രത്തിന്റെ ആറ് കിലോമീറ്റർ അകലെയാണ്. ഈ പ്രദേശം നിരപ്പായ പുഴയുടെ തീരവും വർഷങ്ങളായി ജനവാസം ഉള്ള മേഖലയുമാണ്. എന്നാൽ ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രം മനുഷ്യവാസം ഉള്ള പ്രദേശം അല്ല.

മഴ കനത്തതിനാൽ ആളുകളെ മാറ്റിപ്പാർപ്പിച്ചിരുന്നു. ഇത് അപകടത്തിന്റെ വ്യാപ്തി കുറയ്ക്കാൻ കാരണമായി. ഇവിടെ ഓറഞ്ച് അലർട്ട് ആണ് നിലനിന്നിരുന്നത്. 64 മുതൽ 204 വരെ മില്ലിമീറ്റർ മഴ പെയ്യും എന്നായിരുന്നു മുന്നറിയിപ്പ്. എന്നാൽ ആദ്യത്തെ 24 മണിക്കൂറിനുള്ളിൽ 200 മില്ലി മീറ്ററും അടുത്ത 24 മണിക്കൂറിനുള്ളിൽ 372 മില്ലിമീറ്റർ മഴയുമാണ് ഈ പ്രദേശത്ത് പെയ്തത്. 48 മണിക്കൂറിനുള്ളിൽ 572 മില്ലിമീറ്റർ മഴയാണ് ആകെ പെയ്തത്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും മറ്റും പശ്ചാത്തലത്തിൽ മഴയും മറ്റ് പ്രകൃതി ദുരന്തങ്ങളും ചിലപ്പോൾ എങ്കിലും പ്രവചനാതീതമാണ്. അപ്രതീക്ഷിതമായ വൻമഴയും മേഘ വിസ്ഫോടനവും ഉരുൾപൊട്ടലും ഒക്കെ അതിന്റെ ഭാഗമായിട്ടാണ് ഉണ്ടാകുന്നത്.

നാം ഏറെക്കാലമായി ജീവിക്കുന്ന പ്രദേശത്ത് മുമ്പ് അത്തരം അനുഭവങ്ങൾ ഒന്നുമുണ്ടായിട്ടില്ലായിരിക്കാം. എന്നാൽ മുൻ അനുഭവങ്ങൾ ഉണ്ടായിട്ടില്ലെങ്കിലും, മാറിയ സാഹചര്യത്തിൽ ദുരന്തസാധ്യത മുന്നറിയിപ്പുകൾ ഉണ്ടെങ്കിൽ അത് എല്ലാവരും പാലിക്കാൻ തയ്യാറാകണമെന്ന് അഭ്യർഥിക്കുന്നു. ഏറെക്കാലമായി താമസിക്കുന്ന ഇടമാണ്, മാറിനിൽക്കാൻ ബുദ്ധിമുട്ടുണ്ട് എന്ന ചിന്ത മാറ്റിവെച്ച്, മാറിനിന്നാൽ മാത്രമേ സുരക്ഷിതത്വം ഉണ്ടാകൂ എന്ന രീതിയിലേക്ക് മാറേണ്ടതാണ്. ആവശ്യമായ മുൻകരുതലുകളോടെ ജനങ്ങൾക്ക് സുരക്ഷയൊരുക്കാനും നാശനഷ്ടങ്ങൾ പരമാവധി ലഘൂകരിക്കാനുമുള്ള പരിശ്രമം വിട്ടുവീഴ്ച കൂടാതെ സർക്കാർ നടപ്പാക്കുന്നുണ്ട്. അതു മികച്ച ഫലം നൽകണമെങ്കിൽ ജനങ്ങളുടെ പൂർണ്ണ സഹകരണം അനിവാര്യമാണ്. അധികൃതർ നൽകുന്ന നിർദേശങ്ങൾ അവഗണിക്കാതെ കൃത്യമായി പാലിക്കാൻ ഓരോരുത്തരും സന്നദ്ധരാകണം.



**മുൻ അനുഭവങ്ങൾ ഉണ്ടായിട്ടില്ലെങ്കിലും മാറിയ സാഹചര്യത്തിൽ ദുരന്തസാധ്യത മുന്നറിയിപ്പുകൾ ഉണ്ടെങ്കിൽ അത് എല്ലാവരും പാലിക്കാൻ തയ്യാറാകണമെന്ന് അഭ്യർഥിക്കുന്നു**

മറ്റൊരു പ്രധാന കാര്യം സൂചിപ്പിക്കാനുള്ളത്, മുന്നറിയിപ്പ് സംവിധാനങ്ങളെക്കുറിച്ചാണ്. പ്രളയം, ഉരുൾപൊട്ടൽ, കടൽക്ഷോഭം, ചുഴലിക്കാറ്റുകൾ തുടങ്ങിയ വിവിധ തരത്തിലുള്ള പ്രകൃതിദുരന്തങ്ങളുടെ ആവർത്തനമാണ് സമീപകാലത്ത് ഉണ്ടാകുന്നത്. ഈ വിപത്തുകളെല്ലാം സംഭവിക്കുന്നതിനു പ്രാഥമികമായ കാരണം കാലാവസ്ഥാ വ്യതിയാനം ആണ്. ദുരന്തങ്ങളിൽ ഭൂരിഭാഗവും അതിതീവ്ര മഴയുമായി ബന്ധപ്പെട്ടതാണ്. അതിതീവ്ര മഴ പലപ്പോഴും മുൻകൂട്ടി പ്രവചിക്കപ്പെടുന്നില്ല. പൊതുവായ ആഗോള ഡേറ്റാബേസും മാനദണ്ഡങ്ങളും ഉപയോഗിച്ച് ശരാശരി മഴയാണ് പ്രവചിക്കുന്നത്. എന്നാൽ പൊടുന്നനെ അതിതീവ്രമായ മഴ പെയ്യുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പ്, കേന്ദ്ര ജലകമ്മീഷൻ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ എന്നിങ്ങനെയുള്ള കേന്ദ്ര സ്ഥാപനങ്ങളാണ് മുന്നറിയിപ്പുകൾ നൽകുന്നത്. ഈ മുന്നറിയിപ്പ് രീതിയിൽ കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ എല്ലാവരും തയ്യാറാകേണ്ടതുണ്ട്.

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ദുരന്താഘാതങ്ങൾ ലഘൂകരിക്കാനും കൈകാര്യം ചെയ്യാനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കോട്ടയത്ത് കാലാവസ്ഥ വ്യതിയാന പഠനകേന്ദ്രം എന്ന സ്ഥാപനം (ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ്) ആരംഭിച്ചത് ഈ മേഖലകളിൽ ഗവേഷണം നടത്തി സർക്കാരിന് നയപരമായ ഉപദേശങ്ങൾ നൽകുകയെന്ന ലക്ഷ്യത്തോടെയാണ്. വയനാട്ടിലെ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, ദുരന്തത്തിന്റെ മൂലകാരണത്തെക്കുറിച്ച് വിശദമായ അന്വേഷണവും അത്തരം പ്രകൃതിദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനായുള്ള നയപരമായ ഉപദേശങ്ങളും സമഗ്രമായിത്തന്നെ വേണ്ടതുണ്ട്.

തീവ്രമഴയുടെ പ്രവചനം മെച്ചപ്പെടുത്തുന്നതിനായി കേരളത്തിന് അനുസൃതമായ മോഡൽ പരാമീറ്റേഴ്സ് വികസിപ്പിക്കുന്നതിന് പഠനങ്ങൾ നടത്താൻ കാലാവസ്ഥ



വ്യതിയാന പഠനകേന്ദ്രത്തോട് ആവശ്യപ്പെട്ടും. ഇത്തരം പഠനങ്ങളുടെ ഫലങ്ങളിലൂടെ ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, ചുഴലിക്കാറ്റുകൾ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾക്കുള്ള വിപുലമായ പ്രവചന ഉപാധികൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിന് പ്രത്യേകമായി ഇത്തരം പഠനങ്ങൾ നടത്തുന്നതിന് ആവശ്യമായ മാനവശേഷിയും സൗകര്യങ്ങളും ഈ കേന്ദ്രത്തിന് ലഭ്യമാക്കും.



**വയനാട് ദുരന്തത്തിൽ സമഗ്ര പുനരധിവാസ പാക്കേജാണ് കേരളം കേന്ദ്രത്തോട് ആവശ്യപ്പെടുന്നത്. വയനാട് ദുരന്തം ദേശീയ ദുരന്തമായും അതിതീവ്ര ദുരന്തമായും പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു**

ഇങ്ങനെ ദുരന്തങ്ങൾ മുൻകൂട്ടി അറിയാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുന്നതോടൊപ്പം, ദുരന്താഘാതങ്ങൾ ലഘൂകരിക്കുന്നതിനായി മുൻകരുതലുകൾ തയ്യാറാക്കാനും കഴിയും. ആഘാതത്തിന്റെ വ്യാപ്തി കുറയ്ക്കുവാനും പൊതുസുരക്ഷയും പ്രകൃതിദുരന്തങ്ങൾക്കെതിരായ പ്രതിരോധവും വർധിപ്പിക്കുവാനും ലക്ഷ്യമിട്ടുള്ള ഈ നടപടി അടിയന്തര പ്രാധാന്യത്തോടെ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ദുരിതാശ്വാസനിധി

ദുരന്തബാധിതരെ സഹായിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന സർക്കാർ എല്ലാവിധ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവർക്ക് മറ്റ് എന്ത് പകരം നൽകിയാലും അത് മതിയാകില്ല. എങ്കിലും ദുരിതത്തിൽ സർവതും നഷ്ടപ്പെട്ടവരെ കൈപിടിച്ചുയർത്തേണ്ടതുണ്ട്. 2018 ൽ പ്രളയം ഉണ്ടായപ്പോൾ കേരളമൊട്ടാകെ ഒറ്റക്കെട്ടായി ദുരന്തബാധിതരെ സഹായിക്കാൻ തയ്യാറായി. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് സഹായഹസ്തം ആ ഘട്ടത്തിൽ നീണ്ടു.

അതുപോലെതന്നെ വയനാട്ടിൽ ഇപ്പോൾ ഉണ്ടായ ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്നവരെ എല്ലാവിധത്തിലും സഹായിക്കാൻ നാം ഒരുമിച്ച് ഇറങ്ങേണ്ട സാഹചര്യമാണ്. പല വിധത്തിൽ സഹായങ്ങൾ പ്രഖ്യാപിച്ച് ഇതിനോടകം പലരും മുന്നോട്ടുവന്നിട്ടുണ്ടെങ്കിലും അതൊന്നും മതിയാകില്ല. കൂടുതൽ സഹായങ്ങൾ ഉണ്ടെങ്കിൽ മാത്രമേ എല്ലാ തരത്തിലും നമുക്ക് ആ നാടിനെ പുനർനിർമ്മിക്കാൻ സാധിക്കുകയുള്ളൂ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ നൽകി അവരെ സഹായിക്കാൻ പങ്കാളികളാകണമെന്ന് അഭ്യർഥിക്കുന്നു.

വയനാട്ടിലെ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യണമെന്ന് അഭ്യർഥിച്ചിരുന്നു. ആ അഭ്യർഥന വലിയ തോതിലാണ് ലോകത്താകെയുള്ള ജനങ്ങൾ ചെവിക്കൊള്ളുന്നത്. ലോകരാഷ്ട്രങ്ങൾ അനുശോചനമറിയിച്ചുകൊണ്ട് നമ്മോട് ഐക്യപ്പെട്ടിരുന്നു. അതുപോലെ, ലോകത്താകെയുള്ള സുമനസ്സുകളും സഹായസന്നദ്ധരാവുകയാണ്. ഓക്സ്ഫഡ് വിദ്യാർഥികളിൽ ചിലർ, കേരളത്തെ സഹായിക്കണമെന്നഭ്യർഥിച്ചു തയ്യാറാക്കിയ വീഡിയോ നിങ്ങളുടെ ശ്രദ്ധയിൽ ഉണ്ടല്ലോ.

സി എം ഡി ആർ എഫ് സംഭാവനകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ധനവകുപ്പിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകി സംവിധാനം ഒരുക്കും.

സംഭാവന ചെയ്യുന്നതിനായി donation.cmdrf.kerala.gov.in എന്ന പോർട്ടലിൽ ദുരിതാശ്വാസ നിധിയിലുള്ള വിവിധ ബാങ്കുകളുടെ എല്ലാ അക്കൗണ്ട് നമ്പറുകളും നൽകിയിട്ടുണ്ട്. പോർട്ടലിൽ നൽകിയിരിക്കുന്ന നേരിട്ടുള്ള പേയ്മെന്റ് സംവിധാനം വഴി വിവരങ്ങൾ നൽകി ഓൺലൈൻ ബാങ്കിങ്/ ഡെബിറ്റ് /ക്രെഡിറ്റ് കാർഡുകൾ, യുപിഐ എന്നിവ വഴിയോ അക്കൗണ്ട് നമ്പർ വഴി നേരിട്ടോ സംഭാവന നൽകാം. ഇതിലൂടെ നൽകുന്ന സംഭാവനയ്ക്ക് ഉടൻ തന്നെ നിങ്ങൾക്ക് റെസീപ്റ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കും. യുപിഐ വഴിയുള്ള ഇടപാടുകൾക്ക് 48 മണിക്കൂറിനുശേഷമേ റസീപ്റ്റ് ലഭിക്കൂ. ദുരിതാശ്വാസ നിധിയുടെ പോർട്ടലിലും സോഷ്യൽ മീഡിയ വഴിയും വിവിധ അക്കൗണ്ടുകളുടെ യുപിഐ ക്യൂആർ കോഡ് നൽകിയിരുന്നു. അത് ദുരുപയോഗപ്പെടാനുള്ള സാധ്യത ശ്രദ്ധയിൽ പെട്ടതിനെ തുടർ

ന്ന് ക്യ ആർ കോഡ് സംവിധാനം പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പകരം പോർട്ടലിൽ നൽകിയിട്ടുള്ള യുപിഐ ഐഡി വഴി ഗൂഗിൾ പേയിലൂടെ സംഭാവന നൽകാം.

സിഎംഡിആർഎഫിലേക്കുള്ള പണം അല്ലാതെ വിവിധ വാഗ്ദാനങ്ങൾ പല മേഖലകളിൽ നിന്നും വരുന്നുണ്ട്. വീട് നിർമ്മിക്കാമെന്നും സ്ഥലം നൽകാമെന്നും മറ്റുമുള്ള ഈ ഓഫറുകൾ ലോകം എത്രമാത്രം സ്നേഹാനുകമ്പകളോടെയാണ് നമ്മുടെ സഹോദരങ്ങളുടെ ദുരന്തത്തെ കാണുന്നത് എന്നതിന്റെ ഉത്തമമായ ദൃഷ്ടാന്തമാണ്. ഇത് കോ ഓർഡിനേറ്റ് ചെയ്യാൻ 'ഹെൽപ്പ് ഫോർ വയനാട് സെൽ രൂപീകരിക്കും.

## പുനരധിവാസം

ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടവരുടെ പുനരധിവാസം മികച്ച രീതിയിൽ നടത്താനാവണം എന്നാണ് ആലോചിച്ചിട്ടുള്ളത്. വലിയ അധ്വാനവും മികച്ച ആസൂത്രണവും അനിവാര്യമായ ഈ ഉദ്യമം അതിവേഗം പൂർത്തിയാക്കേണ്ടതുണ്ട്. ഒരു വലിയ ജനവാസമേഖലയാണ് മറഞ്ഞു പോയത്. അതിനു പകരം കൂടുതൽ സുരക്ഷിതമായ മറ്റൊരു പ്രദേശം കണ്ടെത്തി അവിടെ ഒരു ടൗൺഷിപ്പ് തന്നെ നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിനാവശ്യമായ ചർച്ചകൾ ഭരണതലത്തിൽ ആരംഭിച്ചു കഴിഞ്ഞു. ഏറ്റവും മാതൃകാപരമായ രീതിയിൽ ഈ പുനരധിവാസ പദ്ധതി അതിവേഗം പൂർത്തിയാക്കാൻ ലഭ്യമായ എല്ലാ സൗകര്യങ്ങളുമുപയോഗിച്ച് പ്രവർത്തിക്കും.

വെള്ളാർമല സ്കൂളിന്റെ അവസ്ഥ നാമെല്ലാം കണ്ടതാണ്. ആ വിദ്യാലയത്തിൽ കഴിഞ്ഞ ദിവസം വരെ പഠിച്ച അനേകം വിദ്യാർഥികളെ ദുരന്തം കൊണ്ടുപോയി. അവിടെ പഠനം മുടങ്ങിയിരുന്നു. ഈ പ്രതിസന്ധി കാരണം കുട്ടികളുടെ വിദ്യാഭ്യാസത്തിനു മുടക്കം വരാൻ പാടില്ല. ആവശ്യമായ സംവിധാനങ്ങൾ ഉടനടി ഏർപ്പെടുത്തും.

വയനാട് ദുരന്തത്തിൽ സമഗ്ര പുനരധിവാസ പാക്കേജാണ് കേരളം കേന്ദ്രത്തോട് ആവശ്യപ്പെടുന്നത്. വയനാട് ദുരന്തം ദേശീയ ദുരന്തമായും അതിതീവ്ര ദുരന്തമായും പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ദുരന്ത തീവ്രത പരിശോധിച്ചു ഇക്കാര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര ആഭ്യന്തരമന്ത്രാലയം ഒമ്പതംഗ സമിതിയെ നിയമിച്ചിട്ടുണ്ട്. അതിന്റെ ടീം ലീഡർ കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി രാജീവ് കുമാർ ഓഫീസിൽ സന്ദർശിച്ചിരുന്നു. കേന്ദ്രസർക്കാരിൽ നിന്ന് അനുകൂലമായ പ്രതികരണമാണ് ഇതുവരെ ഉണ്ടായിട്ടുള്ളത്. ദുരന്ത ബാധിതരുടെ കുടുംബങ്ങളെ സഹായിക്കാനും പുനരധിവാസത്തിനും ടൗൺഷിപ്പ് അടക്കമുള്ള പ്രവർത്തനങ്ങൾക്കും ദുരന്തത്തിന്റെ ഗൗരവം കണക്കിലെടുത്ത് കേന്ദ്രസർക്കാരിൽ നിന്നുള്ള സഹായം ലഭ്യമാകുമെന്നാണ് പ്രതീക്ഷ. ഇത് സംബന്ധിച്ച് കഴിഞ്ഞ





ദിവസം പ്രധാനമന്ത്രിക്ക് വിശദമായ കത്ത് എഴുതിയിരുന്നു.

മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് ഉരുൾപൊട്ടലിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് മറ്റൊരു വാസസ്ഥലത്തേക്ക് മാറുന്നതിന് സംസ്ഥാന സർക്കാർ അടിയന്തര സഹായം നൽകും.

ജീവനോപാധി നഷ്ടപ്പെട്ട കുടുംബത്തിലെ പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300 രൂപ വീതം ദിവസവും നൽകും. ഇപ്രകാരം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. കിടപ്പുരോഗികളോ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗികളോ ഉള്ള കുടുംബങ്ങൾക്ക് ഈ ആനുകൂല്യം കുടുംബത്തിൽ മൂന്ന് പേർക്ക് എന്ന നിലയിൽ നൽകും. 30 ദിവസത്തേക്കാണ് തുക നൽകുന്നത്. ഇപ്പോൾ ക്യാമ്പിൽ കഴിയുന്ന ഓരോ കുടുംബത്തിനും അടിയന്തര ധനസഹായമായി പതിനായിരം രൂപ വീതം അനുവദിക്കും.

മുണ്ടക്കൈ, ചൂരൽമല പ്രദേശത്തെ ദുരന്തത്തെ തുടർന്ന് ക്യാംപുകളിൽ കഴിയുന്നവർക്ക് മറ്റൊരു വാസസ്ഥലത്തേക്ക് തിരിച്ചു പോകുമ്പോൾ സർക്കാർ ഉടമസ്ഥതയിലോ മറ്റു പൊതു ഉടമസ്ഥതയിലോ മാറാൻ കഴിയും വിധമുള്ള താമസസൗകര്യം ഒരുക്കാനാകുമോ എന്നതിൽ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വാടക നിശ്ചയിച്ച് അനുവദിക്കും.

നൂറുകണക്കിന് ജീവൻ കവർന്ന, 2018ലെ പ്രളയം വിതച്ച തീവ്രദുരന്തത്തെയും ലോകമാകെയെന്നപോലെ കേരളത്തെയും പിടിച്ചുലച്ച കോവിഡ് മഹാമാരിയെയും നാം ഒരേമനസ്സോടെ അതിജീവിച്ചു. ഇച്ഛാശക്തിയോടെ ആ ദുരിതകാലങ്ങളെ തരണം ചെയ്യാനും നാടിന് ആശ്വാസം പകരാനും സംസ്ഥാനസർക്കാരിനായത് ജനങ്ങളുടെ നിർലോഭമായ പിന്തുണയാലാണ്. വിദ്വേഷത്തിന്റെയും വിഭാഗീയതകളുടെയും എല്ലാ വിധ മതിൽക്കെട്ടുകളെയും പൊളിച്ചുകൊണ്ടാണ് നാം അന്ന് മുന്നോട്ടുനീങ്ങിയത്. ഈ മഹാദുരന്തത്തിന്റെ ആഘാതങ്ങളിൽനിന്ന് വയനാടിനെ കൈപിടിച്ചുയർത്താനും അത്തരമൊരു ചേർന്നുനിൽക്കൽ ലോകമെമ്പാടുമുള്ള കേരളീയരിൽ നിന്നുണ്ടാകുമെന്ന് പ്രത്യാശിക്കുന്നു. ■

കെ.രാജൻ
റവന്യൂ മന്ത്രി

വയനാട്ടിലെ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകാൻ മന്ത്രിസഭാ ഉപസമിതിയുടെ ഭാഗമായി എത്തിയ റവന്യൂ മന്ത്രി കെ.രാജൻ ആ ദിനങ്ങളുടെ ഓർമ്മകളിലൂടെ കടന്നുപോവുന്നു



# ഉള്ളുലയുമ്പോഴും കൈ കോർത്ത രക്ഷാദൗത്യം

കേരളത്തിന്റെ ഉള്ളുലച്ച മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിനെക്കുറിച്ച് ചൊവ്വാഴ്ച (ജൂലായ് 30) പുലർച്ചെ മൂന്നു മണിയോടുകൂടിയാണ് അറിയുന്നത്. അപ്പോൾ മുതൽ രക്ഷാദൗത്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചു.

ഉരുൾപൊട്ടലുണ്ടായ ഉടനെ രക്ഷകരായി നാട്ടുകാർ കൈയും മെയ്യും മറന്ന് ഓടിയെത്തി. ചവിട്ടിയാൽ കാൽ താഴ്ന്നുപോകുന്നത്ര ചെളിയിൽ വീടുകളിലും അടിഞ്ഞുകൂടിയ മണ്ണിലുമായി കുടുങ്ങിക്കിടക്കുന്നരെ പുറത്ത് എത്തിക്കാൻ ആവുന്നത്ര അവർ പരിശ്രമിച്ചു. വിവരം പുറംലോകം അറിഞ്ഞപ്പോഴേക്കും ആംബുലൻസുകളടക്കം രക്ഷാസംവിധാനങ്ങൾ അപകടസ്ഥലത്ത് എത്തിക്കൊണ്ടിരുന്നു. മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള ഉപകരണങ്ങളും മണ്ണുമാന്തി യന്ത്രങ്ങളും എത്തിയതോടെ കുടുങ്ങിക്കിടക്കുന്നവരെ വേഗത്തിൽ പുറത്തെടുക്കാനായി.

രാവിലെ അഞ്ചുമണിയോടെ മുഖ്യമന്ത്രി തന്നെ നേരിട്ട് വിളിച്ച് ഹെലികോപ്റ്ററിൽ വയനാട്ടിലേക്ക് തിരിക്കാൻ നിർദേശം നൽകി. തുടർന്ന് റവന്യൂ, പൊതുമരാമത്ത്-ടൂറിസം, പട്ടികജാതി - പട്ടികവർഗ വകുപ്പ് മന്ത്രിമാരും ലാൻഡ് റവന്യൂ കമ്മിഷണറും സർവെ ഡയറക്ടറും വയനാട്ടിലേക്ക് തിരിച്ചു.

## എങ്ങും നൊമ്പരക്കാഴ്ചകൾ

വയനാട്ടിൽ എത്തുമ്പോഴുള്ള അവസ്ഥ വേദനിപ്പിക്കുന്നതായിരുന്നു.



ഞങ്ങൾ എത്തുമ്പോൾ ജില്ലയുടെ ചുമതലയുള്ള മന്ത്രി എ. കെ ശശീന്ദ്രൻ അവിടെ ക്യാമ്പ് ചെയ്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയായിരുന്നു.

രാജ്യം ഇതുവരെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള ഭീകരമായ ഉരുൾപൊട്ടൽ ആണ് നടന്നതെന്ന് നേരിട്ട് മനസ്സിലായി. ഞങ്ങൾ എത്തുമ്പോൾ ജില്ലയുടെ ചുമതലയുള്ള മന്ത്രി എ. കെ ശശീന്ദ്രൻ അവിടെ ക്യാമ്പ് ചെയ്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയായിരുന്നു. ചൂരൽമലയിൽ നിന്നും മറുകരയിലേക്കുള്ള പാലം മഴവെള്ളപ്പാച്ചിലിൽ ഒലിച്ചു പോയതിനെത്തുടർന്ന്, ഒറ്റപ്പെട്ടു പോയ മുണ്ടക്കൈയിലും സമീപ പ്രദേശങ്ങളിലും സഹായമെത്തിക്കാൻ പരമാവധി ശ്രമങ്ങൾ നടത്തുന്നുണ്ടായിരുന്നു. മറുകരയിലേക്ക് ഒരു വിധത്തിലും കടന്നുചെല്ലാൻ കഴിയാത്ത വിധം അതിഭീകരമായ കുത്തൊഴുക്കാണ് പുഴയിൽ കണ്ടത്. ഉരുൾപൊട്ടൽ ഉണ്ടായ ഭാഗത്തു കൂടെത്തന്നെ എൻഡിആർഎഫും സന്നദ്ധപ്രവർത്തകരും രക്ഷാപ്രവർത്തനത്തിനായി മറുകരയെത്താൻ വളരെ സാഹസികമായി പരിശ്രമിക്കുകയായിരുന്നു. സുരക്ഷിതമായ ഒരിടത്തേക്ക് മാറണമെന്ന ആഗ്രഹത്തോടെ, പുഴയുടെ മറുകരയിലുള്ള മുണ്ടക്കൈ, പുഞ്ചിരിമട്ടം, മസ്ജിദ്, ബംഗ്ലാവ്, റിസോർട്ട് മേഖലകൾ കേന്ദ്രീകരിച്ചുകൊണ്ട് കൂട്ടം കൂടി നിൽക്കുന്ന നിരവധി ആളുകളുടെ നിലവിളികൾ മനസ്സിനെ വല്ലാതെ ഉലയ്ക്കുന്നതായിരുന്നു.

## ജീവൻ രക്ഷിക്കാൻ മുൻഗണന

പ്രതീക്ഷ കൈവിടാതെ, പരമാവധി ജീവനുകൾ രക്ഷിക്കുക എന്നതായിരുന്നു മുഖ്യപരിഗണന. പലയിടത്തായി കുടുങ്ങിപ്പോയ എല്ലാവരെയും കണ്ടെത്തി സുരക്ഷിത സ്ഥാനങ്ങളിലെത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ നടത്തിയത്. ജീവന്റെ ഒരു തുടിപ്പ് എങ്കിലും ഉണ്ടെങ്കിൽ അത് കണ്ടെത്തി രക്ഷപ്പെടുത്താനാണ് സ്വജീവൻ പണയപ്പെടുത്തിയും രക്ഷാപ്രവർത്തകർ ശ്രമിച്ചത്.

ഞങ്ങൾ അവിടെ നിൽക്കുമ്പോൾ ഉച്ചയ്ക്ക് 2.30 ന് വീണ്ടും മണ്ണിടിച്ചിലുണ്ടായി. പുഴയ്ക്ക് അപ്പുറത്തുള്ള ആളുകളെ ഇരുട്ടുന്നതിനു മുൻപ് ഇക്കരെ എത്തിക്കുക എന്നതിനു പ്രാധാന്യം നൽകി.

ഉച്ചക്ക് ഒരു മണിയോടെ എൻഡിആർഎഫ് സംഘം പുഴക്ക് കുറുകെ വടങ്ങൾ കെട്ടി മറുകര കടന്നു. പക്ഷേ ആളുകൾ പല പ്രദേശങ്ങളിലെ വിവിധ കേന്ദ്രങ്ങളിലായാണ് കൂടി നിന്നിരുന്നത്. അവരെ രാത്രിക്ക് മുമ്പ് ഇക്കരെ എത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ എത്ര സുരക്ഷിതത്വം കൊടുത്താലും അവർ മാനസികമായി തകർന്നുപോകും എന്നതായിരുന്നു അവസ്ഥ. അത്രയ്ക്കും ഭീകരമായിരുന്നു, ദുരന്തക്കാഴ്ചകൾ.

പരമാവധി ആളുകളെ കഴിയും വേഗത്തിൽ പുറത്ത് എത്തിക്കാനായി എൻഡിആർഎഫ്, ഫയർഫോഴ്സ്, പൊലീസ് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് തുടങ്ങിയ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഊർജിതമായി. ആളുകൾ കൂടിനിൽക്കുന്ന ഒറ്റപ്പെട്ട കേന്ദ്രങ്ങളിലേക്ക് അഞ്ച് വീതം എൻഡിആർഎഫ് സംഘങ്ങളെ എത്തിച്ചു. ഭക്ഷണം, വെള്ളം, വെളിച്ചം തുടങ്ങിയവ ലഭ്യമാക്കി സുരക്ഷാബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികളാണ് തുടർന്ന് സ്വീകരിച്ചത്. ഒരു ഘട്ടം കഴിഞ്ഞപ്പോൾ നാലു കേന്ദ്രങ്ങളിലായി കൂടി നിന്നവരെ പുഴയുടെ സമീപത്തെത്തിക്കാൻ കഴിഞ്ഞു. ഏതാണ്ട് അഞ്ചരമണിയോടുകൂടി നിലവിലുള്ള സേനാംഗങ്ങളുടെയും നാട്ടുകാരുടെയും സഹായത്തോടു കൂടി അവിടെ കിട്ടിയ കവുങ്ങ് വടികൾ, കോണികൾ, വടം മുതലായ സാമഗ്രികൾ ഉപയോഗപ്പെടുത്തി പുഴയുടെ ഡൈവർഷനുള്ള ഒരിടത്ത് ചവിട്ടുപാലം ഉണ്ടാക്കി 486 പേരെ സുരക്ഷിതമായി പുറത്തു എത്തിക്കാൻ കഴിഞ്ഞു. കനത്ത മഴയും വെളിച്ചക്കുറവും മൂലം രാത്രിയിൽ രക്ഷാപ്രവർത്തനം ദുഷ്കരമായിരുന്നു.

## ഉയരുന്ന മരണസംഖ്യ

എൻഡിആർഎഫ് സംഘാംഗങ്ങൾ,



ആശുപത്രിയിൽ കഴിയുന്നവരെ ആശ്വസിപ്പിക്കുന്ന മന്ത്രിമാരായ കെ. രാജനും പി എ മുഹമ്മദ് റിയാസും

പ്രാദേശിക സന്നദ്ധപ്രവർത്തകർ എന്നിവരുടെ സഹായത്തോടെ അപ്പുറത്ത് കുടുങ്ങിക്കിടന്ന മുഴുവൻ ആളുകളെയും പിറ്റേന്ന് രാവിലെയോടെ പുറത്ത് എത്തിച്ചു. ടൂറിസ്റ്റുകൾ, തേയിലത്തോട്ടങ്ങളിൽ ജോലി ചെയ്യുന്ന അതിഥിത്തൊഴിലാളികൾ, ആദിവാസികൾ തുടങ്ങിയവരെ തിരികെയെത്തിക്കാൻ കഴിഞ്ഞു. വിവിധ ഇടങ്ങളിലായി തിരച്ചിൽ നടത്തി കണ്ടെത്തി കൊണ്ടുവരുന്ന മൃതദേഹങ്ങൾ... ഓരോ നിമിഷവും മരണ സംഖ്യ ഉയരുകയായിരുന്നു. സൈന്യത്തിന്റെ മിലിട്ടറി എഞ്ചിനീയറിങ്ങ് ഗ്രൂപ്പും ഡിഫൻസ് സർവീസ് കോർപ്സ്, തമിഴ്നാട്ടിൽ നിന്നുള്ള ഫയർ ആൻഡ് റസ്ക്യൂ സേനാംഗങ്ങൾ ഉൾപ്പെടെ 18 ഓളം വിഭാഗങ്ങൾ രക്ഷാപ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളായി. സന്നദ്ധപ്രവർത്തവർ എന്ത് സേവനവും ചെയ്യാൻ തയ്യാറായി ധാരാളമായി എത്തിച്ചേർന്നുകൊണ്ടിരുന്നു. രണ്ടു ദിവസത്തെ തിരച്ചിലിനുശേഷവും ചൂരൽമലയിലേക്ക് കടക്കാൻ വഴിയില്ലാതെ ഒരു കെട്ടിടത്തിനകത്ത് കുടുങ്ങിപ്പോയ നാലു പേരെ ജീവനോടെ മൂന്നാം ദിവസം രക്ഷിക്കാൻ കഴിഞ്ഞു എന്നത് രക്ഷാദൗത്യത്തിൽ പ്രതീക്ഷ ഉണർത്തിയ കാര്യമായിരുന്നു.

ഒരു രാത്രിയും ഒരു പകലും അതിനിടയിൽ പെരുമഴയും ദുരന്തങ്ങൾക്ക് തോൽപ്പിക്കാൻ കഴിയാത്ത കരുത്തുമായി ചൂരൽമലയിൽ സൈന്യം ഉരുക്കുപാലം നിർമ്മിച്ചു. മദ്രാസ് എഞ്ചിനീയറിങ്ങ് ഗ്രൂപ്പിലെ സൈനികരാണ് കുത്തിയൊഴുന്ന മലവെള്ളപ്പാച്ചിലിന് മുകളിലൂടെ ബെയ്‌ലി പാലം നിർമ്മിച്ചത്. വ്യാഴാഴ്ച (ആഗസ്റ്റ് 1) വൈകിട്ട് അഞ്ച് മണിയോടെ മേജർ ജനറൽ പി. ടി മാത്യുവിന്റെ വാഹനവും സൈന്യത്തിന്റെ ആദ്യ മെഡിക്കൽ യൂണിറ്റും അതിലൂടെ മുണ്ടക്കൈ മലയുടെ നെറുകിലേക്ക് ആദ്യമായി കടന്നുപോയപ്പോൾ, ഇരുകരകൾക്കിടയിലും അതൊരു ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും പുതിയ പാലമായി.

നേരത്തെ താൽക്കാലികമായി നിർമ്മിച്ച നടപ്പാലം കടന്നായിരുന്നു രക്ഷാപ്രവർത്തകർ ദുരന്തമേഖലയുടെ തുടക്കമായ മുണ്ടക്കൈ, പുഞ്ചിരിമട്ടം പ്രദേശങ്ങളിലേക്ക് കടന്നു പോയിരുന്നത്. മലമുകളിൽ നിന്നും രക്ഷാപ്രവർത്തകർ താഴേക്ക് മൃതദേഹങ്ങൾ എത്തിക്കാൻ ഏറെ ബുദ്ധിമുട്ടിയിരുന്നു. അട്ടമല ഗ്രാമവാസികളും ചൂരൽമലയിലെ പഴയ



പാലം ഉരുൾപൊട്ടലിൽ തകർന്നതോടെ ഒറ്റപ്പെട്ടിരുന്നു. അവർക്കെല്ലാം ആശ്വാസമായാണ് ബെയ്‌ലി പാലം യാഥാർഥ്യമായത്.

## ഒത്തൊരുമിച്ച് പ്രവർത്തനങ്ങൾ

നഷ്ടങ്ങൾ കണക്കാക്കാൻ പറ്റാത്ത വിധം ഭീകരമായ തകർച്ചയിലാണ് ദുരന്തമേഖല. ദുരന്തബാധിതരെ കൈ പിടിച്ചുയർത്താൻ മുഴുവൻജനങ്ങളുംകൈകോർത്ത്നമ്മുടെകൂടെയുണ്ട് എന്നുള്ളതാണ് പ്രത്യേകത. ഏതെങ്കിലും പ്രത്യേക വകുപ്പിന്റെ നേതൃത്വത്തിൽ മാത്രമല്ലാതെ, എല്ലാവരും ചേർന്ന്, സവിശേഷമായ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത്. ദുരന്തത്തിൽ മരണമടഞ്ഞവരിൽ ബന്ധുക്കൾ തിരിച്ചറിഞ്ഞമൃതദേഹങ്ങൾസംസ്കരിക്കാൻഅവർക്ക് കൈമാറി. തിരിച്ചറിയാൻ കഴിയാത്ത മൃതശരീരങ്ങളുംശരീരഭാഗങ്ങളും ഉണ്ടായിരുന്നു. അവ സംസ്കരിക്കാനുള്ള നടപടികൾ വളരെ സങ്കീർണമായിരുന്നു. ഹാരിസൺ മലയാളത്തിന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും ആദ്യം 65 സെന്റും പിന്നീട് 25 സെന്റ് ഭൂമിയും ജില്ലാ ദുരന്തനിവാരണ അതോറിറ്റി (ഡിഡിഎംഎ) ചെയർപേഴ്സൺ എന്ന നിലയിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഏറ്റെടുത്താണ് നടപടി പൂർത്തിയാക്കിയത്. ഏറ്റെടുക്കാൻ ആളില്ലാത്ത മൃതശരീരങ്ങളും ശരീരഭാഗങ്ങളും മറവ് ചെയ്യുന്നതിന് മുമ്പ് ഡിഎൻഎ ടെസ്റ്റ് നടത്തേണ്ടിയിരുന്നു. മൃതദേഹത്തിലോ ശരീരഭാഗങ്ങളിലോ ആളെ പിന്നീട് തിരിച്ചറിയാൻ കഴിയുംവിധം വ്യക്തമായി പ്രത്യേക കോഡ് രേഖപ്പെടുത്തി.

രേഖപ്പെടുത്തിയ ഈ നമ്പറുകൾ മാഞ്ഞു പോകാതിരിക്കാൻ പ്ലാസ്റ്റിക് കുപ്പികളിലാക്കി കുഴിയിൽ വയ്ക്കണം. മറവുചെയ്യു സ്ഥലത്ത് നാട്ടുന്ന പോസ്റ്റിലും നമ്പർ വ്യക്തമായി പ്രദർശിപ്പിക്കണം. മൃതശരീരങ്ങൾക്ക് കുഴിയെടുക്കുന്നത് പോലെ തന്നെ, എത്ര ചെറുതാണ് ശരീരഭാഗങ്ങളെങ്കിലും പൂർണ്ണമായ മൃതദേഹം മറവ് ചെയ്യുമ്പോഴത്തെപ്പോലെ വളരെ കൃത്യതയോടെ പിന്നീട് തിരിച്ചറിയാൻ സാധിക്കുന്ന വിധമാകണം സംസ്കാരം നടത്തേണ്ടത്.

ഓരോ കുഴിയിലും മൃതദേഹങ്ങൾ സംസ്കരിക്കുമ്പോൾ ഒരു സർക്കാർ ഉദ്യോഗസ്ഥനും ഒരു സന്നദ്ധപ്രവർത്തകനും ഒപ്പം ഉണ്ടാവും. കാണാതായവരുടെ ബന്ധുക്കളുടെ രക്ത സാമ്പിൾ എടുത്ത് മൃതദേഹത്തിന്റേതുമായി ഒത്തുനോക്കി പരിശോധിക്കുമ്പോൾ മാത്രമാണ്, ഇത് ആരുടേതാണെന്ന് മനസ്സിലാക്കാൻ കഴിയുക. അങ്ങനെ തിരിച്ചറിയുന്ന ഘട്ടത്തിൽ അവിടെ, ഏത് കുഴിയിലാണോ ബന്ധുവിന്റെ മൃതദേഹഭാഗങ്ങൾ മറവ് ചെയ്തത് എന്ന് കൃത്യമായി മനസ്സിലാക്കാൻ കഴിയുംവിധം ചിട്ടയോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. വളരെ സങ്കീർണ്ണങ്ങളായ ഇത്തരം പ്രശ്നങ്ങളെ തരണം ചെയ്യാൻ ഉദ്യോഗസ്ഥരുടെയും നൂറുകണ



ക്കിന് സന്നദ്ധപ്രവർത്തകരുടെയും ഒരുമിച്ചുള്ള പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചു. കനത്ത മഴയ്ക്കും രാത്രിയിലെ ഏറെ വൈകിയ നടപടിക്രമങ്ങൾക്കും ഇച്ഛാശക്തിയോടെയുള്ള അവരുടെ കർമ്മനിരതയെ തടസ്സപ്പെടുത്താൻ ആയില്ല.

മൃതശരീരഭാഗങ്ങൾ പൊതിഞ്ഞ പാക്കറ്റുകൾ ആരുടേതാണെന്ന് പോലും അറിയാതെ, സ്വന്തം രക്തബന്ധുവിന്റേതു പോലെ കരുതിയ ചെറുപ്പക്കാരുടെ സന്നദ്ധസംഘം എല്ലാ ആദരവോടും കൂടിയാണ് സംസ്കരിക്കുന്നതിനായി കുഴിയിലേക്ക് എത്തിച്ചു കൊണ്ടിരുന്നത്. മതമോ ജാതിയോ പേരോ അറിയാത്ത മനുഷ്യർക്കു വേണ്ടി സർവമതങ്ങളുടെയും പ്രാർഥനകൾ മുഴങ്ങി. പൊലീസും ജനപ്രതിനിധികളും മന്ത്രിമാരും അന്ത്യോപചാരങ്ങൾ അർപ്പിച്ചു. ഒരുപക്ഷേ, രാജ്യം തന്നെ ഇതുവരെ കണ്ടിട്ടില്ലാത്ത വിധം, ഏറ്റവും ചിട്ടയായ സംസ്കാര ചടങ്ങുകളാണ് ഒരു നാടിന്റെ ഒത്തൊരുമയിൽ നടന്നത്. ദുരന്തമുഖങ്ങളിൽ മലയാളികളുടെ കൈമുതലായ ഒത്തൊരുമ എന്ന സവിശേഷമായ ശീലത്തിന്റെ മറ്റൊരു മാതൃകയായി.

## കാണാതായവരെ തേടി

കാണാതായവർക്കു വേണ്ടി എല്ലാവിധത്തിലും പഴുതടച്ച അന്വേഷണമാണ് നടന്നുകൊണ്ടിരിക്കുന്നത്. മുണ്ടക്കൈക്ക് ചുറ്റുമുള്ള 10, 11, 12 വാർഡുകളിലെ ദുരന്ത ബാധിത പ്രദേശത്തെ ആറ് സോണുകളായി തിരിച്ച് 40 ടീമുകളായാണ് ആദ്യ ദിനങ്ങളിൽ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നത്. സിവിൽ ഡിഫൻസ് ഉൾപ്പെടെ ഫയർഫോഴ്സ്, ദേശീയ ദുരന്തനിവാരണ സേനാംഗങ്ങൾ, വനം വകുപ്പ് ഉദ്യോഗസ്ഥർ, പൊലീസ് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് അംഗങ്ങൾ, സായുധ സേനകളിലെ വിവിധ വിഭാഗങ്ങളായ മിലിറ്ററി എൻജിനീയറിങ് ഗ്രൂപ്പ്, ഇലക്ട്രോണിക്സ് ആൻഡ് മെക്കാനിക്കൽ എൻജിനീയേഴ്സ് ബ്രാഞ്ച്, ടെറിട്ടോറിയൽ ആർമി, ഡിഫൻസ് സെക്യൂരിറ്റി ഫോഴ്സ്, നേവി, കോസ്റ്റ് ഗാർഡ് എന്നിവയിലെ അംഗങ്ങൾ, തമിഴ്നാട് ഫയർഫോഴ്സ്, കേരള പൊലീസ് ഇന്ത്യൻ റിസർവ് ബെറ്റാലിയൻ അംഗങ്ങൾ എന്നിങ്ങനെ ആയിരത്തി അഞ്ഞൂറോളം പേരാണ് സേനാവിഭാഗത്തിൽ രക്ഷാപ്രവർത്തനങ്ങളിൽ കർമ്മ നിരതരായി ഉണ്ടായിരുന്നത്. വിവിധ സേനാംഗങ്ങളെ സഹായിക്കാൻ ആയിരത്തിലേറെ സന്നദ്ധ പ്രവർത്തകരും തുടർച്ചയായി ആ പ്രദേശത്ത് വന്നു പ്രവർത്തിച്ചു. ചാലിയാർ പുഴയുടെ പോത്തുകല്ല് വരെയുള്ള 40 കിലോമീറ്റർ ദൂരത്തും അതിന്റെ തീരങ്ങളിലും പലതവണ തിരച്ചിലിനു വിധേയമായി. മനുഷ്യർക്ക് കടന്നുചെല്ലാൻ പറ്റാത്ത പ്രദേശങ്ങളിൽപോലും ഹെലിലിഫ്റ്റിങ്ങിലൂടെ സൂക്ഷ്മമായ പരിശോധന നടത്തി.

> 
>
> **വളരെ സങ്കീർണ്ണങ്ങളായ ഇത്തരം പ്രശ്നങ്ങളെ തരണം ചെയ്യാൻ ഉദ്യോഗസ്ഥരുടെയും നൂറുകണക്കിന് സന്നദ്ധപ്രവർത്തകരുടെയും ഒരുമിച്ചുള്ള പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചു.**

## ക്യാമ്പുകളിലെ കരുതൽ

അച്ഛനമ്മമാരെ വിളിച്ചു കൊതി തീരുംമുമ്പ് ബന്ധുക്കളെയെല്ലാം നഷ്ടപ്പെട്ടവർ, മക്കളും പേരക്കുട്ടികളും ഒരുമിച്ച് നഷ്ടമായവർ, അടുത്ത് നിൽക്കെ ആത്മബന്ധമുള്ളവർ, ചെളിയിലൂടെ മണ്ണിലേക്ക് താഴ്ന്നു പോയപ്പോൾ, നിസ്സഹായതയോടെ നോക്കി നിൽക്കേണ്ടിവന്നവർ, ക്യാമ്പുകളിലും ആശുപത്രികളിലും മൃതദേഹങ്ങൾക്കിടയിലും എത്രയോ തവണ തിരഞ്ഞിട്ടും കാണാതെ പോയ പ്രിയപ്പെട്ടവർ ഒരുനാൾ ഉറക്കെ പേരു വിളിച്ചു കൊണ്ട് കയറിവരുമെന്ന പ്രതീക്ഷയോടെ കാത്തിരിക്കുന്നവർ... നഷ്ടപ്പെട്ടതൊന്നും തിരിച്ചുകൊടുക്കാനായില്ലെങ്കിലും കഴിയാവുന്ന എല്ലാവിധ സഹായങ്ങളും ഒരുക്കിയാണ് ക്യാമ്പുകളുടെ സംഘാടനം. സുരക്ഷിതമായ അന്തരീക്ഷത്തിൽ ആരോഗ്യകരമായ ജീവിതസാഹചര്യം ഒരുക്കിയാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. ഭക്ഷണവും വൈദ്യസഹായവും മുതൽ മാനസിക പിന്തുണ നൽകുന്നതിനുള്ള കൗൺസിലർമാർ വരെ ക്യാമ്പുകളിൽ ഉണ്ട്.

ദുരിതാശ്വാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചിട്ടയായ പ്രവർത്തനമാണ് വയനാട് ജില്ലയിലെ സർക്കാർ സംവിധാനം നടത്തുന്നത്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ ചുമതല നിർവഹിക്കാൻ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ രാപ്പകലില്ലാ



തെ കൽപ്പറ്റയിലെ സിവിൽ സ്റ്റേഷനിലും ചൂരൽമലയിലെ താൽക്കാലിക കൺട്രോൾ റൂം കേന്ദ്രമാക്കിയും പ്രവർത്തിക്കുന്നു. രക്ഷാപ്രവർത്തനങ്ങളുടെ ഏകോപനം, ടെക്നിക്കൽ ടീം, ദുരിതാശ്വാസക്യാമ്പുകളുടെ പ്രവർത്തനം, വിവരശേഖരണം, ആരോഗ്യപ്രശ്നബാധിതരുടെ പരിപാലനം, മൃതശരീരങ്ങളുടെ സൂക്ഷിപ്പും കൈമാറ്റവും സംസ്കരണവും, കാണാതായവരുടെ വിവരശേഖരണം അതിഥി തൊഴിലാളികളുടെ പരിചരണം, രജിസ്ട്രേഷൻ, ഡാറ്റാ മാനേജ്മെന്റ്, കോൾ സെന്റർ മാനേജ്മെന്റ്, ദുരിതാശ്വാസ സാമഗ്രികളുടെ സംഭരണ, വിതരണ മാനേജ്മെന്റ്, മാലിന്യ സംസ്കരണം എന്നിങ്ങനെ പതിനഞ്ചിലധികം സംഘങ്ങളായി ആയിരത്തിലധികം ജീവനക്കാരാണ് കളക്ടറേറ്റിലും മുണ്ടക്കൈ ചൂരൽമലയിലുമായി പ്രവർത്തിക്കുന്നത്. ദുരന്തബാധിതർക്കായി ശേഖരിക്കുന്ന സാധനങ്ങൾ ശരിയായ കൈകളിൽ തന്നെ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിങ് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ സമാഹരണകേന്ദ്രങ്ങളിൽ എത്തുന്ന സാധനങ്ങളുടെ ഇൻപുട്ട് വിവരങ്ങളും ക്യാമ്പുകളിലേക്ക് വിതരണത്തിന്റെ വിവരങ്ങളും സോഫ്റ്റ്‌വെയർ മുഖേന കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. സാധനസാമഗ്രികളുടെ കേന്ദ്രീകൃത സംഭരണ കേന്ദ്രത്തിൽ ഇൻപുട്ട് രേഖപ്പെടുത്തലും കളക്ഷൻ സെന്ററുകളിലെ ആവശ്യങ്ങൾ മനസ്സിലാക്കാനും സോഫ്റ്റ്‌വെയറിലൂടെ കഴിയും. മുഴവൻ സാധനങ്ങളുടെയും സ്റ്റോക്ക് റിപ്പോർട്ട്, അത്യാവശ്യമായി വേണ്ട സാധനങ്ങൾ, സ്റ്റോക്ക് കുറവുള്ള സാധനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഇതിൽ നിന്നും അറിയാം. വിതരണകേന്ദ്രത്തിലെ സുതാര്യത ഉറപ്പാക്കുന്നതോടൊപ്പം വസ്തുക്കൾ പാഴാവാതെ ക്യാമ്പുകളിൽ അവശ്യാനുസരണം വേഗത്തിൽ എത്തിക്കാൻ കഴിയും. കൊച്ചിയിൽ പ്രവർത്തിക്കുന്ന ഫെയർ കോഡ് ഐടി കമ്പനിയാണ് സോഫ്റ്റ്‌വെയർ സജ്ജമാക്കിയത്.



ദുരന്തമേഖലയിൽ രക്ഷാപ്രവർത്തകർക്കായി സാമൂഹിക അടുക്കള സജ്ജീകരിച്ചാണ് മുടങ്ങാതെ ഭക്ഷണമെത്തിക്കുന്നത്. മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിൽ സജ്ജ

മാക്കിയ പാചകപ്പുരയിൽ കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ ആണ് ഭക്ഷണങ്ങൾ തയ്യാറാക്കി നൽകുന്നത്. തഹസിൽദാരാണ് ഭക്ഷണ വിതരണത്തിന്റെ നോഡൽ ഓഫീസർ. ഏഴായിരത്തോളം ഭക്ഷണപ്പൊതികളാണ് ദുരന്ത മേഖലകളിൽ വിതരണം ചെയ്യുന്നത്. ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഏകോപനം സ്പെഷ്യൽ ഓഫീസറായ തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടറും സർവേ ഡയറക്ടറുമായ ശ്രീറാം സാംബശിവ റാവു ആണ് നിർവഹിക്കുന്നത്.

## പുനരധിവാസം

ഇനി അടുത്ത ഘട്ടത്തിൽ ക്യാമ്പുകളിൽ നിന്നും വാടക വീട്ടുകളിലേക്ക് അല്ലെങ്കിൽ അടച്ചുറപ്പായ മറ്റ് ഇടങ്ങളിലേക്ക്, ഓരോരുത്തർക്കും സ്വകാര്യതയോടെ താമസിക്കാൻ കഴിയുന്ന വിധം സംവിധാനം ഒരുക്കണം. അതിനുശേഷം സ്ഥിരമായ പുനരധിവാസത്തിലേക്ക് കടക്കണം. ദുരന്തബാധിതരെ ചേർത്ത് പിടിക്കാൻ ഒരു ടൗൺഷിപ്പ് എന്ന



**എല്ലാ മന്ത്രിമാരും ദുരന്തഭൂമിയിലെത്തി ദുരിതബാധിതരെ ചേർത്ത് പിടിക്കാനും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും മുന്നിലുണ്ടായി**

ആശയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇതിനകം അവതരിപ്പിച്ചുകഴിഞ്ഞു. ഈ ആശയം എല്ലാവരാലും സ്വീകരിക്കപ്പെടുകയാണ്. വിവിധ മേഖലകളിലെ വിദഗ്ധരുടെയും ജനങ്ങളുടെയും സഹകരണത്തോടെയും അഭിപ്രായങ്ങളോടും കൂടി ആശയം വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. പുനരധിവാസം എന്നാൽ, കേവലം ഭൂമിയും വീടും മാത്രമാകില്ല; എല്ലാം നഷ്ടപ്പെട്ട മനുഷ്യരെ ചേർത്ത് പിടിച്ച് സനാഥത്വത്തിലേക്ക് നയിക്കുന്ന ഒരു പ്രക്രിയയായിരിക്കും. ലോകം തന്നെ ശ്രദ്ധിക്കുന്ന വിധം ഒരു കേരളമാതൃക ആയിരിക്കും അത്.

എല്ലാ മന്ത്രിമാരും ദുരന്തഭൂമിയിലെത്തി ദുരിതബാധിതരെ ചേർത്ത് പിടിക്കാനും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും മുന്നിലുണ്ടായി. മന്ത്രിസഭ ഉപസമിതി അംഗങ്ങളായ വനം വകുപ്പ് മന്ത്രി, പൊതുമരാമത്ത് മന്ത്രി, പട്ടിക ജാതി, പട്ടിക വർഗ ക്ഷേമ വകുപ്പ് മന്ത്രി, റവന്യൂവകുപ്പ് മന്ത്രി എന്നിവരും ചുമതലപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും കൃത്യമായ യോഗങ്ങളിലൂടെ എല്ലാ ദിവസവും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതിന് നേതൃത്വം നൽകി. വിവിധ രാഷ്ട്രീയ, സാമൂഹിക സംഘടനകളും നേതാക്കളും സ്ഥാപനങ്ങളും രക്ഷാ, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളായി. ഇതിനുപുറമേ മനസ്സറിഞ്ഞ് ഇറങ്ങിയിട്ടുള്ള നൂറുകണക്കിന് ചെറുപ്പക്കാരുടെ വിവിധ സംഘങ്ങൾ, എന്ത് സഹായവും ചെയ്യാൻ തയ്യാറായി നിൽക്കുന്ന പൊതുജനം, കേരളത്തിന്റെ പ്രതീക്ഷ അവരിലാണ്.





## മായുന്നില്ല ആ ഓർമ്മകൾ

ദിവസങ്ങളായി വയനാട്ടിൽ തുടരുമ്പോൾ കരളലിയിക്കുന്ന അനുഭവങ്ങളാണ്, വേദനകൾ നിറയുന്ന ഓർമ്മകളാണ്, എത്ര ശ്രമിച്ചിട്ടും കാതുകളിൽനിന്നും ഒഴിഞ്ഞു പോകാത്ത അലമുറകളും കണ്ണിൽ നിന്നും മായാത്ത കാഴ്ചകളുമാണ് ചുറ്റിലും. പുഞ്ചിരിമട്ടത്തെ ദുരന്തബാധിത മേഖലയിൽ തേൻ ശേഖരിക്കുന്ന ആദിവാസിയായ ചേന്നനെ കണ്ടുമുട്ടുകയുണ്ടായി. ആ മേഖലയിൽ ആദ്യം ഉരുൾപൊട്ടലിന്റെ സൂചന കിട്ടിയപ്പോൾ തന്നെ ചുറ്റവട്ടത്തുള്ളവരെ മുഴുവൻ അറിയിച്ച ആളാണ്. ചേന്നനും ഭാര്യയും അടുത്തുള്ള ആദിവാസി ഊരിൽ തനിച്ച് തുടരുകയാണ്. ഇവിടെ ഒറ്റയ്ക്ക് കഴിയുന്നതിൽ പേടിയില്ലേയെന്ന് ഞങ്ങളുടെ സംഘാംഗങ്ങൾ ചോദിച്ചപ്പോൾ 'പേടിച്ചാൽ വീണുപോകും സാറേ' എന്നായിരുന്നു മറുപടി. ഓരോ ദിവസവും എത്തിച്ചേരുന്ന ആയിരക്കണക്കിന് മനുഷ്യരും എല്ലാവിധ സഹായങ്ങൾ ചെയ്യാനും സന്നദ്ധരായ സാധാരണക്കാരായ നൂറുകണക്കിന് മനുഷ്യരുടെ പിന്തുണയുമാണ് ദുരന്തമുഖങ്ങളിൽ പേടിയില്ലാതെ നയിക്കാൻ സർക്കാരിന് കരുത്ത് പകരുന്നത്. സർക്കാർ എന്നാൽ ഒരുവിധത്തിലുള്ള വ്യത്യാസങ്ങളും ഇല്ലാതെ ഒരുമിച്ച് നിൽക്കുന്ന മൂന്നരക്കോടി മലയാളികളുടെ കൂട്ടായ്മയാണ്. ഈ ദുരന്തത്തെ നാം അതിജീവിക്കുക തന്നെ ചെയ്യും എന്ന നിശ്ചയദാർഢ്യമാണ് ജനങ്ങളുടെ പ്രവൃത്തിയിലൂടെ നാടിന് പകർന്ന് നൽകുന്നത്.■



കേരളത്തെയാകെ വിറങ്ങലിപ്പിച്ച ഏറ്റവും വലിയ പ്രകൃതിദുരന്തത്തിന്റെ ആദ്യ ദിനങ്ങളിലൂടെ. നാടും ജനതയും വിവിധ സേനാവിഭാഗങ്ങളും സംസ്ഥാന സർക്കാരിനൊപ്പം ഒരുമിച്ചൊന്നായി രക്ഷാപ്രവർത്തനത്തിനിറങ്ങിയപ്പോൾ.



# മഹാദുരന്തം അതിജീവനം നാൾവഴികൾ

2024 ജൂലൈ 30 ചൊവ്വാഴ്ച പുലർച്ചെ രണ്ടു മണി: ആദ്യ ഉരുൾപൊട്ടൽ. നടുക്കം മാറുംമുൻപ് 4.10 ഓടെ വീണ്ടും ഉരുൾപൊട്ടി. മേപ്പാടിയും മുണ്ടക്കൈയും ചൂരൽമല ഉൾപ്പെടെ പ്രദേശത്തെ പല സ്ഥലങ്ങളും ഒറ്റപ്പെട്ടു. ചൂരൽമല, മുണ്ടക്കൈ റോഡ് ഒലിച്ചുപോയി. ഇവിടെയുള്ള വെള്ളാർമല ജി വി എച്ച് സ്കൂൾ പൂർണ്ണമായും മണ്ണിനടിയിലായി. ഇരുവഴിഞ്ഞിപ്പുഴ രണ്ടായി ഒഴുകി. വീടുകൾക്കും ജീവനോപാധികൾക്കുമേറ്റത് വലിയ നാശനഷ്ടം. മണ്ണിനടിയിൽ പെട്ടവരും ഒഴുക്കിൽ പെട്ടവരുമായി നിരവധി ആളുകളെന്ന് വിവരം.

**വയനാട്ടിൽ** ഉണ്ടായ ഉരുൾപൊട്ടലിൽ സാധ്യമായ എല്ലാ രക്ഷാപ്രവർത്തനവും ഏകോപിപ്പിക്കാൻ

# കൈമെയ് മറന്ന് പ്രവർത്തിച്ച് പോലീസ്

ഉത്തരമേഖല ഐജി, കണ്ണൂർ റേഞ്ച് ഡിഐജി എന്നിവർ ദുരന്ത മേഖലയിൽ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ ക്രമസമാധാനവിഭാഗം എഡിജിപിയും വയനാട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചു. പോലീസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തിരച്ചിൽ സംഘങ്ങൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനും തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പ്രത്യേക കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. സംസ്ഥാന പോലീസ് മേധാവിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണിത്.

ലോക്കൽ പോലീസിനെ കൂടാതെ കേരള ആംഡ് പോലീസ് ബറ്റാലിയനുകൾ, റാപ്പിഡ് റെസ്പോൺസ് ആന്റ് റെസ്ക്യൂ ഫോഴ്സ്, സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്, ഐ ആർ ബറ്റാലിയൻ എന്നിവയിൽ നിന്നുള്ള പോലീസ് ഉദ്യോഗസ്ഥർ രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. കെ.എ.പി അഞ്ചാം ബറ്റാലിയനിലെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിങ് സെന്ററിൽ നിന്നുള്ള വിദഗ്ധ പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരും രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി. തിരച്ചിലിന് സഹായിക്കുന്നതിനായി വിവിധ ജില്ലകളിൽ നിന്ന് പോലീസിന്റെ ഡ്രോൺ സംഘങ്ങളെയും വയനാട്ടിലേയ്ക്ക് നിയോഗിച്ചു. മണ്ണിനടിയിൽ നിന്ന് മൃതദേഹങ്ങൾ കണ്ടെത്തുന്നതിൽ പ്രത്യേക പരിശീലനം ലഭിച്ച മൂന്നു പോലീസ് നായ്ക്കളേയും വയനാട്, മലപ്പുറം ജില്ലകളിൽ തിരച്ചിലിനായി ഉപയോഗിക്കുന്നു.

വയനാട്ടിലെ ചൂരൽമലയിൽ പ്രകൃതിദുരന്തത്തിനിരയായവരെ തിരയുന്നതിനും അതിനു നേതൃത്വം നൽകുന്നതിനുമായി കൈ മെയ് മറന്നു പ്രയത്നിക്കുന്നത് കേരള പോലീസിലെ 866 ഉദ്യോഗസ്ഥരാണ്.

വയനാട്ടിലെയും സമീപജില്ലകളിലെയും പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള 390 പോലീസ് ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി പോലീസിന്റെ മറ്റു യൂണിറ്റുകളിൽ നിന്ന് നിരവധി പേരെയാണ് നിയോഗിച്ചിരിക്കുന്നത്. കേരള ആംഡ് പോലീസ് നാലാം ബറ്റാലിയനിൽ നിന്ന് 150 പേരും മലബാർ സ്പെഷ്യൽ പോലീസിൽ നിന്ന് 125 പേരും ഇന്ത്യ റിസർവ് ബറ്റാലിയനിൽ നിന്ന് 50 പേരും തിരച്ചിൽ സംഘങ്ങളിലുണ്ട്. സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിലെ 140 പേരും ഡിഐജിയുടെ ക്വിക് റിയാക്ഷൻ ടീമിലെ 17 പേരും തിരച്ചിലിന് സഹായിക്കുന്നു.

മലകളിലും മറ്റും കയറി ദുഷ്കരമായ സാഹചര്യത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് പരിശീലനം നേടിയ കെ എ പി അഞ്ചാം ബറ്റാലിയനിലെ ഹൈ ആൾട്ടിട്യൂഡ് ട്രെയിനിങ് സെന്ററിലെ 14 അംഗ സംഘവും തിരച്ചിലിൽ പങ്കെടുക്കുന്നുണ്ട്.

മുഖ്യമന്ത്രി പിണറായി വിജയനോടൊപ്പം സംഭവസ്ഥലം സന്ദർശിച്ച സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് പോലീസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി. ക്രമസമാധാനവിഭാഗം എഡിജിപി എം ആർ അജിത് കുമാർ അപകട സ്ഥലത്ത് പോലീസ് സംവിധാനങ്ങളുടെ മേൽനോട്ടം വഹിക്കുന്നു. ഉത്തരമേഖല ഐജി കെ സേതുരാമനാണ് ഓൺസൈറ്റ് ഇൻസിഡന്റ് കമാൻഡർ.

കൂടാതെ, കണ്ണൂർ റേഞ്ച് ഡിഐജി തോംസൺ ജോസ്, വയനാട് ജില്ലാ പോലീസ് മേധാവി നാരായണൻ ടി, മലബാർ സ്പെഷ്യൽ പോലീസ് കമാൻഡന്റ് സന്തോഷ് കെ.വി, ഇന്ത്യ റിസർവ് ബെറ്റാലിയൻ കമാൻഡന്റ് ഷാഹുൽ ഹമീദ് എ, കെഎപി നാലാം ബറ്റാലിയൻ കമാൻഡന്റ് അരുൺ കെ പവിത്രൻ എന്നിവരും നിരവധി ഡിവൈ. എസ്.പിമാരും ഇൻസ്പെക്ടർമാരും സബ് ഇൻസ്പെക്ടർമാരും പോലീസിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാണ്.

മലപ്പുറം ജില്ലയിലെ തിരച്ചിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് മലപ്പുറം ജില്ലാ പോലീസ് മേധാവി എസ്. ശശിധരനാണ്. പോലീസിന്റെ വിവിധ വിഭാഗങ്ങളിലായി 908 ഉദ്യോഗസ്ഥരെയാണ് മലപ്പുറം ജില്ലയിൽ മാത്രം വിന്യസിച്ചത്.




മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശം നൽകി. സംഭവം അറിഞ്ഞതു മുതൽ സർക്കാർ സംവിധാനങ്ങൾ യോജിച്ച് രക്ഷാപ്രവർത്തനത്തിനിറങ്ങിയതായും മന്ത്രിമാർ ഉൾപ്പെടെ വയനാട്ടിലെത്തി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

**രക്ഷാപ്രവർത്തനത്തിന്** ഡ്രോണുകളും പോലീസ് നായകളെയും ഉപയോഗിക്കാൻ മുഖ്യമന്ത്രി നിർദേശിച്ചു. പോലീസിന്റെ ഡ്രോണുകൾ വിന്യസിച്ച് തിരച്ചിൽ നടത്താൻ മുഖ്യമന്ത്രി നിർദേശം നൽകി. രക്ഷാപ്രവർത്തനത്തിന് ഡോഗ് സ്ക്വാഡും രംഗത്തിറങ്ങും.

**ചൂരൽമലയിൽ** താലൂക്ക്തല ഐ.ആർഎസ് കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു.

**കോഴിക്കോട് നിന്ന്** ടെറിട്ടോറിയൽ ആർമി ബറ്റാലിയനും അവരുടെ മെഡിക്കൽ സംഘവും വയനാട്ടിലേക്ക് പുറപ്പെട്ടു. രക്ഷാപ്രവർത്തത്തിന് സൈന്യത്തിന്റെ എൻജിനീയറിങ് ഗ്രൂപ്പ് ബാംഗ്ലൂരിൽ നിന്ന് വയനാട്ടിലേക്ക്. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം റവന്യു സെക്രട്ടറി സൈന്യത്തിന്റെ കേരള- കർണാടക ചുമതലയുള്ള മേജർ ജനറൽ വി.ടി. മാത്യൂസുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം.

# ദുരന്തമുഖത്ത് ആദ്യം അഗ്നിരക്ഷാസേന

**ഫോൺ** അടിക്കുന്നത് കേട്ട് ഞെട്ടിയാണ് എണീറ്റത്. നോക്കിയപ്പോൾ സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ ബിനീഷേട്ടൻ. എന്താണ് ചോദിച്ചപ്പോൾ വയനാട്ടിൽ ഉരുൾപൊട്ടിയിട്ടുണ്ട് നമ്മുടെ റോപ്പ് റസ്ക്യൂ ടീം പെട്ടെന്ന് തന്നെ എത്തണം എന്ന് പറഞ്ഞു. സമയം നോക്കിയപ്പോൾ പുലർച്ചെ 3:00 മണി. റൂമിൽ നിന്ന് പുറത്തേക്ക് വന്നപ്പോൾ നാട്ടിൽ വെള്ളം കയറുന്നുണ്ടെന്ന് അറിഞ്ഞ് വീട്ടുകാർ എണീറ്റിരുന്നു. വേഗം സാധനങ്ങൾ എടുത്ത് സ്റ്റേഷനിലേക്ക്. അവിടെ അവർ കാത്തിരിക്കുകയായിരുന്നു സാധനങ്ങൾ എടുത്ത് ഞങ്ങൾ ഇറങ്ങി. പോകുന്ന വഴികളിലെല്ലാം വെള്ളം കയറിയതിനാൽ ഏതൊക്കെയോ വഴികളിലൂടെ ഞങ്ങൾ കൽപ്പറ്റ സ്റ്റേഷനിൽ എത്തിയ വാഹനം ഓഫ് ചെയ്യുന്നതിനു മുന്നേ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ നൗഷർ ഓടിവന്നു പറഞ്ഞു കുറേയിടങ്ങളിൽ വെള്ളം കയറിയിട്ടുണ്ട്, ആൾക്കാർ ഒറ്റപ്പെട്ടു കിടക്കുകയാണ്, പെട്ടെന്ന് തന്നെ അങ്ങോട്ട് പോകണമെന്ന് നിർദേശം ലഭിച്ചു. പിറ്റേന്ന് അഡ്മിറ്റ് ചെയ്യാനുള്ള ഗർഭിണിയേയും, വെള്ളത്തിൽ അകപ്പെട്ട നായക്കുട്ടിയേയുമടക്കം നൂറോളം ജീവനുകളെ ഞങ്ങൾ സുരക്ഷിതരായി എത്തിച്ചു. ഉടനെ തന്നെ റോപ്പ് റെസ്ക്യൂ കിറ്റുമായി ഞങ്ങളോട് ചൂരൽ മലയിലെത്താൻ അറിയിപ്പ് ലഭിച്ചു. ഉടനെ പുറപ്പെട്ടു.

അവിടെയെത്തി വണ്ടി നിർത്തിയപ്പോൾ ഞങ്ങൾ കണ്ടത് പ്രതീക്ഷിച്ചതിലും എത്രയോ വലിയ ആഘാതം ആയിരുന്നു. എല്ലാം നഷ്ടപ്പെട്ട് നാലു ഭാഗത്തേക്കും ചളിയിലൂടെ ഓടുന്ന നാട്ടുകാരും, അവരുടെ അടുത്തേക്ക് ഓടിയെത്തുന്ന സർക്കാർ സംവിധാനങ്ങളും, രക്ഷാപ്രവർത്തകരുമായിരുന്നു.

ചൂരൽ മലയെയും മുണ്ടക്കൈയേയും ബന്ധിപ്പിക്കുന്ന പാലം തകർന്നിരിക്കുകയാണ്. അക്കരെ  മുണ്ടക്കൈ ഭാഗത്ത് അനേകം ആളുകൾ പരിക്കുപറ്റിയും രക്ഷപ്പെടാനുമായി ചൂരൽമല ഭാഗത്തേക്ക് കടക്കാനായി നിലവിളിച്ച് കരയുന്നുണ്ട്. ഉടനെതന്നെ ഞങ്ങളുടെ റോപ്പ് റെസ്ക്യൂ ടീം അക്കരെ കടക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. അക്കരെയുണ്ടായിരുന്ന ആൽമരത്തിൽ റോപ്പ് ആങ്കർ ചെയ്തു. ഇക്കരെ ജെസിബിയിലും, മുണ്ടക്കൈ ഭാഗത്തേക്ക് രക്ഷാപ്രവർത്തകരെയും രക്ഷാപ്രവർത്തന ഉപകരണങ്ങളും, ഡോക്ടർമാരെയും, ഭക്ഷണവും വെള്ളവും ഞങ്ങളുടെ റോപ്പിലൂടെ എത്തിച്ചു. അവിടെനിന്ന് ഡോക്ടറുടെ നിർദേശപ്രകാരം പരിക്ക് പറ്റിയവർക്ക് മുൻഗണന നൽകി ചൂരൽമല ഭാഗത്തേക്കും കൊണ്ടുവന്നു. അവിടെ അവരെ കാത്ത് ആംബുലൻസും ഡോക്ടർമാരും റെഡിയായിരുന്നു.

അവിടെയുള്ള സാഹചര്യം രക്ഷാപ്രവർത്തകരിലും പേടി ഉണ്ടാക്കുന്നതായിരുന്നു. മഴയത്ത് വിസിൽ ശബ്ദം നീട്ടിയടിക്കുമ്പോൾ രക്ഷാപ്രവർത്തകർ എല്ലാം ഇരുകരകളിലേക്കും ഓടുകയായിരുന്നു. ഏതു സമയത്തും അടുത്ത ഉരുൾപൊട്ടൽ എല്ലാവരും പ്രതീക്ഷിച്ചിരുന്നു. അത്രയ്ക്കും പേടിപ്പെടുത്തിയാണ് ആ സമയത്ത് വെള്ളം പുഴയിലൂടെ വന്നത്. കുടുങ്ങിക്കിടക്കുന്നവരെ രക്ഷിക്കാനായി ഇരുമ്പ് മുറിക്കുന്ന ഇ-ഡ്രോളിക്കുമായാണ് ഞാൻ മുണ്ടക്കൈലേക്ക് റോപ്പിലൂടെ കടന്നത്.  അത് ഞങ്ങളെ ടീമിനെ ഏൽപ്പിച്ച ശേഷം അവിടെ റോപ്പ് വലിക്കാൻ അക്കരെയുള്ളവരുടെ കൂടെ കൂടി ചൂരൽമല ഭാഗത്തേക്ക്. കാഴ്ചമങ്ങുന്ന തരത്തിൽ ആയിരുന്നു കോടമഞ്ഞ്.

അപ്പോഴാണ് കോഴിക്കോട് മിംസ് ഹോസ്പിറ്റലിൽ എമർജൻസി വിഭാഗത്തിലെ ഡോക്ടർ ലവന ഞങ്ങളുടെ അടുത്ത് വന്നു പറഞ്ഞത് 'മൂന്നുമാസം പ്രായമായ ഒരു കുഞ്ഞിനെയും അമ്മയെയും പെട്ടെന്ന് തന്നെ അക്കരെയ്ക്ക് എത്തിക്കണം' കുഞ്ഞിനെ കൊണ്ടുപോകുന്നത് അത്രയും സുരക്ഷിതമായിട്ട് തന്നെ വേണമെന്ന് ഞങ്ങളുടെ ടീം പ്ലാൻ ചെയ്തു. ആദ്യം ഉമ്മയെ സുരക്ഷിതമായി എത്തിക്കാൻ തീരുമാനിച്ചു. കുട്ടിയെ കൊണ്ടുപോകാൻ ഒരു പ്ലാസ്റ്റിക് കുട്ടയും എത്തിച്ചു. കുട്ടിയെ ഡോക്ടറുടെ കയ്യിലേക്ക് ഏൽപ്പിക്കുമ്പോൾ ചെറുതായി കരഞ്ഞിരുന്നു പിന്നീട് ആൾ ഒക്കെയായി. ഞാൻ കുട്ടിയെ വാങ്ങി. ഈ സമയം ഉമ്മ റോപ്പിൽ പോകാൻ തയ്യാറായി നിൽക്കുകയായിരുന്നു. ആദ്യമായി കണ്ട ഒരാളെ തന്റെ മൂന്നുമാസം പ്രായമായ കുഞ്ഞിനെ ഏൽപ്പിച്ചു പോകുന്ന അമ്മയുടെ ടെൻഷൻ ആ മുഖത്ത് ഉണ്ടായിരുന്നു. അവർക്കൊരു ധൈര്യം കൊടുക്കാൻ വേണ്ടി ഞാൻ പറഞ്ഞു 'ഉമ്മ ഒന്നുകൊണ്ടും പേടിക്കേണ്ട ഞങ്ങൾക്ക് എന്ത് സംഭവിച്ചാലും ഈ കുഞ്ഞിനെ ഞങ്ങളുടെ ടീം സുരക്ഷിതമായി അക്കരെ എത്തിക്കുമെന്ന്' എന്നാൽ ഉമ്മയുടെ മറുപടി ഞങ്ങൾക്കായിരുന്നു ധൈര്യം തന്നത് ' ഇങ്ങള് ഫയർഫോഴ്സിനെ വിശ്വാസമാണെന്ന് '. ഉമ്മയെ ഞങ്ങൾ സുരക്ഷിതമായി അക്കരെ എത്തിച്ചു. അടുത്തത് എന്റെ ഊഴമായി

**ദുരന്തത്തിന്റെ** പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെ  എല്ലാ പൊതു പരിപാടികളും മാറ്റിവെക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശം നൽകി.

**വയനാട് ജില്ലയിൽ** ചൂരൽമലയിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് ജില്ലയിൽ 36 മരണം സ്ഥിരീകരിച്ചതായി ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീ അറിയിച്ചു. കൂടാതെ അപകടത്തിൽ ചാലിയാർ പുഴയിലൂടെ ഒൻപത് മൃതദേഹങ്ങൾ  മലപ്പുറത്ത് വന്നതായും സ്ഥിരീകരിക്കുന്നു.

**മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം** വയനാട്ടിലെ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാൻ മന്ത്രിമാരുടെ സംഘം വയനാട്ടിലേക്ക് തിരിച്ചു. കെ രാജൻ, പി.എ മുഹമ്മദ് റിയാസ്, ഒ.ആർ കേളു എന്നിവരാണ് വിമാനമാർഗം കോഴിക്കോട് എത്തിയത്.

**ഉരുൾപൊട്ടലുണ്ടായ വയനാട് ചൂരൽമലയിൽ** രക്ഷാപ്രവർത്തങ്ങൾക്ക് വനം വകുപ്പിന്റെ അടിയന്തര ഓപ്പറേഷൻ സെന്ററുകൾ പ്രവർത്തനസജ്ജമാക്കി.



ദുരന്തനിവാരണ അതോറിറ്റി ആസ്ഥാനത്ത് ചേർന്ന അവലോകനയോഗം

**രക്ഷാപ്രവർത്തനത്തിനായി ആർമിയുടെ** പ്ലാറ്റൂൺ ചൂരൽമലയിൽ എത്തിയതായി ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീ അറിയിച്ചു.

**വയനാട്ടിൽ** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല മീഡിയ കൺട്രോൾ റൂമും

രുന്നു. ഞാൻ കുഞ്ഞുമായി റോപ്പിൽ കയറി ഞങ്ങൾ ചെയ്യുന്നത് 100% സുരക്ഷിതമായിട്ടാണെന്ന് എനിക്കറിയാമെങ്കിലും തൊട്ടു താഴെ കുത്തിയൊഴുകുന്ന പുഴയാണ്. അപ്പോഴാണ് എന്നിലെ ഒരു സാധാരണക്കാരനായ മനുഷ്യന്റെ അല്ലെങ്കിൽ ഒരച്ഛന്റെ വൈകാരികമായ ഫീലിംഗ്സ് വന്നത്. കുഞ്ഞിനെ വെച്ച കൂട്ട ഞാൻ എന്റെ നെഞ്ചിലേക്ക് ചേർത്തുപിടിച്ചു. ചൂരൽമല ഭാഗത്തെ കരയിൽ എത്തിയപ്പോഴാണ് ശ്വാസം നേരെ വീണത്. അവിടെയെത്തി കുഞ്ഞിനെ ഞങ്ങളുടെ ടീമിനെ ഏൽപ്പിച്ചു. അവർ സുരക്ഷിതമായി ഡോക്ടർമാരുടെ കയ്യിലേക്ക് എത്തിക്കുന്നത് വരെ ആ കാഴ്ച ഞാൻ നോക്കി നിന്നു പോയി. വീണ്ടും രക്ഷാപ്രവർത്തനത്തിലേക്ക് കടന്നു.

മുണ്ടക്കൈ ഭാഗത്ത് രക്ഷപ്പെടാൻ വേണ്ടി കാത്തു നിന്നവർ അത്രയ്ക്കും അധികമായിരുന്നതിനാൽ മറ്റൊരു മാർഗം കൂടി ഞങ്ങൾ കണ്ടെത്തി. ഫയർ എഞ്ചിന്റെ മുകളിലുള്ള ലാഡർ കൊണ്ടുവന്ന് നീട്ടിവെച്ച് മറുകരയിൽ എത്തിച്ചു, കവുങ്ങ് മരം മുറിച്ചു കൊണ്ടുവന്ന അടിയിലിട്ടു കയർ കൊണ്ട് കെട്ടി ഉറപ്പിച്ചു, മുകളിൽ പലകകൾ കൊണ്ട് കെട്ടി അങ്ങനെ സമയം അധികം വൈകാതെ മുഴുവൻ പേരെയും ഞങ്ങൾ ചൂരൽ മലയിൽ എത്തിച്ചു.

പണ്ടൊക്കെ ഇത്തരത്തിലുള്ള രക്ഷാപ്രവർത്തനങ്ങൾ നടത്താൻ ആർമി തന്നെ വേണ്ടിവന്നിരുന്നു, എന്നാൽ ഇപ്പോൾ അതല്ല സ്ഥിതി അഗ്നിരക്ഷാ സേനയ്ക്ക് അതിനുള്ള ഉപകരണങ്ങളുണ്ട്. കൃത്യമായ പരിശീലനം ലഭിക്കുന്നുണ്ട്. സർക്കാർ അഗ്നിരക്ഷാ സേനയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പരിശീലനങ്ങളും ഉപകരണങ്ങളും അടക്കം എല്ലാ സൗകര്യങ്ങളും ചെയ്തു



തരുന്നുണ്ട്. ഇതാണ് ഞങ്ങളുടെ ധൈര്യം. നല്ലൊരു ടീമായിരുന്നു അന്ന് അവിടെ ഒരേ മനസ്സോടെ പ്രവർത്തിച്ചത്. രാവിലെ ദുരന്ത സ്ഥലത്ത് ആദ്യം എത്തിയത് മുതൽ രാത്രി 11:00 മണി കഴിഞ്ഞ് തിരച്ചിൽ അവസാനിപ്പിച്ച് ഏറ്റവും അവസാനം മുണ്ടക്കൈ ഭാഗത്തുനിന്ന് ഇക്കരയ്ക്ക് കടന്നതും ഞങ്ങളാണ്. അന്ന് റോപ് റെസ്ക്യൂ വഴി വന്ന ആരുടെ മുഖത്തും യാതൊരുവിധ ഭയവും ഞങ്ങൾ കണ്ടില്ല. ഉറ്റവരും ഉടയവരും പോയി കിടപ്പാടം നഷ്ടപ്പെട്ട ഉടുതുണി മാത്രം ബാക്കിയായ മനുഷ്യർക്ക് ഇനിയെന്ത് നഷ്ടപ്പെടാനാണ്? അവരെന്തിനെയാണ് ഇനി ഭയക്കേണ്ടത്? അനുഭവിക്കേണ്ടതെല്ലാം അനുഭവിച്ചു കഴിഞ്ഞു എന്ന ഭാവമായിരുന്നു ആ മനുഷ്യരുടെയെല്ലാം മുഖത്ത്.

**നിഖിൽ മുല്ലശ്ശേരി**
**അഗ്നിരക്ഷാസേനാംഗം**

തിരുവനന്തപുരത്ത് പി.ആർ.ഡി. ഡയറക്ടറേറ്റിൽ സംസ്ഥാനതല മീഡിയ കൺട്രോൾ റൂമും തുറന്നു.

**നദികളിലെ ജലനിരപ്പ്** അപകടകരമായി ഉയരുന്ന സാഹചര്യത്തിൽ കേന്ദ്ര ജല കമ്മീഷൻ ഓറഞ്ച്, മഞ്ഞ അലർട്ടുകൾ പ്രഖ്യാപിച്ചു.

**വയനാട്ടിൽ** രക്ഷാപ്രവർത്തനത്തിനായി നേവിയുടെ 50 അംഗ റിവർ ക്രോസിംഗ് സംഘം വയനാട്ടിൽ എത്തി. ഏഴിമല നാവിക അക്കാദമിയിലെ സംഘത്തിൽ മെഡിക്കൽ വിദഗ്ധരുമുണ്ട്.

**തിരച്ചിലിന്** അഭ്യർഥന പ്രകാരം മീററ്റ് ആർ.വി.സി യിൽ നിന്ന് സൈന്യത്തിന്റെ ഡോഗ് സ്ക്വാഡ് എത്തുമെന്ന് സർക്കാർ അറിയിച്ചു.

തിരച്ചിലിന് ഫോറസ്റ്റിന്റെ ഡ്രോൺ കൂടി പങ്കാളിയാവുമെന്ന് വനം വകുപ്പ്.

**ദുരന്തനിവാരണപ്രവർത്തനങ്ങളും** ദുരിതാശ്വാസപ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനു തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവുവിനെ സ്പെഷ്യൽ ഓഫിസറായി നിയമിച്ചു.

**സംസ്ഥാനത്ത് കനത്ത മഴ** തുടരുന്ന സാഹചര്യത്തിൽ ലീവിലുള്ള ഉദ്യോഗസ്ഥർ അത് റദ്ദാക്കി ജോലിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

**ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ** ജൂലൈ 30, 31 തീയതികളിൽ സംസ്ഥാനത്ത് സർക്കാർ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു.

വൈകിട്ട് അഞ്ച് മണിക്ക് മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം

**ദുരന്തബാധിതരെ സഹായിക്കുന്നതിനും** ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന സർക്കാർ എല്ലാവിധ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവർക്ക് മറ്റ് എന്ത് പകരം നൽകിയാലും അത് മതിയാകില്ല. എങ്കിലും ദുരിതത്തിൽ സർവതും നഷ്ടപ്പെട്ടവരെ കൈപിടിച്ചുയർത്തേണ്ടതുണ്ട്. 2018 ൽ പ്രളയം ഉണ്ടായപ്പോൾ കേരളമൊട്ടാകെ ഒറ്റക്കെട്ടായി ദുരന്തബാധിതരെ സഹായിക്കാൻ തയ്യാറായി. ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്ന് സഹായഹസ്തം ആ ഘട്ടത്തിൽ നീണ്ടു. അതുപോലെതന്നെ വയനാട്ടിൽ ഇപ്പോൾ ഉണ്ടായ ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്നവരെ എല്ലാവിധത്തിലും സഹായിക്കാൻ നാം ഒരുമിച്ച് ഇറങ്ങേണ്ട സാഹചര്യമാണെന്ന് മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.

## ഭക്ഷ്യസാധനങ്ങൾ ഉറപ്പാക്കി, കുടിവെള്ളവും

ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന ഇടങ്ങളിലും ദുരിതമേഖലകളിലും ഭക്ഷണവും മറ്റ് അവശ്യവസ്തുക്കളും എത്തിക്കുന്നതിന് പൊതുവിതരണ വകുപ്പിന്റെയും സപ്ലൈകോയുടെയും നടപടികൾ. റേഷൻകടകളിലും സപ്ലൈകോ വിൽപനശാലകളിലും ഭക്ഷ്യ

ധാന്യങ്ങളുടെയും അവശ്യവസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് നിർദേശം.

ദുരന്തമേഖലയിലേക്ക് 20,000 ലിറ്റർ കുടിവെള്ളവുമായി ജലവിഭവ വകുപ്പിന്റെ രണ്ടു വാഹനങ്ങൾ വയനാട്ടിലേക്ക്.

വയനാട് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനും ദുരന്തനിവാരണ അതോറിറ്റി ഓഫീസിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഉന്നതതലയോഗം ചേർന്നു.

രക്ഷാപ്രവർത്തനങ്ങളും കേന്ദ്രസർക്കാരിന്റെ കീഴിലെ ഏജൻസികളുമായുള്ള ഏകോപനം, ദുരന്തമുഖത്തെ സേനാവിഭാഗങ്ങളുടെ വിന്യാസം, ആരോഗ്യ- സുരക്ഷാ മുൻകരുതലുകൾ, ദുരിതാശ്വാസക്യാമ്പുകളിലെ സൗകര്യങ്ങൾ എന്നിവ മുഖ്യമന്ത്രി വിലയിരുത്തി.

ചീഫ് സെക്രട്ടറി ഡോ. വി വേണു, ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡേ, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി രബീന്ദ്രകുമാർ അഗർവാൾ, സംസ്ഥാന പോലീസ് മേധാവി ഷെയ്ക് ദർവേഷ് സാഹിബ്, എ ഡി ജി പി ഇന്റലിജൻസ് മനോജ് എബ്രഹാം, പൊതുമരാമത്ത് സെക്രട്ടറി കെ. ബിജു, ചീഫ് ഫോറസ്റ്റ് പ്രിൻസിപ്പൽ കൺസർവേറ്റർ പുകഴേന്തി, മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ഡോ. എസ് കാർത്തികേയൻ, സിവിൽ സപ്ലൈസ് എം.ഡി സജിത്ത് ബാബു, തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി അനുപമ, ജി.എസ്.ടി കമ്മീഷണർ അജിത്ത് പാട്ടീൽ, വാട്ടർ അതോറിറ്റി എം ഡി ബിനു ഫ്രാൻസിസ്, ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ശേഖർ കുര്യാക്കോസ് ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥർ പങ്കെടുത്തു.

## രണ്ടാംദിനം

### 2024 ജൂലൈ 31 ബുധൻ

ഏഴിമല നാവിക അക്കാദമിയിലെ 60 സംഘം രക്ഷാപ്രവർത്തനത്തിന് ചൂരൽമലയിലെത്തി. ലെഫ്റ്റനന്റ് കമാൻഡന്റ് ആഷിർവാദിന്റെ നേതൃത്വത്തിൽ 45 നാവികർ, അഞ്ച് ഓഫീസർമാർ, 6 ഫയർ ഗാർഡ്സ് ഒരു ഡോക്ടർ തുടങ്ങിയവരാണ് സംഘത്തിലുള്ളത്.

മുണ്ടക്കൈ ചെറാട്ട് കുന്ന് കോളനിയിൽ 32 പേരിൽ 26 പേരെ കണ്ടെത്തി. ഇതിൽ 24 പേരെ അട്ടമല ക്യാമ്പിലേക്ക് മാറ്റി.

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിനായി ബെയിലി പാലം നിർമ്മാണത്തിനുള്ള ഭാഗങ്ങളും ഉപകരണങ്ങളുമായി സൈന്യം. കണ്ണൂർ പ്രതിരോധ സുരക്ഷാസേന (ഡി എസ് സി)യിലെ ക്യാപ്റ്റൻ പുരൻ സിങ് നഥാവതിനു നേതൃത്വം. 17 ട്രക്കുകളിലായാണ് പാലം നിർമ്മാണത്തിന്റെ സാമഗ്രികൾ വയനാട്ടിലേക്ക് എത്തിച്ചത്.

രക്ഷപ്പെട്ടു വരുന്നവർക്ക് അടിയന്തരമായി വൈദ്യസഹായം ലഭ്യമാക്കാൻ ചൂരൽമലയിലെ കൺട്രോൾ റൂം കേന്ദ്രീകരിച്ച് മെഡിക്കൽ പോയിന്റ്, ഓക്സിജൻ ആംബുലൻസ് ഒരുക്കാൻ മന്ത്രിതല യോഗത്തിൽ തീരുമാനം

കുടുങ്ങിക്കിടന്നവരെ രക്ഷപ്പെടുത്തി പാലത്തിലൂടെ കൊണ്ടുവരുന്ന പോയിന്റിൽ വെള്ളം വിതരണം ചെയ്യാൻ സജ്ജീ



# സത്വരനടപടികളുമായി ആരോഗ്യവകുപ്പ്

വയനാട് ഉരുൾപൊട്ടലിനെ തുടർന്ന് അതിവേഗം നടപടികൾ സ്വീകരിച്ച് ആരോഗ്യവകുപ്പ്. ദുരിതാശ്വാസ ക്യാമ്പുകളിൽ ആരോഗ്യ പ്രവർത്തകരുടെ സേവനം ഉറപ്പാക്കി. ഓരോ ക്യാമ്പിലും ഒരു ആരോഗ്യ പ്രവർത്തകനു വീതം ചുമതല നൽകി. പകർച്ചവ്യാധി പ്രതിരോധത്തിനായി നടപടികൾ സ്വീകരിച്ചു. ആവശ്യമായ സ്ഥലങ്ങളിൽ പ്രത്യേക മെഡിക്കൽ ടീമിനെ നിയോഗിച്ചു. പോസ്റ്റുമോർട്ടം നടപടികൾ അതിവേഗം പൂർത്തിയാക്കുന്നതിനു വയനാടിലുള്ള ഫോറൻസിക് സംഘത്തെ കൂടാതെ കോഴിക്കോട് നിന്നുള്ള ഫോറൻസിക് ഡോക്ടർമാരുടെ പ്രത്യേക സംഘത്തെ കൂടി നിയോഗിച്ചു. തിരിച്ചറിയാനാകാത്ത മൃതദേഹങ്ങൾ തിരിച്ചറിയാൻ ജനിതക പരിശോധനകൾ നടത്താനുള്ള സംവിധാനമൊരുക്കി. അധിക മോർച്ചറി സൗകര്യങ്ങളുമൊരുക്കി. മൊബൈൽ മോർച്ചറി സൗകര്യങ്ങൾ ക്രമീകരിച്ചു.

വെള്ളപ്പൊക്കസാധ്യതയുള്ള സ്ഥലങ്ങളിൽ മരുന്നുകളുടേയും സുരക്ഷാസാമഗ്രികളുടേയും ലഭ്യത ഉറപ്പാക്കുന്നതിനും കൂടുതൽ മരുന്നുകൾ എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ഗർഭിണികളുടേയും കുട്ടികളുടേയും കാര്യങ്ങൾക്ക് പ്രത്യേകം ശ്രദ്ധ നൽകും. ചൂരൽമല പോളിടെക്നിക്കിൽ താൽക്കാലിക ആശുപത്രി സജ്ജമാക്കി. ചൂരൽമലയിൽ മദ്രസയിലും പള്ളിയിലും താൽക്കാലിക ക്ലിനിക്കും സജ്ജമാക്കി. ജില്ലയിലെ ആശുപത്രികളിൽ അധിക സൗകര്യങ്ങളൊരുക്കി. സർജറി, ഓർത്തോപീഡിക്സ്, കാർഡിയോളജി, സൈക്യാട്രി, ഫോറൻസിക് തുടങ്ങിയ വിഭാഗങ്ങളിലെ ഡോക്ടർമാരെയും നഴ്സുമാരേയും അധികമായി നിയോഗിച്ചു. സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരുടെ സേവനവും ദുരന്ത മേഖലകളിൽപ്രവർത്തന പരിചയമുള്ള ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കി. വയനാട് മാത്രമല്ല സമീപ ജില്ലകളായ മലപ്പുറം, കോഴിക്കോട് തുടങ്ങിയ വടക്കൻ ജില്ലകളിലും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. കനിവ് 108 ആംബുലൻസുകൾ ഉൾപ്പെടെ അധികമായി എത്തിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ആരംഭിച്ച സ്റ്റേറ്റ് കൺട്രോൾ റൂം ശക്തിപ്പെടുത്തി 24 മണിക്കൂറാക്കി.

ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ മാനസികാഘാതം ലഘൂകരിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മാനസികാരോഗ്യ ദുരന്ത നിവാരണ ടീം രൂപീകരിച്ചു. സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, സൈക്യാട്രിക് സോഷ്യൽ വർക്കർമാർ, കൗൺസിലർമാർ എന്നിവരടങ്ങുന്ന 121 അംഗീകൃത മാനസികാരോഗ്യപ്രവർത്തകരെയാണ് ടീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കരണം. ഇവിടെയും ആരോഗ്യ ടീമിനെ നിയോഗിക്കും. ചൊവ്വാഴ്ച രക്ഷാപ്രവർത്തനത്തിനായി കോഴിക്കോട് നിന്നും മറ്റും അസ്‌കവിളക്കുകൾ ഉടനടി എത്തിച്ചത് വളരെയധികം ഉപകാരപ്രദമായി.

രണ്ടാംദിനത്തിലും മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ അവലോകന യോഗം

രണ്ടാംദിനത്തിൽ 126 മരണങ്ങൾ ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഇതിൽ 75 പേരെ തിരിച്ചറിഞ്ഞു. 70 പേർ പുരുഷൻമാരും 56 പേർ സ്ത്രീകളുമാണ്. 123 മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം ചെയ്തു. 63 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടു നൽകി. 106 പേർ ക്യാമ്പുകളിൽ കഴിയുന്നു. 195 പേരെയാണ് ദുരന്തപ്രദേശത്തുനിന്ന് ആശുപത്രികളിൽ എത്തിച്ചു.

സംസ്ഥാനമന്ത്രിമാർ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുമെന്ന് അറിയിച്ചു.

ഉരുൾപൊട്ടലിൽ ഒറ്റപ്പെട്ടുപോയ മുണ്ടക്കൈയിലേക്ക് ചൂരൽമലയിൽ നിന്നും നിർമ്മിക്കുന്ന താൽക്കാലിക പാലത്തിന്റെ (ബെയ്‌ലി പാലം) നിർമ്മാണം ദ്രുതഗതിയിൽ. 190 അടി നീളത്തിലാണ് പാലം നിർമ്മിക്കുന്നത്. 24 ടൺ ഭാരം വഹിക്കാൻ ശേഷിയുള്ള പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ മുണ്ടക്കൈയിലേക്ക് രക്ഷാപ്രവർത്തനത്തിന് ആവശ്യമായ ഭാരമേറിയ യന്ത്രസാമഗ്രികൾഎത്തിക്കാനാവും. പാലംനിർമ്മിക്കുന്നത് 190 അടി നീളത്തിൽ. പാലം യാഥാർഥ്യമാകുന്നതോടെ രക്ഷാപ്രവർത്തനം എളുപ്പമാകുമെന്ന് പ്രത്യാശ. ഡൽഹിയിൽ നിന്നും ബംഗ്ലൂരുവിൽ നിന്നുമാണ് പാലം നിർമ്മിക്കുന്നതിന് ആവശ്യമായ സാമഗ്രികൾ ചൂരൽമലയിൽ എത്തിച്ചത്.

കരസേനയുടെ 100 പേർ കൂടി രക്ഷാദൗത്യത്തിനായി ഉടൻ ദുരന്തമുഖത്ത് എത്തുമെന്നും മണ്ണിനടിയിൽ കുടുങ്ങിക്കിടക്കുന്നവർ ഉണ്ടെങ്കിൽ കണ്ടെത്തുന്നതിനായി കരസേനയുടെ പ്രത്യേക പരിശീലനം സിദ്ധിച്ച മൂന്ന് സ്നിഫർ നായകൾ രാത്രിയോടെയും എത്തുമെന്നും അറിയിപ്.

ജില്ലയിൽ അതിതീവ്ര മഴ പെയ്യുന്ന സാഹചര്യത്തിൽ ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങളിലും മുൻ വർഷങ്ങളിൽ ഉരുൾപൊട്ടിയ പ്രദേശങ്ങളിലുമുള്ളവർ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ അറിയിച്ചു.

## മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം

വയനാട് മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലുണ്ടായ വൻ ഉരുൾപൊട്ടലിനെത്തുടർന്നുള്ള ദുരന്ത നിവാരണ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ പുരോഗമിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വൈകിട്ട് നാലു മണി വരെയുള്ള കണക്കുകൾ പ്രകാരം 1592 പേരെ രക്ഷപ്പെടുത്താൻ കഴിഞ്ഞതായി മുഖ്യമന്ത്രി പറഞ്ഞു. 191 പേരെ കാണാനില്ലെന്നാണ് ഇതുവരെ കണക്കാക്കിയിട്ടുള്ളത്.

## രക്ഷാപ്രവർത്തനത്തിന് 1167 പേരുടെ സംഘം

വയനാട് ഉരുൾപൊട്ടൽ ദുരന്ത മേഖലയിൽ നിലവിൽ 1167 പേരുൾപ്പെടുന്ന സംഘത്തെയാണ് രക്ഷാപ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ളതെന്നു മുഖ്യമന്ത്രി പറഞ്ഞു. ഇതിൽ 10 സ്റ്റേഷൻ ഓഫീസർമാരുടെ നേതൃത്വത്തിൽ സമീപ ജില്ലയിൽ നിന്ന് ഉൾപ്പെടെയുള്ള 645 അഗ്നിസേനാംഗങ്ങളും, 94 എൻ.ഡി.ആർ.എഫ് അംഗങ്ങളും, 167 ഡി.എസ്.സി അംഗങ്ങളും, എം.ഇ.ജിയിൽ നിന്നുള്ള 153 പേരും ഉൾപ്പെടുന്നു. കോസ്റ്റ് ഗാർഡ് അംഗങ്ങളുമുണ്ട്.

രക്ഷാപ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ ഉദ്യോഗസ്ഥ സംവിധാനങ്ങളും ഉപകരണങ്ങളും എത്തിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുക, താൽക്കാലിക കയർ പാലത്തിലൂടെ റെസ്‌ക്യൂ ടീമിനെ എത്തിക്കുക എന്നീ കാര്യങ്ങൾക്ക് പ്രധാന പരിഗണനയാണ് നൽകുന്നത്. റോഡ് തടസ്സം ഒഴിവാക്കാൻ കർശന നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ മുണ്ടക്കൈ ഭാഗത്തെ രക്ഷാപ്രവർത്തനങ്ങൾക്കാണ് പ്രഥമ പരിഗണന നൽകുന്നത്. രണ്ടാമത് അട്ടമലയും മൂന്നാമത് ചൂരൽ മലയുമാണ്. ചികിത്സയും പരിചരണവും നൽകാൻ ആവശ്യമായ മെഡിക്കൽ ടീമിനെയും സജ്ജമാക്കിയിട്ടുണ്ട്. അവശിഷ്ടങ്ങൾക്കിടയിൽ നിന്നും മൃതദേഹങ്ങൾ കണ്ടെത്താൻ കെ-9 ടീമിനെ നിയോഗിച്ചു. ഭക്ഷണവും കുടിവെള്ളവും എത്തിക്കാൻ നേവിയുടെ സഹായവും സ്വീകരിച്ചിട്ടുണ്ട്.

അഗ്നിരക്ഷ സേന, കേരള പോലീസ്, വിവിധ സേന വിഭാഗങ്ങൾ, വിവിധ വകുപ്പുകൾ എന്നിവ എല്ലാം ചേർന്ന് ഏകോപിതവും വേഗത്തിലുള്ളതുമായ രക്ഷാപ്രവർത്തനമാണ് നടക്കുന്നത്. തിരുവനന്തപുരത്തു നിന്നും 132 സേനാംഗങ്ങൾ കൂടി എത്തി. കണ്ണൂർ ഡി എസ് സി യിൽ നിന്ന് 6 ഓഫിസർമാരു




## വൈദ്യുതി പുനഃസ്ഥാപനം അതിവേഗം

ഉരുൾപൊട്ടൽ കേന്ദ്രത്തിൽ നിന്നും 4 കി. മീ വരെ വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചു. കൽപ്പറ്റ ടൗണിലും പ്രധാന ആശുപത്രികളിലും ബാക്ക് ഫീഡിങ്ങിലൂടെ വൈദ്യുതി എത്തിച്ചു.

വൈദ്യുതി പുനഃസ്ഥാപനത്തിന് എബിസി കേബിളുകളും ട്രാൻസ്‌ഫോമറുകളും എത്തി. ചൂരൽമല ടെലിഫോൺ എക്സ്ചേഞ്ച് വരെയും ഉരുൾപൊട്ടലിനെ തുടർന്ന് പാലം ഒലിച്ചുപോയ ചൂരൽമല ടൗൺ വരെയും വൈദ്യുതി ശൃംഖല പുനർനിർമ്മിച്ച് അവിടങ്ങളിൽ വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചതായി കെഎസ്ഇബി അറിയിച്ചു.

വെള്ളം കയറിയതിനാൽ കൽപ്പറ്റ 33 കെവി സബ്സ്റ്റേഷൻ നിന്ന് വൈദ്യുതി വിതരണം തടസ്സപ്പെട്ടതും പുനഃസ്ഥാപിച്ചു.



ടെ നേതൃത്വത്തിൽ 67 സേനാംഗങ്ങളുണ്ട്. താൽക്കാലികമായി ഒരാൾക്ക് നടക്കാനുള്ള പാലം ചൊവ്വാഴ്ച സന്ധ്യയോടെ സജ്ജമായി. ഇത് രക്ഷാ പ്രവർത്തനത്തിന് വേഗം കൂട്ടി. പാലത്തിലൂടെ ആളുകളെ ചൂരൽമലയിലേക്കും അവിടെ നിന്ന് ആശുപത്രിയിലേക്കും എത്തിക്കുന്നു. വ്യോമസേന ഹെലികോപ്റ്റർ ഉപയോഗിച്ചും കുരുങ്ങിക്കിടന്ന ആളുകളെ രക്ഷിച്ച് ആശുപത്രിയിലേക്ക് മാറ്റുന്നുണ്ട്.

ഇന്റലിജന്റ് ബറീഡ് ഒബ്ജക്റ്റ് ഡിറ്റക്ഷൻ സിസ്റ്റം ഉപയോഗിച്ച് മണ്ണിനടിയിലുള്ള മനുഷ്യന്റെ സാന്നിധ്യം കണ്ടെത്തുന്നതിന് ശ്രമിക്കും. ഇതിനായി റിട്ട. മേജർ ജനറൽ ഇന്ദ്രപാലന്റെ നേതൃത്വത്തിലുള്ള സംഘത്തിന്റെ സഹായം തേടിയിട്ടുണ്ട്. എൻഡിആർഎഫിന്റെ 3 ടീമുകളുണ്ട്. മദ്രാസ് റെജിമെന്റ്, ഡിഫെൻസ് സർവീസ് കോപ്സ് എന്നിവർ ഡിങ്കി ബോട്ട്സും വടവും ഉപയോഗിച്ച് രക്ഷപ്രവർത്തനം നടത്തുന്നു.

ലോക്കൽ പോലീസിന്റെ 350 പേർ സ്ഥലത്തുണ്ട്. കേരള പോലീസിന്റെ കഡാവർ നായകൾ, ഹൈ ആൾട്ടിറ്റ്യൂഡ് ടീം, സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് എന്നിവയും ഉണ്ട്. രക്ഷാപ്രവർത്തനത്തിന് രണ്ട് ഹെലികോപ്റ്ററുകൾ (എ.എൽ.എച്ച്, എം ഐ-7 ഹെലികോപ്റ്ററുകൾ) ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ചൂരൽമലയിൽ താലൂക്ക് തല കൺട്രോൾ റൂം തുടങ്ങി. മന്ത്രിമാർ നേരിട്ട് സ്ഥലത്ത് ക്യാമ്പ് ചെയ്ത് പ്രവർത്തനം ഏകോപിപ്പിക്കുന്നു. വനംവകുപ്പിന്റെ 55 അംഗങ്ങൾ, ആരോഗ്യ വകുപ്പ്, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ എന്നിവ സർവ്വസജ്ജമായി ചൂരൽമലയിൽ.

## 2024 ആഗസ്റ്റ് 1 വ്യാഴാഴ്ച

മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട് നിന്ന് വയനാട്ടിലേക്ക്. ചീഫ് സെക്രട്ടറിയും പോലീസ് മേധാവിയും അനുഗമിക്കുന്നു.

മൂന്നാം ദിനം 177 മരണങ്ങൾ സ്ഥിരീകരിച്ചു

വയനാട് കളക്ടറേറ്റിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ രാവിലെ 11.30 ന് സർവകക്ഷിയോഗം ചേർന്നു.

**വയനാട് കളക്ടറേറ്റിൽ മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം.**

ഉരുൾപൊട്ടൽ രക്ഷാദൗത്യത്തിന്റെയും പുനരധിവാസ പ്രവർത്തനങ്ങളുടെയും തുടർ പ്രവർത്തനങ്ങൾക്ക് നാലംഗ മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. റവന്യൂ - ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ, വനം - വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ, പൊതുമരാമത്ത്- ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ്, പട്ടികജാതി- പട്ടികവർഗ പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ കേളു എന്നിവരടങ്ങിയതാണ് ഉപസമിതി. സ്പെഷ്യൽ ഓഫീസർ സീറാം സാംബശിവ റാവു, ഡോ.എ കൗശിഗൻ എന്നിവർ സ്പെഷ്യൽ ഓഫീസർമായി പ്രവർത്തിക്കും. ദുരന്തസമയത്ത് എല്ലാവരും ഒരേ മനസ്സോടെയും ഗൗരവം ഉൾക്കൊണ്ടുമാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. രക്ഷാപ്രവർത്തനത്തെക്കുറിച്ച് പൊതുജനങ്ങളും രാഷ്ട്രീയ പാർട്ടികളും മികച്ച സംതൃപ്തിയാണ് രേഖപ്പെടുത്തിയതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഉരുൾപൊട്ടൽ ഉണ്ടായശേഷം മൂന്ന് ദിവസങ്ങളിലായി നടത്തിയ രക്ഷപ്രവർത്തനങ്ങളിൽ ജീവനോടെയുള്ള എല്ലാവരെയും രക്ഷപ്പെടുത്താൻ കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ വ്യാഴാഴ്ച വയനാട്ടിൽ ചേർന്ന ഉദ്യോഗസ്ഥതല യോഗം വിലയിരുത്തി.

മുണ്ടക്കൈ, അട്ടമല ഭാഗങ്ങളിൽ ഇനി ആരും ജീവനോടെ കുടുങ്ങികിടക്കാനുള്ള സാധ്യതയില്ലെന്ന് കേരള-കർണാടക സബ് ഏരിയ ജനറൽ ഓഫീസർ കമാന്റിംഗ് (ജിഒസി) മേജർ ജനറൽ വി ടി മാത്യു യോഗത്തെ അറിയിച്ചു. ആർമിയുടെ 500 പേർ മുണ്ടക്കൈ, ചൂരൽമല മേഖലയിൽ




## കാട്ടിലും നാട്ടിലും രക്ഷയുടെ കരങ്ങൾ

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ രക്ഷാപ്രവർത്തകരും വഴികാട്ടിയുമാണ് വനം വകുപ്പ്. വനാതിർത്തികൾ പങ്കിടുന്ന ദുരന്തമേഖലയെ ഏറ്റവും കൂടുതൽ അടുത്തറിയുന്ന വനം വകുപ്പിൽ നിന്നാണ് തത്സമയ രക്ഷാപ്രവർത്തനത്തിന് വഴികളൊരുങ്ങിയത്. കനത്തമഴയോടൊപ്പം കാട്ടാനകളും വന്യമൃഗങ്ങളും ഈ പ്രദേശങ്ങളിൽ ജനവാസ കേന്ദ്രത്തിലെത്തുന്ന എന്ന വിവരം കിട്ടിയതിനെ തുടർന്നാണ് വനപാലകസംഘം മുണ്ടക്കൈ ഫോറസ്റ്റ് സെക്ഷൻ ഓഫീസിൽ നിന്നും അർദ്ധരാത്രി ഇവിടെയെത്തുന്നത്. ഫോറസ്റ്റ് സെക്ഷൻ ഓഫീസർ കെ.ശിവരാമന്റെ നേതൃത്വത്തിലുള്ള സംഘം വാഹനത്തിൽ ചൂരൽമല പാലത്തിനരികിലെത്തുമ്പോൾ അസാധാരണമായവിധം പാലത്തിൽ വെള്ളം ഉയരുന്നതാണ് കണ്ടത്. ഉടൻ തന്നെ സമീപവാസികളെയെല്ലാം വിവരം അറിയിക്കുകയായിരുന്നു. തുടർന്ന് നീലിക്കാപ്പ് ഭാഗത്തേക്ക് പുറപ്പെടുന്ന വേളയിലാണ് ഉരുൾപൊട്ടലുണ്ടായെന്ന വിവരം ലഭിക്കുന്നത്. വാഹനത്തിൽ ചൂരൽമലയിലേക്ക് സംഘം കുതിച്ചെത്തിയപ്പോൾ വീടുകളിലും പരിസരത്തുമെല്ലാം ചെളിയും വെള്ളവും ഇരച്ചുകയറുന്നതാണ് കണ്ടത്. ഈ സമയം പരിഭ്രാന്തരായ ജനങ്ങൾ സ്കൂൾ റോഡ് വഴി ഓടുന്നതും കണ്ടതോടെ ജീപ്പിന്റെ ലൈറ്റുകൾ തെളിച്ച് വെച്ച് വനപാലക സംഘം ആളുകളെ വെള്ളത്തിൽ നിന്നും കരകയറ്റാൻ തുടങ്ങി. 44 ലധികം പേരെയാണ് കനത്ത മഴയിലും ഇരുട്ടിലും വനപാലകർ രക്ഷിച്ചത്. ഇതേ സമയം വിവരമറിഞ്ഞ് ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ കെ.പ്രദീപന്റെ നേതൃത്വത്തിലുള്ള സംഘം കൂടുതൽ സേനയുമായി സ്ഥലത്തെത്തി. വിവിധയിടങ്ങളിൽ പട്രോളിങ്ങിലായിരുന്ന ആർ.ആർ.ടിയും മേപ്പാടി റെയിഞ്ച് ഓഫീസർ സഞ്ജയ് കുമാറും

## പരിചയസമ്പത്തോടെ എൻ.ഡി.ആർ.എഫ്

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ ഏറ്റവും ആദ്യം സ്ഥലത്തെത്തിയവരുടെ കൂട്ടത്തിൽ എൻ.ഡി.ആർ.എഫ് ടീമും ഉണ്ടായിരുന്നു. കാലവർഷതുടക്കത്തിൽ വയനാട്ടിലെത്തി മീനങ്ങാടിയിൽ ക്യാമ്പ് ചെയ്യുന്ന വേളയിലാണ് മുണ്ടക്കൈയിൽ ദുരന്തമുണ്ടായത്. ഇതിന് തൊട്ട് പിന്നാലെ പുലർച്ചെ 4.40 നാണ് എൻ.ഡി.ആർ.എഫ് സംഘം ചൂരൽമലയിലെത്തുന്നത്. ഇവിടെ നിന്നുള്ള 30 അംഗ ടീമും ദുരന്തമുഖത്തേക്ക് കുതിക്കുകയായിരുന്നു. വിനാശകരമായ ദുരന്തത്തിന്റെ ആഴവും പരപ്പുമറിഞ്ഞ സേനയുടെ ജാഗ്രതയുള്ള ഇടപെടലുകളിലൂടെ നിരവധി ജീവനുകളെ പ്രതീക്ഷയുടെ തീരത്തേക്ക് കൈപിടിക്കാനായി. കമാൻഡന്റ് അഖിലേഷ് കുമാറിന്റെയും ഡെപ്യൂട്ടി കമാൻഡന്റ് കെ. കപിലിന്റെയും നേതൃത്വത്തിൽ കൂടുതൽ സേനാംഗങ്ങൾ ദുരന്തമേഖലയിൽ രക്ഷാപ്രവർത്തനങ്ങൾക്കായെത്തി. ആസ്ഥാന കേന്ദ്രം ചെന്നൈ ആർക്കോണം, ബംഗളൂരു, കോഴിക്കോട് ജില്ലകളിൽ നിന്നായി 126 പേരാണ് മുണ്ടക്കൈ ദുരന്തഭൂമിയിൽ രക്ഷാപ്രവർത്തനത്തിൽ വ്യാപൃതരായിട്ടുള്ളത്. എൻ.ഡി. ആർ.എഫ് ഐ.ജി. നരേന്ദ്രസിങ്ങ് ബൻഡുലെ നേരിട്ട് ചൂരൽമലയിലെ ദുരന്തബാധിത പ്രദേശത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു. ദുരന്ത പ്രദേശങ്ങളിൽ നിന്നും 96 മൃതശരീരങ്ങളാണ് എൻ.ഡി.ആർ.എഫ് കണ്ടെടുത്തത്. 219 ആളുകളെ ദുരന്തമേഖലയിൽ രക്ഷപ്പെടുത്താനും എൻ.ഡി.ആർ.എഫിന് കഴിഞ്ഞു.

എത്തി. ഇവിടെ രക്ഷാപ്രവർത്തനം പുരോഗമിക്കുന്ന സമയത്താണ് അതി ഭീകരമായ രണ്ടാമത്തെ ഉരുൾപൊട്ടലിന് സാക്ഷിയാകുന്നത്. സംഭവസ്ഥലത്ത് നിന്നും പ്രാണരക്ഷാർഥം ഓടി മാറുന്നതിനിടയിൽ വനംവകുപ്പ് ബീറ്റ് ഫോറസ്റ്റ് ഓഫീസർ ജെ.ശിവകുമാർ അത്ഭുതകരമായാണ് രക്ഷപ്പെട്ടത്. കനത്തമഴയെയും മൂടൽ മഞ്ഞിനെയും വകവെക്കാതെ ഭൂപ്രദേശത്തിന്റെ എല്ലാഭാഗങ്ങളും നേരിട്ടറിയുന്ന വനപാലകർ രക്ഷാപ്രവർത്തനങ്ങൾക്കെല്ലാം വഴികാട്ടിയായി. ഒരേ സമയം ആളുകളെ വീണ്ടെടുക്കാനും സേന ഉണർന്നു പ്രവർത്തിച്ചു. കുതിച്ചൊഴുകുന്ന മലവെള്ളത്തിന് കുറുകെ കയറിൽ തൂങ്ങി മറുകരകടന്നാണ് കൽപ്പറ്റ റെയിഞ്ചർ ഹാഷിഫും സംഘവും രക്ഷയ്ക്കായി നിലവിളിച്ച ഒരാളെ അതിസാഹസികമായി ജീവിതത്തിലേക്ക് കൈപിടിച്ചത്. സൗത്ത് വയനാട് ഡി.എഫ്.ഒ ഉടൻ തന്നെ സ്ഥലത്തെത്തി വനം വകുപ്പിന്റെ രക്ഷാപ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു.



തിരച്ചിലിനായി ഉണ്ട്. ഇനി ആരെയും രക്ഷപ്പെടുത്താൻ ഇല്ലെന്നാണ് കരുതുന്നത്. ഒറ്റപ്പെട്ട ആരെങ്കിലും കുടുങ്ങിക്കിടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്.

കേരള പോലീസിന്റെ 1000 പേർ തെരച്ചിൽ സ്ഥലത്തും 1000 പൊലീസുകാർ മലപ്പുറത്തും പ്രവർത്തന രംഗത്ത് ഉണ്ടെന്ന് എഡിജിപി എം ആർ അജിത്കുമാർ അറിയിച്ചു. മൃതദേഹ അവശിഷ്ടങ്ങളുടെ തിരിച്ചറിയലും സംസ്കാരവുമാണ് പ്രശ്നമായി അവശേഷിക്കുന്നത്.

ഉരുൾപൊട്ടലിനെ തുടർന്ന് മുണ്ടക്കൈ, വെള്ളാർമല പ്രദേശത്തെ രണ്ട് സ്കൂളുകളിൽ നിന്നും മേപ്പാടി ഭാഗത്തെ രണ്ട് സ്കൂളുകളിൽ നിന്നുമായി ആകെ 29 വിദ്യാർഥികളെ കാണാതായതായി ഡിഡിഇ ശശീന്ദ്രവ്യാസ് വി എ അറിയിച്ചു.

മൃതദേഹം കിട്ടിയാൽ മൂന്ന് മിനിറ്റിനുള്ളിൽ പോസ്റ്റമോർട്ടം തുടങ്ങുന്നുണ്ടെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. ക്യാമ്പിൽ കഴിയുന്നവർക്ക് മാനസികാഘാത പ്രശ്നമുണ്ട്. കൗൺസിലിങ് നൽകിവരുന്നു. പകർച്ചവ്യാധിയാണ് പ്രധാന ഭീഷണി. അത് തടയാൻ മൃഗങ്ങളുടെ മൃതദേഹങ്ങളും വേണ്ട രീതിയിൽ സംസ്കരിക്കാനുള്ള നടപടികൾ ചെയ്യുന്നുണ്ട്.

വീടുകൾ ഉൾപ്പെടെ 348 കെട്ടിടങ്ങളെയാണ് ഉരുൾപൊട്ടൽ ബാധിച്ചതെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ഡോ. എ കൗശിഗൻ അറിയിച്ചു. അവകാശികൾ ഇല്ലാത്ത മൃതദേഹങ്ങൾ സംസ്കരിക്കാൻ പ്രോട്ടോകോൾ തയ്യാറായിട്ടുണ്ടെന്ന് പ്രത്യേക ഉദ്യോഗസ്ഥൻ സീറാം സാംബശിവ റാവു അറിയിച്ചു. 129 മൊബൈൽ ഫ്രീസറുകൾ

# നഷ്ടമായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി വിദ്യാഭ്യാസ വകുപ്പ്

ഉരുൾപൊട്ടലിൽ സർട്ടിഫിക്കറ്റ് നഷ്ടമായ ചൂരൽമല സ്വദേശി എം മുഹമ്മദ് നബീലിന് സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമാക്കി പൊതു വിദ്യാഭ്യാസ വകുപ്പ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആർ ശരചന്ദ്രനാണ് നബീലിന് എസ്എസ്എൽസി, ഹയർസെക്കൻഡറി സർട്ടിഫിക്കറ്റുകൾ കൈമാറിയത്. ചുണ്ടേൽ റോമൻ കാത്തലിക് ഹയർസെക്കൻഡറി സ്കൂളിൽ നിന്ന് ഹയർസെക്കൻഡറി പഠനം പൂർത്തിയാക്കിയ നബീലിന് സെൻട്രൽ യൂണിവേഴ്സിറ്റി പ്രവേശനത്തിന് ഓപ്ഷൻ നൽകാനാണ് സ്കൂൾ സർട്ടിഫിക്കറ്റ് അത്യാവശ്യമായി വന്നത്.

വിദ്യാഭ്യാസ ഉപഡയറക്ടർ, ഹയർസെക്കൻഡറി ഡപ്യൂട്ടി ഡയറക്ടറെ വിവരമറിയിച്ചതിനെ തുടർന്ന് പരീക്ഷാ വിഭാഗവും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ മന്ത്രിയുടെ നിർദേശ പ്രകാരം സർട്ടിഫിക്കറ്റുകൾ ഒറ്റ ദിവസം കൊണ്ട് ലഭ്യമാക്കുകയായിരുന്നു. സർട്ടിഫിക്കറ്റുകൾ നഷ്ടമായ മുഴുവൻ വിദ്യാർഥികളുടെയും തുടർ വിദ്യാഭ്യാസത്തിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ അടിയന്തരമായി ലഭ്യമാക്കാൻ വിദ്യാഭ്യാസ മന്ത്രി നിർദേശം നൽകി. നഷ്ടപ്പെട്ട സ്കൂൾ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുമെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു.



നിലവിലുണ്ട്. ഇതിൽ 59 എണ്ണം ഉപയോഗിക്കുന്നു. മൊബൈൽ ഫ്രീസർ നൽകാൻ കർണാടക തയാറായിട്ടുണ്ട്.

ചൂരൽമല ഉരുൾപൊട്ടൽ മേഖലയിലെ പ്രദേശങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിച്ചു.

ഉരുൾപൊട്ടലിൽ ഒറ്റപ്പെട്ടുപോയ മുണ്ടക്കൈയിലേക്ക് ചൂരൽമലയിൽ നിന്നും നിർമ്മിക്കുന്ന ബെയ്‌ലി പാലത്തിന്റെ നിർമ്മാണ പുരോഗതി മുഖ്യമന്ത്രി വിലയിരുത്തി. മന്ത്രിമാരായ കെ രാജൻ, റോഷി അഗസ്റ്റിൻ, എ.കെ ശശീന്ദ്രൻ, പി.എ മുഹമ്മദ് റിയാസ്, കെ കൃഷ്ണൻകുട്ടി, ഒ.ആർ കേളു, നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ, ചീഫ് സെക്രട്ടറി ഡോ വി. വേണു, ജില്ലാ കളക്ടർ ഡി. ആർ മേഘശ്രീ എന്നിവർ മുഖ്യമന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യമായിട്ടുള്ള അവശ്യവസ്തുക്കൾ ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പാക്കുന്നു. റേഷൻ കടകളിലും സപ്ലൈകോ വിൽപനശാലകളിലും ഭക്ഷ്യ ധാന്യങ്ങളുടെ ലഭ്യത ഉറപ്പാക്കി.

മുണ്ടക്കൈ, ചൂരൽമല മേഖലയിൽ ആഗസ്റ്റ് 2 മുതൽ 40 ടീമുകൾ ആറ് സെക്ടറുകളായി തിരിഞ്ഞ് തിരച്ചിൽ നടത്തുമെന്ന് മന്ത്രിസഭ ഉപസമിതി അറിയിച്ചു.

അട്ടമലയും ആറൻമലയും ചേർന്നതാണ് ആദ്യത്തെ സോൺ. മുണ്ടക്കൈ രണ്ടാമത്തെ സോണും പുഞ്ചിരിമട്ടം മൂന്നാമത്തേതും വെള്ളാർമല വില്ലേജ് റോഡ് നാലാമത്തേതും ജിവിഎച്ച്എസ്എസ് വെള്ളാർമല അഞ്ചാമത്തെ സോണും പുഴയുടെ അടിവാരം ആറാമത്തെ സോണുമാണ്. സമാന്തരമായി മറ്റൊരു തിരച്ചിൽ നടത്തും. ഇതോടൊപ്പം കോസ്റ്റ്ഗാർഡും നേവിയും വനം വകുപ്പും ചേർന്ന് പുഴയുടെ അരികുകളും മൃതദേഹങ്ങൾ തങ്ങാൻ സാധ്യതയുള്ള ഇടങ്ങൾ കേന്ദ്രീകരിച്ചും തിരച്ചിൽ നടത്തും.




ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള സാധനങ്ങൾ എത്തിച്ച മേപ്പാടി സ്കൂൾ

# പ്രതീക്ഷയുടെ ഉരുക്കുപാലം



മണ്ണിൽ പുതഞ്ഞ മൃതദേഹങ്ങൾ കണ്ടെത്താനായി ഡൽഹിയിൽ നിന്നും ഡ്രോൺ ബേസ്ഡ് റഡാർ ശനിയാഴ്ച എത്തുമെന്നും അറിയിച്ചു. നിലവിൽ 6 നായകളാണ് തിരച്ചിലിൽ സഹായിക്കുന്നത്. തമിഴ്നാട്ടിൽ നിന്നും നാല് കാഡാവർ നായകൾ കൂടി വയനാട്ടിലേക്ക് പുറപ്പെട്ടിട്ടുണ്ട്. സൈന്യം, എൻഡിആർഎഫ്, ഡി എസ്ജി, കോസ്റ്റ് ഗാർഡ്, നേവി, എംഇജി ഉൾപ്പെടെയുള്ള സംയുക്ത സംഘമാണ് തിരച്ചിൽ നടത്തുക. ഓരോ ടീമിലും മൂന്ന് നാട്ടുകാരും ഒരു വനംവകുപ്പ് ജീവനക്കാരനും ഉണ്ടാവും.

ഇതിന് പുറമെ ചാലിയാർ കേന്ദ്രീകരിച്ച് ഒരേസമയം മൂന്ന് രീതിയിൽ തിരച്ചിലും തുടങ്ങും. 40 കിലോമീറ്ററിൽ ചാലിയാറിന്റെ പരിധിയിൽ വരുന്ന എട്ട് പോലീസ് സ്റ്റേഷന്റെ പുഴ ഭാഗങ്ങളിൽ പോലീസും നീന്തൽ വിദഗ്ധരായ നാട്ടുകാരും ചേർന്നാണിത്. പോലീസ് ഹെലികോപ്റ്റർ ഉപയോഗിച്ച് ജെസിബി, ഹിറ്റാച്ചി, കട്ടിങ് മെഷീൻ എന്നിവ ലഭ്യമാക്കും.

1200 പേർ വ്യാഴാഴ്ചത്തെ തിരച്ചിലിൽ മൊത്തം പങ്കെടുത്തതായി സേനാഉദ്യോഗസ്ഥർ അറിയിച്ചു.

## 2024 ആഗസ്റ്റ് 2 വെള്ളി

ദുരന്തത്തിൽ മരിച്ചവരിൽ തിരിച്ചറിയാൻ സാധിക്കാത്ത ഭൗതികശരീരങ്ങൾ ജില്ലയിലെ പൊതുശ്മശാനങ്ങളിൽ സംസ്കരിക്കും. കൽപ്പറ്റ നഗരസഭ, വൈത്തിരി, മുട്ടിൽ, കണിയാമ്പറ്റ, പടിഞ്ഞാറത്തറ, തൊണ്ടർനാട്, എടവക, മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തുകളിലാണ് സംസ്കാരത്തിനുള്ള സൗകര്യം ഒരുക്കിയത്.

ജില്ലയിൽ കാലവർഷക്കെടുതിയുടെ ഭാഗമായി 91 ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു.

മേപ്പാടി ഗവ ഹയർസെക്കൻഡറി സ്കൂൾ, കോട്ടനാട് ഗവ സ്കൂൾ, മേപ്പാടി സെന്റ് ജോസഫ് യു.പി സ്കൂൾ, നെല്ലിമുണ്ട അമ്പലം ഹാൾ, കാപ്പംകൊല്ലി ആരോമ ഇൻ, മേപ്പാടി മൗണ്ട് ടാബോർ സ്കൂൾ, മേപ്പാടി സെന്റ് ജോസഫ് ഗേൾസ് ഹൈസ്കൂൾ, തൃക്കൈപ്പറ്റ ഗവ ഹൈസ്കൂൾ, തൃക്കൈപ്പറ്റ സെന്റ് തോമസ് പള്ളി, മേപ്പാടി ജി.എൽ.പി സ്കൂൾ, റിപ്പൺ ഹയർസെക്കൻഡറി സ്കൂൾ, റിപ്പൺ ഹയർസെക്കൻഡറി സ്കൂൾ(പുതിയ കെട്ടിടം), അരപ്പറ്റ സി.എം.എസ് ഹൈസ്കൂൾ, ചുണ്ടേൽ ആർ.സി. എൽ.പി സ്കൂൾ, കൽപ്പറ്റ എസ്.ഡി.എം. എൽ.പി സ്കൂൾ, കൽപ്പറ്റ ഡി പോൾ സ്കൂൾ, മുട്ടിൽ ഡബ്ല്യൂ.എം.ഒ കോളേജ് എന്നിവിടങ്ങളിലെ 17 ക്യാമ്പുകളിലാണ് ദുരന്തമേഖലയിൽ നിന്നും മാറ്റിയ ആളുകളെ താമസിപ്പിക്കുന്നത്.

## 2024 ആഗസ്റ്റ് 3 ശനി

വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ ARD 44, 46 എന്നീ റേഷൻകടകളിലെ മുഴവൻ ഗുണഭോക്താക്കൾക്കും ആഗസ്റ്റ് മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി നൽകുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ അറിയിച്ചു.

മുണ്ടക്കൈ - ചൂരൽമല - അട്ടമല ഉരുൾ

ദുരന്തം നടന്ന് ഒരു രാത്രിയും രണ്ട് പകലും അതിനിടയിൽ പെരുമഴയും. ദുരന്തങ്ങൾക്ക് തോൽപ്പിക്കാൻ കഴിയാത്ത നിശ്ചയദാർഢ്യത്തിന്റെ കരുത്തുമായി ചൂരൽമലയിൽ സൈന്യം ഉരുക്കുപാലം നിർമ്മിച്ചു. ഇന്ത്യൻ ആർമിയുടെ മദ്രാസ് എൻജിനീയറിങ്ങ് ഗ്രൂപ്പാണ് അതിവേഗം ഇവിടെ പാലം നിർമ്മിച്ചത്. കുത്തിയൊഴുകുന്ന മലവെള്ളത്തിന് മുകളിലാണ് ബെയ്‌ലി പാലം ഒരുങ്ങിയത്. മേജർ ജനറൽ വി.ടി. മാത്യുവിന്റെ വാഹനവും സൈന്യത്തിന്റെ ആദ്യ മെഡിക്കൽ യൂണിറ്റും ഇതുവഴി മുണ്ടക്കൈ മലയുടെ നെറുകയിലേക്ക് ആദ്യമായി കടന്നുപോയപ്പോൾ ഇരുകരകൾക്കിടയിലും അതൊരു ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും പുതിയ പാലമായി. ഈ പാലത്തിലൂടെയായിരുന്നു പൂർണ്ണമായും ഒറ്റപ്പെട്ട മുണ്ടക്കൈയിലേക്കും അട്ടമലയിലേക്കുമെല്ലാം രക്ഷാപ്രവർത്തകർ എത്തിയത്.

ഇന്ത്യൻ ആർമി മദ്രാസ് എൻജിനീയറിങ്ങ് ഗ്രൂപ്പിലെ 250 സൈനികരാണ് ബെയ്‌ലിപാലം നിർമ്മിച്ചത്. ടി.ഡി.ആർ സേനയും ഇവർക്കൊപ്പമുണ്ടായിരുന്നു. പാലത്തിന്റെ ഫാബ്രിക്കേറ്റഡ് ബീമുകളും സാമഗ്രികളും കണ്ണൂർ വിമാനത്താവളം വഴിയാണ് വയനാട്ടിലെത്തിച്ചത്. വിശ്രമമില്ലാതെ പ്രതികൂലമായ കാലാവസ്ഥയെയും മറികടന്നാണ് ഇവിടെ പാലം ഉയർന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ, നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, മന്ത്രിമാർ തുടങ്ങിയവരെല്ലാം സൈന്യത്തിന്റെ പാലം നിർമ്മാണം നിരീക്ഷിക്കാൻ ഇവിടെ എത്തിയിരുന്നു.

പൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിന് സംസ്ഥാന ദുരന്തനിവാരണ പ്രതികരണ നിധിയിൽ നിന്നും ജില്ലാ കളക്ടർക്ക് നാല് കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായി.

ഡിഎൻഎ സാമ്പിളെടുക്കുന്നതിന് മാനസികാരോഗ്യ പിന്തുണയുള്ള പ്രോട്ടോകോൾ ആരോഗ്യ വകുപ്പ് തയ്യാറാക്കിയതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്.

കാണാതായ തങ്ങളുടെ പ്രിയപ്പെട്ടവരെ തേടി ആരെങ്കിലും എത്തുമ്പോൾ അവരുടെ സാമ്പിളുകൾ കൂടി എടുത്ത് ഡിഎൻഎ പരിശോധന നടത്തിയാൽ മരിച്ചത് ആരാണ് എന്നത് തിരിച്ചറിയാൻ കഴിയും. ഇങ്ങനെ സാമ്പിളുകൾ ഡിഎൻഎ പരിശോധനയ്ക്ക് എടുക്കുമ്പോൾ മാനസികമായി അവരെ സജ്ജമാക്കുന്നതിനാണ് മാനദണ്ഡങ്ങൾ തയ്യാറാക്കിയതെന്നും മന്ത്രി വ്യക്തമാക്കി.

മുണ്ടക്കൈ - ചൂരൽമല ദുരിതബാധിത പ്രദേശങ്ങളിൽ ഡ്രോൺ സർവേ നടത്തുമെന്ന് മന്ത്രിസഭാഉപസമിതി അറിയിച്ചു. മേഖലയിലെ പഴയകാല ചിത്രവുമായി താരതമ്യം ചെയ്യാവും തിരച്ചിൽ. ഉരുൾപൊട്ടലിൽ പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ മൺകൂനകളുടെ ഉയർച്ച വ്യത്യാസം മനസ്സിലാക്കി പരിശോധന ശക്തമാക്കും.

എൻ.ഡി.ആർ.എഫ്, കെ - 9 ഡോഗ് സ്ക്വാഡ്, ആർമി കെ - 9 ഡോഗ് സ്ക്വാഡ്, സ്പെഷ്യൽ ഓപറേഷൻ ഗ്രൂപ്പ്, മദ്രാസ് എൻജിനിയറിങ് ഗ്രൂപ്പ്, പോലിസ്, ഫയർഫോഴ്സ്, ഫോറസ്റ്റ്, തമിഴ്നാട് ഫയർ ആൻഡ് റസ്ക്യൂ, മെഡിക്കൽ ടീം, ദേശീയ ദുരന്തനിവാരണ അതോറിറ്റി ഡെൽറ്റ സ്ക്വാഡ്, നേവൽ, കോസ്റ്റ് ഗാർഡ് തുടങ്ങിയ 11 സേനാ വിഭാഗങ്ങളിലെ 1264 പേരാണ് ആറ് മേഖലകളിലായി തിരിഞ്ഞ് അഞ്ച് ദിവസം തിരച്ചിൽ നടത്തിയത്. പരിശോധനയിൽ നാല് മൃതദേഹങ്ങൾ കണ്ടെത്തി.

പുഞ്ചിരി മട്ടം, മുണ്ടക്കൈ, ചൂരൽമല, വില്ലേജ് പരിസരം, സ്കൂൾ റോഡ് എന്നിവിടങ്ങളിലായി 31 മണ്ണുമാന്തി യന്ത്രങ്ങൾ ഉപയോഗിച്ചും പരിശോധന നടത്തി. അപകടത്തിൽ കാണാതായവരെ കണ്ടെത്തുന്നതിന്



ഫോട്ടോഗ്രാഫി ഫോൾഡറും മിസ്സിംഗ് കേസ് രജിസ്റ്റർ ചെയ്ത കുടുംബങ്ങളെയും പരിശോധിക്കും. ദുരിതാശ്വാസ ക്യാമ്പുകൾ സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും സമിതി അറിയിച്ചു.

## പുനരധിവാസം, ടൗൺഷിപ്പ് നിർമ്മിക്കുക ലക്ഷ്യം

**മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം തിരുവനന്തപുരത്ത്.**

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽനിന്ന് രക്ഷപ്പെട്ടവരുടെ പുനരധിവാസം മികച്ച രീതിയിൽ നടത്താനാകണമെന്നാണ് സർക്കാർ ആലോചിച്ചിട്ടുള്ളതെന്നും വലിയ അധ്വാനവും മികച്ച ആസൂത്രണവും അനിവാര്യമായ ഈ ഉദ്യമം അതിവേഗം പൂർത്തിയാക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ഒരു വലിയ ജനവാസമേഖലയാണ് മറഞ്ഞു പോയത്. അതിനു പകരം കൂടുതൽ സുരക്ഷിതമായ മറ്റൊരു പ്രദേശം കണ്ടെത്തി അവിടെ ഒരു ടൗൺഷിപ്പ് തന്നെ നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിനാവശ്യമായ ചർച്ചകൾ ഭരണതലത്തിൽ ആരംഭിച്ചു കഴിഞ്ഞു. ഏറ്റവും മാതൃകാപരമായ രീതിയിൽ ഈ പുനരധിവാസ പദ്ധതി അതിവേഗം പൂർത്തിയാക്കാൻ ലഭ്യമായ എല്ലാ സൗകര്യങ്ങളുമുപയോഗിച്ച് പ്രവർത്തിക്കുമെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ദുരന്തമുണ്ടായ പ്രദേശത്തെ വെള്ളാർമല സ്കൂളിൽ കഴിഞ്ഞ ദിവസം വരെ പഠിച്ച അനേകം വിദ്യാർഥികളെ ദുരന്തം കൊണ്ടുപോയി. അവിടെ പഠനം മുടങ്ങി. ഈ പ്രതിസന്ധി കാരണം കുട്ടികളുടെ വിദ്യാഭ്യാസത്തിനു മുടക്കം വരാൻ പാടില്ല. ആവശ്യമായ സംവിധാനങ്ങൾ ഉടനടി ഏർപ്പെടുത്തും. അതിനു നേതൃത്വം നൽകാൻ വിദ്യാഭ്യാസമന്ത്രി വയനാട്ടിൽ എത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ ചൂരൽമല, മുണ്ടക്കൈ പ്രദേശത്ത് പോലീസിന്റെ രാത്രികാല പട്രോളിങ്ങ് ഏർപ്പെടുത്തി. ദുരന്തത്തിന് ഇരയായവരുടെ വീടുകളിലോ പ്രദേശത്തോ രാത്രിയിൽ അതിക്രമിച്ച് കടക്കുന്നവർക്കെതിരെ നടപടിയെടുക്കും. ഇവിടങ്ങളിലെ വീടുകളിലോ പ്രദേശങ്ങളിലോ രക്ഷാപ്രവർത്തനത്തിന്റെ പേരിലോ അല്ലാതെയോ പോലീസിന്റെ അനുവാദമില്ലാതെ രാത്രികാലങ്ങളിൽ ആരും പ്രവേശിക്കാൻ പാടില്ല.

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവർക്കായുള്ള തിരച്ചിൽ അഞ്ചാം ദിനം പൂർത്തിയായി. തിരച്ചിലിൽ നാലു മൃതദേഹങ്ങളാണ് കണ്ടെടുത്തത്. ഇതിൽ മൂന്നു മൃതദേഹങ്ങൾ നിലമ്പൂർ ചാലിയാർ പുഴയിൽ നിന്നാണ് കണ്ടെടുത്തത്. ചാലിയാർ പുഴയിൽ നിന്ന് 13 ശരീരഭാഗങ്ങളും കണ്ടെടുത്തു.

## 2024 ആഗസ്റ്റ് 4, ഞായർ

വയനാട് ദുരന്തത്തിൽ മരിച്ചവരുടെ മൃതശരീരങ്ങളും ശരീരഭാഗങ്ങളും തിരിച്ചറിയുന്നതിനുള്ള ശാസ്ത്രീയ പരിശോധനയ്ക്കായി ബന്ധുക്കളുടെ രക്തസാമ്പിൾ ശേഖരിച്ചു. ആദ്യഘട്ടത്തിൽ ദുരന്ത മേഖലയിൽ നിന്നും ലഭിച്ച തിരിച്ചറിയാനാവാത്ത മൃതദേഹങ്ങളുടെ ഡിഎൻഎ ശേഖരിച്ചിരുന്നു. അടുത്ത ഘട്ടത്തിൽ ഇപ്പോൾ ശേഖരിക്കുന്ന രക്ത

## അടുത്ത ആറു മാസം സൗജന്യവൈദ്യുതി

വയനാട് ഉരുൾപൊട്ടൽ മേഖലയിൽ ഉൾപ്പെടുന്ന മേപ്പാടി പഞ്ചായത്ത് 10, 11, 12 വാർഡുകളിലെ കെഎസ്ഇബി ചൂരൽമല എക്സ്ചേഞ്ച്, ചൂരൽമല ടവർ, മുണ്ടക്കൈ, കെ കെ നായർ, അംബേദ്കർകോളനി, അട്ടമല, അട്ടമല പമ്പ് എന്നീ ട്രാൻസ്ഫോർമറുകളുടെ പരിധിയിൽ വരുന്ന ഉപഭോക്താക്കൾക്ക് അടുത്ത ആറു മാസം സൗജന്യമായി വൈദ്യുതി വിതരണം ചെയ്യും. നിലവിലുള്ള വൈദ്യുതി ചാർജ്ജുകൾ കുടിശ്ശിക ഈടാക്കില്ല. ദുരന്ത പ്രദേശത്ത് 1139 ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.



പ്രധാനമന്ത്രിയുടെ അവലോകനയോഗം

സാമ്പിളുകളും ഡിഎൻഎകളും തമ്മിലുള്ള പൊരുത്തം പരിശോധിക്കും.

തിരിച്ചറിയാത്ത 8 മൃതദേഹങ്ങൾ മേപ്പാടി പുത്തുമലയിൽ സംസ്കരിച്ചു. ദുരന്തനിവാരണ നിയമമനുസരിച്ച് ഹാരിസൺ മലയാളം പ്ലാന്റേഷനിൽ കണ്ടെത്തിയ 64 സെന്റ് സ്ഥലത്ത് സർവമത പ്രാർഥനയോടെയായിരുന്നു സംസ്കാരം.

ബെയ്‌ലി പാലം കടന്ന് ചൂരൽമലയിലേക്കും മുണ്ടക്കൈയിലേക്കുമുള്ള പ്രവേശനം നിയന്ത്രിക്കുമെന്ന് മന്ത്രിസഭ ഉപസമിതി. ജൂലൈ 5 മുതൽ ഒരു ദിവസം രാവിലെ ആറ് മുതൽ ഒമ്പത് വരെ ബെയ്‌ലി പാലത്തിലൂടെ 1500 പേരെ മാത്രമേ കടത്തിവിട്ടു. കൂടുതൽ ആളുകൾ വരുന്നത് തിരച്ചിലിനും സന്നദ്ധ പ്രവർത്തനത്തിനും മറ്റും ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിലാണിത്.

വയനാട് ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളും കളക്ഷൻ സെന്ററുകളുമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആഗസ്റ്റ് 5) മുതൽ തുറന്ന് പ്രവർത്തിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## ആഗസ്റ്റ് 5

ദുരന്തബാധിതരായി കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്ര പാക്കേജ് നടപ്പിലാക്കുമെന്ന് ചൂരൽമലയിലെ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചതിനു ശേഷം ധനകാര്യവകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു.

## ആഗസ്റ്റ് 6

**മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം**

വയനാട് ദുരന്തത്തിൽ ഇരയായവർക്കായി മാതൃക പുനരധിവാസ കേന്ദ്രം സൃഷ്ടിക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇതിന് എത്ര പണമായാലും വിഷമം വരില്ല. ഇതിനായി രാജ്യത്തിനകത്തും പുറത്തുമുള്ള മികച്ച ആർക്കിടെക്റ്റുകളുടെ സേവനവും പ്രയോജനപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു.



ദുരന്തബാധിത പ്രദേശങ്ങൾ നിരീക്ഷിക്കുന്നു

വയനാട് ദുരന്തത്തിൽ കാണാതായവരെ മുഴുവൻ കണ്ടെത്താനുള്ള ശ്രമം തുടരും. തിരച്ചിലിലും രക്ഷാപ്രവർത്തനത്തിലും മികച്ച പ്രവർത്തനം നടത്തുന്ന ഇന്ത്യൻ സായുധ സേനകളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു തീരുമാനിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## ആഗസ്റ്റ് 7

**ആകെ മരണം 225 ആയി**

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ഒമ്പതാം ദിനത്തിൽ നിലമ്പൂരിൽ നിന്നും ഒരു മൃതദേഹം കണ്ടെടുത്തു. വയനാട്ടിൽ നിന്ന് ഒന്നും നിലമ്പൂരിൽ നിന്ന് മൂന്നും ശരീര ഭാഗങ്ങളും തെരച്ചിൽ സംഘങ്ങൾ കണ്ടെടുത്തു. ഇതോടെ വയനാട്ടിൽ നിന്ന് 148, നിലമ്പൂരിൽ നിന്ന് 77 എന്നിങ്ങനെ ഔദ്യോഗികമായി സ്ഥിരീകരിച്ച മരണസംഖ്യ 225 ആയി. ഇതുവരെ 192 ശരീര ഭാഗങ്ങളും കണ്ടെടുത്തിട്ടുണ്ട്. തിരിച്ചറിയാത്ത 46 മൃതദേഹങ്ങളും 180 ശരീര ഭാഗങ്ങളും ഇതിനകം സംസ്കരിച്ചു.

## ആഗസ്റ്റ് 8

വയനാട് ദുരന്തത്തിൽ സമഗ്ര പുനരധിവാസ പാക്കേജാണ് കേരളം കേന്ദ്രത്തോട് ആവശ്യപ്പെടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

## സൈന്യത്തിന് യാത്രയയപ്പ്

വയനാട് ഉരുൾപൊട്ടൽ മേഖലകളിലെ സ്തുത്യർഹമായ രക്ഷാദൗത്യത്തിനു ശേഷം ഇന്ത്യൻ കരസേനാ, നാവിക സേനകളിൽ ഒരു വിഭാഗം മടങ്ങി. അവിടെ ക്യാമ്പ് ചെയ്യുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ സൈന്യത്തിന് യാത്രയയപ്പ് നൽകി. ■

തയ്യാറാക്കിയത്
ജനപഥം എഡിറ്റോറിയൽ ഡെസ്ക്



> പൂർണ്ണമായും സുതാര്യമായും കൃത്യമായ ഓഡിറ്റിങ്ങിനു വിധേയമായും നടപ്പാക്കുന്ന സിഎംഡിആർഎഫ് സംവിധാനം അർഹരായവർക്ക് ആനുകൂല്യമെത്തിക്കാനുള്ള ഏറ്റവും കാര്യക്ഷമമായ മാർഗമാണ്

# നാടിന്റെ സ്നേഹം നാടിന്റെ കണ്ണീരൊപ്പാൻ

കഴിഞ്ഞ ഏഴര വർഷക്കാലമായി സിഎംഡിആർഎഫിലൂടെ സർക്കാർ നൽകിയത് 7687 കോടി രൂപയാണ്. ഈ സർക്കാർ പ്രതിവർഷം ശരാശരി 338 കോടി രൂപ വീതമാണ് അനുവദിച്ചുകൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിക്കെതിരെ നടക്കുന്ന തെറ്റായ പ്രചാരണങ്ങളെ തിരിച്ചറിയാം.

## ആരൊക്കെയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഗുണഭോക്താക്കൾ?

നമ്മുടെ നാടിനെ സ്നേഹിക്കുന്ന ലോകമെമ്പാടുമുള്ള പ്രിയപ്പെട്ടവർ നൽകുന്ന സംഭാവനകളാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലൂടെ (സിഎംഡിആർഎഫ്) തികച്ചും അർഹതപ്പെട്ട കരങ്ങളിൽ സർക്കാർ എത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രകൃതിക്ഷോഭങ്ങൾ അടക്കമുള്ള ദുരന്തങ്ങൾക്ക് ഇരയാകുന്നവർ, മാരക രോഗങ്ങൾക്ക് ചികിത്സ തേടുന്നവർ, അപകടംമൂലം ചികിത്സ തേടുന്നവർ, മരണപ്പെടുന്നവരുടെ ആശ്രിതർ



തുടങ്ങിയവർ സിഎംഡിആർഎഫ് ഗുണഭോക്താക്കളാണ്. കൂടാതെ ഇൻഷുറൻസ് ഇല്ലാത്ത ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെടുന്നവർക്കും തീപിടിത്തം മൂലം വീടിന് കേടുപാടുവരുന്നവർക്കും ദുരിതാശ്വാസനിധി വഴി സഹായം ലഭ്യമാക്കിവരുന്നുണ്ട്. ധനസഹായത്തുക വർധിപ്പിച്ചതും പിണറായി വിജയൻ സർക്കാരാണ്. തീപിടിത്തത്തിൽ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് പരമാവധി നാല് ലക്ഷം രൂപയും കടൽക്ഷോഭത്തിൽ ജീവനോപാധികൾ നഷ്ടപ്പെടുന്നവർക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതവും അനുവദിക്കാൻ തീരുമാനിച്ചു. അപകടങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം ഒരു ലക്ഷം രൂപയായി ഉയർത്തി. ക്യാൻസർ, വൃക്കരോഗം തുടങ്ങിയ മാരകരോഗങ്ങൾക്ക് ചികിത്സയിലുള്ളവർക്ക് ഒരുതവണ ധനസഹായം ലഭിച്ചാലും രണ്ടുവർഷത്തിനു ശേഷം വീണ്ടും അനുവദിക്കാൻ അനുമതിയും നൽകി. അപേക്ഷകരുടെ വാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുമുണ്ട്.

## സിഎംഡിആർഎഫ് എത്രമാത്രം സുതാര്യമായ സംവിധാനമാണ്?

അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി തുക ലഭ്യമാക്കുന്നതിനു തടസ്സം നിന്നിരുന്ന നടപടിക്രമങ്ങളും നൂലാമാലകളും അവസാനിപ്പിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയെ നിയതവും സുതാര്യവുമായ സംവിധാനമാക്കി മാറ്റിയത് 2016-ൽ അധികാരത്തിൽ വന്ന ഒന്നാം പിണറായി വിജയൻ സർക്കാരായിരുന്നു. നിലവിൽ ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതു മുതൽ പണം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതുവരെയുള്ള ഒരു ഘട്ടത്തിലും അപേക്ഷകർ നേരിട്ട് ഓഫീസുകളിൽ വരേണ്ടതില്ല. അർഹരായ ആർക്കും അപേക്ഷ ഓൺലൈനായോ അല്ലാതെയോ സമർപ്പിക്കാം. അക്ഷയ സെന്ററുകൾ വഴിയോ ജനപ്രതിനിധികളുടെ ഓഫീസുകൾ മുഖേനയോ തപാൽമാർഗത്തിലോ അപേക്ഷ നൽകാം. ധനസഹായം ലഭിക്കുന്നതിന് ആരുടെ ശുപാർശയും ആവശ്യമില്ല. അപേക്ഷ സ്വീകരിക്കപ്പെടുന്നതോടെ ലഭ്യമാകുന്ന ഡോക്കറ്റ് നമ്പർ ഉപയോഗിച്ച് അതിന്റെ വിവിധ ഘട്ടങ്ങൾ ആർക്കും പരിശോധിക്കാനുമാകും. ദുരിതാശ്വാസനിധിയിലേക്ക് ലഭിക്കുന്ന തുക സി എ ജി ആഡിറ്റിന് വിധേയമാണ്. നിയമസഭയിൽ ഇതിന്റെ കണക്കും അവതരിപ്പിക്കാറുമുണ്ട്. മാത്രമല്ല, ഇതിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിലൂടെ ആർക്കും അറിയാനുമാകും.

## ദുരുപയോഗം തടയാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ



| | |
|---|---|
| സി എം ഡി ആർ എഫ് ലഭിച്ച സംഭാവനകൾ<br>25.05.2016 മുതൽ 19.05.2021 വരെ | 5636.53 |
| ബജറ്റ് പ്രൊവിഷൻ | 950 |
| ആകെ | 6586.53 |
| സി എം ഡി ആർ എഫ്-ഫണ്ട് അനുവദിച്ച തുക<br>25.05.2016 മുതൽ 19.05.2021 വരെ | 5715.92 |
| ഓഖി സംഭാവന<br>06.12.2017 മുതൽ 26.07.2018 വരെ | 108.59 |
| ഓഖി അനുവദിച്ചത്<br>14.12.2017 മുതൽ 11.12.2023 വരെ | 119.37 |
| പ്രളയം സംഭാവന<br>27.07.2018 മുതൽ 26.03.2020 വരെ | 4970.52 |
| പ്രളയം അനുവദിച്ചത്<br>28.08.2018 മുതൽ 04.07.2024 വരെ | 4738.77 |
| കോവിഡ് സംഭാവന<br>27.03.2020 മുതൽ 29.07.2024 വരെ | 1129.74 |
| കോവിഡ് അനുവദിച്ചത്<br>01.04.2020 മുതൽ 04.07.2024 വരെ | 1111.15 |

തുക കോടിയിൽ





**കേ**രളം കണ്ട ഏറ്റവും വലിയപ്രകൃതി ദുരന്തത്തിന്റെ കാഴ്ചകളാണ് കഴിഞ്ഞ കുറച്ചുദിവസങ്ങളിലായി കണ്ടുകൊണ്ടിരിക്കുന്നത്. ഇതിൽ നിന്ന് കരകയറാൻ നമ്മൾ മലയാളികൾ - ജാതിയും മതവും രാഷ്ട്രീയവുമെല്ലാം -മറന്ന് ഒറ്റകെട്ടായി നിൽക്കുകയാണ്. ഇതിനുമുമ്പുണ്ടായിട്ടുള്ള പ്രളയമടക്കമുള്ള പല സംഭവങ്ങളും അതിജീവിച്ചപോലെ തന്നെ നമ്മൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഇതും അതിജീവിക്കും. നമ്മുടെ സഹോദരങ്ങൾക്കായി നമ്മളെക്കൊണ്ടാകുന്ന സംഭാവനകൾ നൽകുക. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നിങ്ങൾക്ക് കഴിയുന്ന സംഭാവന നൽകുക.

**മഞ്ജു വാര്യർ**

അപാകത ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ നിബന്ധനകൾ കർക്കശമാക്കി. മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഡോക്ടർമാർക്കായി ഒരു മൊബൈൽ ആപ്പ് തയ്യാറാക്കുന്നതിനും തുടക്കം കുറിച്ചു. ദുരിതാശ്വാസ നിധിയുടെ പോർട്ടലിലും സോഷ്യൽ മീഡിയ വഴിയും വിവിധ അക്കൗണ്ടുകളുടെ യുപിഐ ക്യൂആർ കോഡ് നൽകിയിരുന്നു. അത് ദുരുപയോഗപ്പെടാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ക്യൂആർ കോഡ് സംവിധാനം പിൻവലിച്ചു.



**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ധനവകുപ്പിൽ പ്രത്യേക സംവിധാനം രൂപീകരിച്ചിട്ടുണ്ട്**

## ഓരോ തലങ്ങളിലും അനുവദിക്കാവുന്ന തുക എത്രയാണ്?

മുഖ്യമന്ത്രി, റവന്യൂ മന്ത്രി, ജില്ലാ കളക്ടർ എന്നിവർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാവുന്ന തുകയുടെ പരിധി ഉയർത്തിയിട്ടുണ്ട്.. മുമ്പ് ഒരുലക്ഷം, 5000, 2000 എന്നിങ്ങനെയായിരുന്നു പരിധി. അതിപ്പോൾ യഥാക്രമം മൂന്ന് ലക്ഷം, 25,000, 10,000 എന്നിങ്ങനെയാണ്. കൂടാതെ, റവന്യൂ സ്പെഷ്യൽ സെക്രട്ടറിക്ക് 15,000 രൂപ വരെ അനുവദിക്കുന്നതിനും അനുമതി നൽകി. മൂന്ന് ലക്ഷം രൂപയ്ക്കു മുകളിൽ തുക അനുവദിക്കുന്നതിന് മുൻപ് മന്ത്രിസഭയുടെ അനുമതി വേണം.



**ഈ**യവസരത്തിൽ ചെറുതെന്നോ വലുതെന്നോ ഇല്ലാതെ നമ്മളെക്കൊണ്ട് പറ്റുന്ന ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകാം.നമ്മളൊരുമിച്ച് ഇതും അതിജീവിക്കാം.

**അസിഫ് അലി**

ദുരിതമനുഭവിക്കുന്ന ജനതയെ

അവരവരാൽ കഴിയുന്നത്ര സഹായിക്കുക.

**മമ്മൂട്ടി**



## ദുരിതബാധിതർക്ക് സർക്കാരിന്റെ കാലയളവ് മുതൽ വിതരണം ചെയ്ത തുകയുടെ കണക്കുകൾ ലഭ്യമാണോ?

എൻഡോസൾഫാൻ ദുരിതബാധിതർക്ക് 57 കോടിയോളം രൂപയുടെ ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വഴി നൽകി. കഴിഞ്ഞ പ്രളയഘട്ടത്തിൽ 4970.52 കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവനയായി ലഭിച്ചത്. ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3881.89 കോടി രൂപയും ഇപ്പോഴത്തെ സർക്കാരിന്റെ കാലത്ത് നവംബർ 30 വരെ 842.88 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രളയ ദുരിതാശ്വാസമായി ആകെ 4724.8 കോടി രൂപയാണ് ചെലവഴിച്ചത്. ഇതിനു പുറമേ പ്രളയകാലത്ത് തകർന്ന പ്രാദേശിക റോഡുകൾ നവീകരിക്കുന്നതിനായി ആരംഭിച്ച മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിക്കായി 961.62 കോടി രൂപയും അനുവദിച്ചു. പ്രളയത്തിന്റെ ഫലമായി ജീവനോപാധി നഷ്ടപ്പെട്ട ദുരന്തബാധിതർക്ക് അവരുടെ ഉപജീവന മാർഗങ്ങൾ പുനരാരംഭിക്കുന്നതിന് ഉജ്ജീവന എന്ന പേരിലൊരു വായ്പപദ്ധതിക്കും രൂപം നൽകി. ഇതുവഴി പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് ധനസഹായം ലഭ്യമാക്കിയത്.

ഓഖി ദുരിതാശ്വാസമെന്ന നിലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 118.97 കോടി രൂപയും ഈ സർക്കാരിന്റെ കാലത്ത് 37 ലക്ഷം രൂപയും ചേർത്ത് ആകെ 119.34 കോടി രൂപ അനുവദിച്ചു. ഓഖി ഘട്ടത്തിൽ സിഎംഡിആർഎഫി ലേയ്ക്ക് സംഭാവനയായി ലഭിച്ചത് 108.59 കോടി രൂപയാണ്. ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും കാണാതായവരുടെ കുടുംബത്തിനും 20 ലക്ഷം രൂപ വീതമാണ് ധനസഹായം നൽകിയത്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് 1129.74 കോടി രൂപയാണ് ദുരിതാശ്വാസനിധിയിലേക്ക് സംഭാവനയായി ലഭിച്ചത്. ഇതിൽ 1058.21 കോടി രൂപയും ദുരിതബാധിതർക്കായി ചെലവഴിച്ചു. മുഖ്യമന്ത്രിയുടെ ചികിത്സാധനസഹായമായി 984.84 കോടി രൂപയാണ് ഒന്നാം പിണറായി വിജയൻ സർക്കാർ നൽകിയത്. ഈ സർക്കാർ 2023 നവംബർ വരെ ഈ ഇനത്തിൽ 800.29 കോടി രൂപ വിനിയോഗിച്ചു. വിവിധ വകുപ്പുകൾ മുഖാന്തരം നൽകിയ 123.32



സമാനതകളില്ലാത്ത ദുരന്തത്തിൽ നിന്ന് കരകയറാൻ നമുക്ക് ഓരോരുത്തർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാം.

**ബേസിൽ ജോസഫ്**



കോടി രൂപയും ജില്ലാ കളക്ടർമാർക്ക് അനുവദിച്ച 79.18 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു.

## ലഭിച്ച തുകയുടെ കണക്കുകൾ വെബ്സൈറ്റിലുണ്ടോ?

പോർട്ടൽ വഴിയും യുപിഐ വഴിയും ലഭ്യമാകുന്ന തുകയുടെ വിവരങ്ങളാണ് സിഎംഡിആർഎഫ് വെബ്സൈറ്റിൽ (https://donation.cmdrf.kerala.gov.in) നൽകിയിട്ടുള്ളത്. അതിൽ 2018 ആഗസ്റ്റ് മുതൽ ലഭിച്ച തുകയും ജൂലൈ 30 മുതൽ ലഭിച്ച തുകയും ഓരോ ദിവസം ലഭിക്കുന്ന തുകയും പ്രത്യേകമായി രേഖപ്പെടുത്തിയിട്ടുണ്ട്. ചെക്ക് / ഡ്രാഫ്റ്റ് / നേരിട്ട് ലഭിക്കുന്ന തുകയുടെ വിവരങ്ങളും വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യും.



**എൻഡോസൾഫാൻ ദുരിതബാധിതർക്ക് 57 കോടിയോളം രൂപയുടെ ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വഴി നൽകി. കഴിഞ്ഞ പ്രളയഘട്ടത്തിൽ 4970.52 കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവനയായി ലഭിച്ചത്.**

## സംഭാവനകൾ നൽകുന്നത് എങ്ങനെയാണ്?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ധനവകുപ്പിൽ പ്രത്യേക സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയിൽ സംഭാവന ചെയ്യുന്നതിനായി donation.cmdrf.kerala.gov.in എന്ന പോർട്ടൽ സന്ദർശിക്കണം. പോർട്ടലിൽ ദുരിതാശ്വാസ നിധിയിലുള്ള വിവിധ ബാങ്കുകളുടെ എല്ലാ അക്കൗണ്ട് നമ്പറുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പോർട്ടലിൽ നൽകിയിരിക്കുന്ന നേരിട്ടുള്ള പേയ്മെന്റ് സംവിധാനങ്ങൾ ഉപയോഗിച്ച് ഓൺലൈൻ ബാങ്കിങ്, ഡെബിറ്റ്/ ക്രെഡിറ്റ് കാർഡുകൾ, യുപിഐ എന്നിവ വഴിയോ അക്കൗണ്ട് നമ്പർ വഴി നേരിട്ടോ സംഭാവന നൽകാം. ഇതിലൂടെ നൽകുന്ന സംഭാവനയ്ക്ക് ഉടൻ തന്നെ റെസീപ്റ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കും. യുപിഐ വഴിയുള്ള ഇടപാടുകൾക്ക് 48 മണിക്കൂറിനുശേഷം റസീപ്റ്റ് ലഭിക്കും. ■



സമാനതകളില്ലാത്ത ഒരു ദുരന്തമുഖത്താണ് നമ്മൾ നിൽക്കുന്നത്. അതിതീവ്ര മഴയുടെ പരിണതഫലമായി ഒരു ഗ്രാമം തന്നെ നാമാവശേഷമായിരിക്കുകയാണ്. ലോകത്തിന്റെ ഏതു കോണിലാണെങ്കിലും ഓരോ മലയാളിയുടേയും മനസ്സ് വയനാട്ടിനൊപ്പമാണ്. മുണ്ടക്കൈയും ചൂരൽ മലയും വയനാടിന്റെ ഭൂപടത്തിൽ നിന്നു മാഞ്ഞുപോയ അവസ്ഥയാണ്. മുണ്ടക്കൈയുടേയും ചൂരൽ മലയുടേയും പുനർനിർമ്മാണത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഉദാരമായ സംഭാവന ചെയ്യേണ്ടത് നമ്മുടെ അനിവാര്യതയാണ്. എന്ന് മനസ്സിലാക്കി ഓരോ മലയാളിയും ഇതിനുവേണ്ടി പ്രവർത്തിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**നവ്യ നായർ**



ലോകമെമ്പാടുമുള്ള മലയാളികൾ വയനാടിനൊപ്പമാണ്. ഉരുൾപൊട്ടലിൽ ഇല്ലാതായ ചൂരൽമലയും മുണ്ടക്കൈയും പുനർനിർമ്മിക്കാൻ നാം ഒരുമിച്ച് നിൽക്കേണ്ട സന്ദർഭമാണ്..

**അനശ്വര രാജൻ**



വയനാട്ടിലെ ജനങ്ങൾക്ക് നിങ്ങളുടെ സഹായം ആവശ്യമാണ്. ഇതാണ് അവരെ സഹായിക്കാൻ കഴിയുന്ന സന്ദർഭം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാം

**സൗരവ് ഗാംഗുലി**



## സി എം ഡി ആർ എഫ് അലോട്ട്മെന്റുകൾ

***21.05.2021 മുതൽ 04.07.2024 വരെ*** — ***തുക: കോടിയിൽ***

| സാമ്പത്തിക വർഷം | | ഓഖി | പ്രളയം | കോവിഡ് സഹായം | ഡി ബിടി ചികിത്സ ഒഴികെയുള്ള അലോട്ട്മെന്റുകൾ | പ്രളയം, കോവിഡ് ഡി.ബി.ടി | f | ആകെ അലോട്ട്മെന്റുകൾ |
|---|---|---|---|---|---|---|---|---|
| a | b | c | d | e | DC | DEPTS | d + e | a+b+c+d+e |
| 2021-2022 | | 377.59 | 211.99 | 287.51 | 2.25 | 54.65 | 344.41 | 933.99 |
| 2022-2023 | 0.37 | 370.52 | 90.17 | 214.31 | 63.24 | 56.09 | 333.64 | 794.7 |
| 2023-2024 | 0.05 | 99.75 | 25.83 | 135.01 | 15.35 | 12.58 | 162.94 | 288.57 |
| 2024-2025 | | 9 | 52.96 | 20.7 | 1.25 | - | 21.95 | 83.91 |
| ആകെ | 0.42 | 856.86 | 380.95 | 657.53 | 82.09 | 123.32 | 862.94 | 2101.17 |
| ***25.05.2016 മുതൽ 20.05.2021 വരെ*** | | | | | | | | |
| 2016 -17 | | | | | 111.56 | | 111.56 | 111.56 |
| 2017-18 | 25.11 | | | | 243.87 | | 243.87 | 268.98 |
| 2018-19 | 85.92 | 1849.35 | | 171.44 | 29.19 | | 200.63 | 2135.9 |
| 2019-20 | 7.94 | 1334 | | 187.62 | 22.01 | | 209.63 | 1551.57 |
| 2020-21 | | 698.54 | 730.22 | 193.13 | 22.53 | | 215.66 | 1644.42 |
| 2021-22 | | | | 3.49 | | | | 3.49 |
| ആകെ | 118.97 | 3881.89 | 730.22 | 555.68 | 429.16 | | 981.35 | 5715.92 |





വയനാട്ടുകാരുടെ വേദന വളരെ വലുതാണ്. ദുരിതബാധിതർക്ക് നമ്മുടെ സഹായം ആവശ്യമുണ്ട്. വയനാടിന്റെ പുനരധിവാസത്തിനായി ഒന്നിച്ചുനിൽക്കേണ്ട സമയമാണിത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത് നിങ്ങൾക്കും അതിൽ പങ്കാളികളാകാം. വയനാടിനായി ഒരുമിച്ച് നിൽക്കാം. ഒന്നിച്ച് മുന്നേറാം.

**സാനിയ മിർസ**

## സി എം ഡി ആർ എഫ് ബജറ്റ് വിഹിതം

| സാമ്പത്തിക വർഷം | അനുവദിച്ച തുക |
|---|---|
| 2016–17 | 200 |
| 2017–18 | 200 |
| 2018–19 | 150 |
| 2019–20 | 200 |
| 2020–21 | 200 |
| 2021–22 | 250 |
| 2022–23 | 250 |
| 2023–24 | 250 |
| ആകെ | 1700 (കോടി) |



വയനാട്ടിൽ നടന്ന സംഭവങ്ങൾ എന്നെ വല്ലാതെ സ്പർശിച്ചു. അതുകൊണ്ട് ഞാൻ നിങ്ങൾക്കും മുഴുവൻ കേരളത്തിനും വേണ്ടി പ്രാർഥിക്കുന്നു..ഈ സമയങ്ങളിൽ നാം അതിനെ മറികടക്കുമെന്ന് പ്രതീക്ഷിക്കുന്നു.. വയനാടിനു വേണ്ടി പ്രാർഥിക്കുന്നു..


**കിലിപോൾ**
**സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ**

ഡോ. സജിൻ കുമാർ കെ എസ്
അസിസ്റ്റന്റ് പ്രൊഫസർ, ജിയോളജി, കേരള യൂണിവേഴ്സിറ്റി





മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും ഫലപ്രദമായ ലഘൂകരണതന്ത്രങ്ങൾ നടപ്പിലാക്കുന്നതിനും മണ്ണിടിച്ചിലിന്റെ തരങ്ങളും പ്രക്രിയകളും സംവിധാനങ്ങളും മനസ്സിലാക്കുന്നത് മനുഷ്യ ആവാസവ്യവസ്ഥയിൽ നിർണ്ണായകമാണ്.




# മണ്ണിടിച്ചിലിന്റെ ശാസ്ത്രം

പാറ, മണ്ണ്, എക്കൽ, കല്ല് അവശിഷ്ടങ്ങൾ എന്നിവയുൾപ്പെടെയുള്ള ഭൂമിയുടെ ഒരു ഭാഗം ഗുരുത്വാകർഷണത്താൽ വേഗത്തിൽ താഴേക്ക് നീങ്ങുന്ന ഭൂമിശാസ്ത്രപരമായ പ്രതിഭാസമാണ് മണ്ണിടിച്ചിൽ. ഇത് വ്യാപകമായ ജീവനാശത്തിനും സ്വത്തുനഷ്ടത്തിനും ഇടയാക്കാറുണ്ട്. കനത്ത മഴ, ഭൂകമ്പങ്ങൾ, ദ്രുതഗതിയിലുള്ള മഞ്ഞ്–ഉരുകൽ തുടങ്ങിയവയും ഖനനം, നിർമ്മാണം തുടങ്ങിയ മനുഷ്യപ്രവർത്തനങ്ങളും പ്രേരകഘടകങ്ങളാവാം. കുത്തനെയുള്ള ചരിവുകളും കനത്ത മൺസൂൺ മഴയും ഭൂമിശാസ്ത്രപരമായ വൈവിധ്യങ്ങളും ഉള്ള ഇന്ത്യയിലെ പശ്ചിമഘട്ടം മണ്ണിടിച്ചിലിന് വിധേയമാണ്.

മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും ഫലപ്രദമായ ലഘൂകരണതന്ത്രങ്ങൾ നടപ്പിലാക്കുന്നതിനും മണ്ണിടിച്ചിലിന്റെ തരങ്ങളും പ്രക്രിയകളും സംവിധാനങ്ങളും മനസ്സിലാക്കുന്നത് മനുഷ്യ ആവാസവ്യവസ്ഥയിൽ നിർണ്ണായകമാണ്.

## അപകടകരമായ പ്രദേശങ്ങൾ

അഗ്നിപർവതമേഖലകളിലും ഭൂകമ്പസാധ്യതയുള്ള പ്രദേശങ്ങളിലും പതിവായി മണ്ണിടിച്ചിൽ അനുഭവപ്പെടുന്നു. കൂടാതെ,






വനനശീകരണമോ അനുചിതമായ ഭൂവിനിയോഗരീതികളോ ഉള്ള പ്രദേശങ്ങൾ ഈ അപകടത്തിന് കൂടുതൽ സാധ്യതയുള്ളതാണ്.

ഹിമാലയം, ആൻഡീസ്, ആൽപ്സ് തുടങ്ങിയ കുത്തനെയുള്ള പർവതനിരകൾ അവയുടെ അസ്ഥിരമായ ചരിവുകളും ഇടയ്ക്കിടെയുള്ള കനത്ത മഴയും കാരണം ദുർബലമാണ്.

തെക്കുകിഴക്കൻ ഏഷ്യ, മധ്യ, തെക്കേ അമേരിക്ക എന്നിവിടങ്ങളിലെ രാജ്യങ്ങൾ, ആഫ്രിക്ക, മധ്യേഷ്യ എന്നിവയുടെ ചില ഭാഗങ്ങൾ മണ്ണിടിച്ചിൽ ഹോട്ട്സ്പോട്ടുകളായി തിരിച്ചറിഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ വടക്കൻ പ്രദേശങ്ങളും ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ജമ്മു കശ്മീരിന്റെ ചില ഭാഗങ്ങളിലുള്ള കുത്തനെയുള്ള ചരിവുകളും ഭൂകമ്പപ്രവർത്തനങ്ങളും കാരണം മണ്ണലിടിച്ചിലിന് സാധ്യതയുണ്ടാക്കുന്നു. സിക്കിം, അസം എന്നിവയുൾപ്പെടെയുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും കനത്ത മൺസൂൺ മഴയും ഭൂചലനങ്ങളും മൂലം മണ്ണിടിച്ചിൽ പതിവാണ്. കൂടാതെ, കേരളം, കർണാടക, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലൂടെ വ്യാപിച്ചുകിടക്കുന്ന പശ്ചിമഘട്ടം തീവ്രമായ മൺസൂൺ സീസണിൽ മണ്ണിടിച്ചിലിനെ അഭിമുഖീകരിക്കുന്നു. ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ കാരണം ഈ പ്രദേശങ്ങൾ ദുർബലമാണ്. അതിനാൽ ഈ പ്രദേശങ്ങളിലെ മണ്ണിടിച്ചിൽസാധ്യത വർധിക്കുന്നു.

## പല രൂപങ്ങൾ

മണ്ണിടിച്ചിലുകൾ വിവിധ രൂപങ്ങളിൽ സംഭവിക്കാം, ഓരോന്നും വ്യത്യസ്തഘടകങ്ങളാൽ നയിക്കപ്പെടുന്നു. ഫാൾ (Fall), സ്ലയിഡ് (Slides), ഫ്ളോ (Flow), ക്രീപ് (Creep), ടോപ്പ്ലിംഗ് (Toppling) എന്നിവയാണ് മണ്ണിടിച്ചിലിലെ പ്രധാന തരങ്ങൾ.

കുത്തനെയുള്ള ചരിവിൽ നിന്നോ പാറക്കെട്ടിൽ നിന്നോ പാറയോ അവശിഷ്ടങ്ങളോ വേർപെടുകയും സ്വതന്ത്രമായി വീഴുകയും ചെയ്യുമ്പോഴാണ് ഫാൾ സംഭവിക്കുന്നത്. ഉയർന്ന വേഗതയിലുള്ള ഈ മണ്ണിടിച്ചിൽ കാര്യമായ ആഘാതമാണ് ഉണ്ടാക്കുക. തത്ഫലമായുണ്ടാകുന്ന കാലകാലാന്തര അവശിഷ്ടങ്ങൾ ചരിവിന്റെ അടിഭാഗത്ത് അടിഞ്ഞുകൂടുകയും ഒരു ടാലസ് അല്ലെങ്കിൽ സ്ക്രീ ചരിവ് സൃഷ്ടിക്കുകയും ചെയ്യും. ഇത് പിന്നീടുള്ള കാലങ്ങളിൽ വേറൊരു മണ്ണിടിച്ചിലായി മാറുവാനും സാധ്യതയുണ്ട്.

ഒരു ഉപരിതലത്തിൽ ഉള്ള മണ്ണ്, പാറ അല്ലെങ്കിൽ അവശിഷ്ടങ്ങൾ എന്നിവയുടെ ചലനം സ്ലയിഡുകളിൽ ഉൾപ്പെടുന്നു. ഈ ഉപരിതലം ദുർബലമായ പാറകളുടെ പാളിയോ മണ്ണോ ആകാം. സ്ലയിഡുകൾ പല തരങ്ങളായി തിരിച്ചിരിക്കുന്നു. റൊട്ടേഷണൽ സ്ലയിഡുകൾ (Rotational slide) അഥവാ സ്ലംപ്പ് (Slumps), വിവർത്തന സ്ലയിഡുകൾ (Translational slide) എന്നിവയാണ്.



പ്രവാഹങ്ങളിൽ ഒരു ദ്രവ്യത്തെക്കാൾ കൂടുതൽ ദ്രാവകം പോലെയുള്ള ഒഴുക്കിനെയാണ് ഫ്ളോ എന്നു പറയുന്നത്. ഈ മണ്ണിടിച്ചിലുകളുടെ സവിശേഷത അവയുടെ ഉയർന്ന ചലനാത്മകതയാണ്, മാത്രമല്ല വലിയ പ്രദേശങ്ങളിൽ വ്യാപിക്കുകയും ചെയ്യും. ഒഴുക്കിന്റെ തരങ്ങൾ ഡെബ്രിസ് ഫ്ളോ (Debris flow), മഡ് ഫ്ലോ (Mud flow) എന്നിവയാണ്. കേരളത്തിൽ 90%-ത്തിനു മേൽ സംഭവിക്കുന്ന ഒന്നാണ് ഡെബ്രിസ് ഫ്ളോ അഥവാ ഉരുൾപൊട്ടൽ.

മണ്ണിന്റെയോ പാറയുടെ താഴേക്കോ ഉള്ള സാവധാനത്തിലുള്ള ചലനങ്ങളാണ് ക്രീപ്പുകൾ. മറ്റ് ഉരുൾപൊട്ടലുകളിൽ നിന്ന് വ്യത്യസ്തമായി, ഇവ വളരെ ദൈർഘ്യമുള്ള പ്രതിഭാസമാണ്. അവ പലപ്പോഴും ദൈനംദിന അടിസ്ഥാനത്തിൽ അദൃശ്യമാണ്. മറ്റ് മണ്ണിടിച്ചിൽ തരങ്ങളെ അപേക്ഷിച്ച് സമൂലമായ നാശനഷ്ടങ്ങൾ കുറവാണെങ്കിലും, കാലക്രമേണ, കെട്ടിടങ്ങളെയും റോഡുകളെയും മറ്റ് അടിസ്ഥാന സാകര്യങ്ങളെയും ബാധിക്കുന്ന ക്രീപ്പുകൾ ഗണ്യമായ ഘടനാപരമായ നാശത്തിന് കാരണമാകും.

ടോപ്പിളുകളിൽ പാറയുടെയോ മണ്ണിന്റെയോ ഒരു ഭാഗം താഴേക്ക് പതിക്കുന്നു. ഇത്തരത്തിലുള്ള മണ്ണിടിച്ചിൽ സാധാരണയായി കുത്തനെയുള്ള അസ്ഥിരമായ ചരിവുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. പലപ്പോഴും കാലാവസ്ഥ, ഭൂകമ്പങ്ങൾ അല്ലെങ്കിൽ ഖനനം തുടങ്ങിയ ഘടകങ്ങൾ പ്രേരകമാവുന്നു. ടോപ്പിളുകൾ ഗണ്യമായ സ്ഥാനചലനത്തിനും ആഘാതത്തിനും കാരണമാകും.

## കാരണങ്ങൾ

പ്രകൃതിദത്തവും മനുഷ്യപ്രേരിതവുമായ ഘടകങ്ങളോ ഇവ ഒരുമിച്ചുവന്നാലോ മണ്ണിടിച്ചിലിന് കാരണമാകും. ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു; അസ്ഥിരമായ ചരിവുകളും ദുർബലമായതോ വിണ്ടുകീറിയതോ ആയ പാറക്കൂട്ടങ്ങൾ ഉള്ള പ്രദേശങ്ങൾ മണ്ണിടിച്ചിലിന് കാരണമാകും. കനത്ത മഴയോ ദ്രുതഗതിയിലുള്ള മഞ്ഞുവീഴ്ചയോ മണ്ണിനെ പൂരിതമാക്കുകയും അതിന്റെ സ്ഥിരത കുറയ്ക്കുകയും ശക്തമായ ചലനത്തിലേക്ക് നയിക്കുകയും ചെയ്യും.

ഭൂകമ്പങ്ങൾ ഭൂമിയെ തടസ്സപ്പെടുത്തുകയും മണ്ണിടിച്ചിൽ ആരംഭിക്കുകയും ചെയ്യും. വനനശീകരണവും കുത്തനെയുള്ള ചരിവുകളിൽ നിർമ്മാണവും ഭൂമിയെ അസ്ഥിരപ്പെടുത്തുന്നതിലൂടെ അപകടസാധ്യത വർധിപ്പിക്കും. കൂടാതെ, ഖനന പ്രവർത്തനങ്ങൾക്കും റോഡ് നിർമ്മാണത്തിനും പ്രകൃതിദത്ത ഭൂപ്രകൃതിയും നീർവാർച്ച ഘടകങ്ങളും മാറ്റുന്നതിലൂടെ മണ്ണിടിച്ചിലിന് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കും.

## ലഘൂകരണ നടപടികൾ

മണ്ണിടിച്ചിൽ ലഘൂകരണ നടപടികൾ രണ്ടുതരത്തിലാണുള്ളത്; ഹാർഡ് എഞ്ചിനീയറിങ്ങ് (Hard Engineering) & സോഫ്റ്റ് എഞ്ചിനീയറിങ്ങ് (Soft Engineering). നിലനിർത്തൽ ഭിത്തികൾ, ഡ്രെയിനേജ് സംവിധാനങ്ങൾ എന്നിവ ജലപ്രവാഹം നിയന്ത്രിക്കാനും അസ്ഥിരമായ ചരിവുകളെ പിന്തുണയ്ക്കാനും സഹായിക്കുന്നു. കൂടാതെ റോക്ക് ബോൾട്ടുകൾ, മെഷ് നെറ്റിങ്ങ് എന്നിവ അയഞ്ഞ വസ്തുക്കൾ സുരക്ഷിതമാക്കാനും അവയുടെ ചലനത്തെ തടയാനും സഹായിക്കുന്നു. ഈ രീതികളെ ഹാർഡ് എഞ്ചിനീയറിങ്ങ് എന്നും ചെടികൾ നട്ടുവളർത്തൽ, (മുള, രാമച്ചം തുടങ്ങിയ ഫൈബ്രസ് റൂട്ടുകളുള്ള ചെടികളും ) അല്ലെങ്കിൽ ചാക്ക് തുടങ്ങിയ ജിയോമെംബ്രനുകളും ഉപയോഗിക്കുന്ന രീതിയാണ് സോഫ്റ്റ് എഞ്ചിനീയറിങ്ങ് എന്ന് പറയുന്നത്. ഇത് മണ്ണൊലിപ്പ് തടയുവാനും മണ്ണിനെ ഭദ്രമായി കെട്ടുറപ്പിക്കുവാനും സഹായിക്കുന്നു.

പക്ഷെ ചില സന്ദർഭങ്ങളിൽ ഉരുൾപൊട്ടലുകൾ തടയാൻ സാധിക്കില്ല. ഉയർന്ന അപകടസാധ്യതയുള്ള ചരിവുകളിൽ നിർമ്മാണം ഒഴിവാക്കുകയും സോണിങ്ങ് നിയന്ത്രണങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നത്



**ഫീൽഡ് സർവേകൾ, റിമോട്ട് സെൻസിങ്ങ് ഡേറ്റകൾ, ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ എന്നിവയുടെ സംയോജനമാണ് സാധ്യതയുള്ള പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാകാൻ ഉള്ള പ്രവണത തിരിച്ചറിയുന്നത്.**



അപകടസാധ്യത ഗണ്യമായി കുറയ്ക്കും. ഉരുൾപൊട്ടൽ അപകടസാധ്യതകളെക്കുറിച്ചും സുരക്ഷാനടപടികളെക്കുറിച്ചും പൊതുജന അവബോധവും വിദ്യാഭ്യാസവും മണ്ണിടിച്ചിലിന്റെ ആഘാതം കുറയ്ക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുന്നു. ആ മേഖലകളിൽ ഉരുൾപൊട്ടൽ സാധ്യതാമാപ്പുകളുടെ ഉപയോഗവും ഉരുൾപൊട്ടൽ ഒഴുകിവരുന്ന പാതയുടെ മാപ്പുകളും മഴമാപിനികളുടെ ഒരു ശൃംഖലയും ആവശ്യമാണ്.

ഫീൽഡ് സർവേകൾ, റിമോട്ട് സെൻസിങ്ങ് ഡേറ്റകൾ, ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ എന്നിവയുടെ സംയോജനമാണ് സാധ്യതയുള്ള പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാകാൻ ഉള്ള പ്രവണത തിരിച്ചറിയുന്നത്. പശ്ചിമഘട്ടത്തിൽ, ഡിജിറ്റൽ എലവേഷൻ മോഡലുകൾ(ഡിഇഎം) ഉപയോഗിച്ച് ചരിവ്, വശം, വക്രത എന്നിവ പോലുള്ള ഭൂപ്രകൃതി സവിശേഷതകൾ വിശകലനം ചെയ്യുന്നതിലൂടെ, മണ്ണിടിച്ചിൽ സാധ്യതയുള്ള മേഖലകൾ തിരിച്ചറിയുന്നത് എളുപ്പമാക്കാം. സിന്തറ്റിക് അപ്പേർച്ചർ റഡാർ (എസ്എആർ), ഇന്റർഫെറോമെട്രി, ലിഡാർ തുടങ്ങിയ റിമോട്ട് സെൻസിങ്ങ് സാങ്കേതികവിദ്യകൾക്ക് ചരിവുകളുടെ അസ്ഥിരത കണ്ടെത്താൻ സഹായിക്കും.

## ഉരുൾപൊട്ടൽ സാധ്യതാമാപ്പ്

മണ്ണിടിച്ചിലിന്റെ അപകടസാധ്യതയും ആഘാതവും ലഘൂകരിക്കുന്നതിനുള്ള ഒരു ഉപാധിയാണ് മണ്ണിടിച്ചിലുകളുടെ സാധ്യതാമാപ്പ്. ഒരു സംവേദനക്ഷമത ഭൂപടം (സസ്സെപ്റ്റിബിലിറ്റി മാപ്പ്). ഭൂപ്രകൃതി, മണ്ണിന്റെ ഘടന, ഭൂവിനിയോഗം, ചരിത്രപരമായ മണ്ണിടിച്ചിൽ സംഭവങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങൾ വിശകലനം ചെയ്തുകൊണ്ട്, ഈ ഭൂപടം മണ്ണിടിച്ചിലിന് കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങളെ തിരിച്ചറിയുന്നു. മെച്ചപ്പെട്ട ഡ്രെയിനേജ് സംവിധാനങ്ങൾ, വനനശീകരണം, ഭൂവിനിയോഗ ആസൂത്രണം എന്നിവ പോലുള്ള പ്രതിരോധനടപടികൾക്കായി പ്രദേശങ്ങൾക്ക് മുൻഗണന നൽകാൻ മാപ്പ് സഹായിക്കുന്നു. കേരളത്തിൽ സർക്കാർ അംഗീകരിച്ചിട്ടുള്ള സസ്സെപ്റ്റിബിലിറ്റി മാപ്പ് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (KSDMA) വെബ്സൈറ്റിൽ സൗജന്യമായി ലഭിക്കും.

## മണ്ണിടിച്ചിലിന്റെ റൺഔട്ട് മാപ്പ്

അപകടസാധ്യതയുള്ള പ്രദേശങ്ങളിലെ മണ്ണിടിച്ചിലിന്റെ ആഘാതം ലഘൂകരിക്കുന്നതിനുള്ള ഒരു നിർണ്ണായക ഘടകമാണ് മണ്ണിടിച്ചിലിന്റെ റൺഔട്ട് മാപ്പ്. മണ്ണിടിച്ചിലിന്റെ സാധ്യതയും വ്യാപ്തിയും ചിത്രീകരിക്കുന്നതിലൂടെ, ഉയർന്ന അപകടസാധ്യതയുള്ള മേഖലകൾ തിരിച്ചറിയുന്നതിനും പ്രതിരോധ നടപടികൾ നടപ്പിലാക്കുന്നതിനും ഈ ഭൂപടം സഹായിക്കുന്നു. കൂടാതെ, ഒഴിപ്പിക്കൽ പ്ലാനുകളും മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങളും



ആവശ്യമായ പ്രദേശങ്ങൾ ഹൈലൈറ്റ് ചെയ്തുകൊണ്ട് അത് അടിയന്തര തയ്യാറെടുപ്പിനെയും പ്രതികരണത്തെയും പിന്തുണയ്ക്കുന്നു.

## മണ്ണിടിച്ചിലിനുള്ള അപകട മാപ്പ്


മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളെ ദൃശ്യപരമായി പ്രതിനിധീകരിക്കുന്ന ഒരു നിർണ്ണായക ലഘൂകരണ നടപടിയായി മണ്ണിടിച്ചിലിനുള്ള അപകടമാപ്പ് പ്രവർത്തിക്കുന്നു. ഭൂപ്രകൃതി, മണ്ണിന്റെ ഘടന, മഴയുടെ പാറ്റേൺ തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി മണ്ണിന്റെ അസ്ഥിരതയും മണ്ണിടിച്ചിൽ സംഭവങ്ങൾക്കും സാധ്യതയുള്ള പ്രദേശങ്ങളെ ഈ ഭൂപടം തിരിച്ചറിയുന്നു. അപകടസാധ്യതയുള്ള ഈ മേഖലകളെ ഹൈലൈറ്റ് ചെയ്യുന്നതിലൂടെ, വിഭവങ്ങൾക്കും ഇടപെടലുകൾക്കും മുൻഗണന നൽകുന്നതിനും ഭൂവിനിയോഗ ആസൂത്രണത്തിന് മാർഗനിർദേശം നൽകുന്നതിനും സാധ്യതയുള്ള അപകടസാധ്യതകളെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനും ഹസാർഡ് മാപ്പ് സഹായിക്കുന്നു.

## മഴയെ അടിസ്ഥാനമാക്കിയുള്ള മുൻകൂർ മുന്നറിയിപ്പ്

മഴയുടെ ഡേറ്റ തുടർച്ചയായി നിരീക്ഷിച്ച്, വിശകലനം ചെയ്യുന്ന ഒരു സംവിധാനത്തിന് വെള്ളപ്പൊക്കത്തെക്കുറിച്ചോ മണ്ണിടിച്ചിലിനെക്കുറിച്ചോ സമയബന്ധിതമായി മുന്നറിയിപ്പ് നൽകാൻ കഴിയും. ഈ സംവിധാനത്തിൽ സാധാരണയായി മഴമാപിനികളും കാലാവസ്ഥാ സ്റ്റേഷനുകളും സ്ഥാപിക്കുന്നത് ഉൾപ്പെടുന്നു. മുന്നറിയിപ്പുകൾ, അപകടസാധ്യതയുള്ള പ്രദേശങ്ങൾ ഒഴിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, അല്ലെങ്കിൽ അടിയന്തരസേവനങ്ങൾ സമാഹരിക്കുക തുടങ്ങിയ പ്രതിരോധ നടപടികൾ സ്വീകരിക്കാൻ കമ്മ്യൂണിറ്റികളെ പ്രാപ്തരാക്കുന്നു..

അടിസ്ഥാനകാരണങ്ങൾ മനസ്സിലാക്കുകയും പ്രതിരോധനടപടികളിൽ നിക്ഷേപിക്കുകയും ചെയ്യുന്നതിലൂടെ, ദുർബലമായ പ്രദേശങ്ങളെ നന്നായി സംരക്ഷിക്കാനും വിനാശകരമായ മണ്ണിടിച്ചിൽ സാധ്യത കുറയ്ക്കാനും കഴിയും. മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രതിരോധശേഷി വളർത്തുന്നതിനും സുരക്ഷിതമായ ഭാവി ഉറപ്പാക്കുന്നതിനും സർക്കാരുകളും ഗവേഷകരും പ്രാദേശിക സമൂഹവും തമ്മിൽ സഹകരിച്ചുള്ള ശ്രമങ്ങൾ നിർണ്ണായകമാണ്. ■

ഡോ. സി ജെ ജോൺ
സീനിയർ സൈക്യാട്രിസ്റ്റ്, എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ





ദുരന്തബാധിതരിൽ സാധാരണ സമൂഹത്തെക്കാൾ രണ്ടോ മൂന്നോ ഇരട്ടി മാനസികാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാമെന്ന് പഠനങ്ങൾ പറയുന്നു. ഇത് പരമാവധി കുറയ്ക്കുകയോ തടയുകയോ ചെയ്യുകയെന്നതാണ് മാനസികാരോഗ്യ പരിപാലന ഇടപെടലുകളുടെ ലക്ഷ്യം

# അവരെ അറിയാം, കേൾക്കാം, മുറിവുണക്കാം



ആറ് പ്രത്യേകതകളാണ് ഒരു ദുരന്തത്തെ മനസ്സ് പൊള്ളിക്കുന്ന അനുഭവമാക്കി മാറ്റുന്നത്. പെട്ടെന്ന് ഓർക്കാപ്പുറത്താണ് ഇത് സംഭവിക്കുന്നത്. ആഘാതമേൽക്കുന്നവർക്ക് ഒരുക്കങ്ങൾ ഉണ്ടാവില്ല. പ്രവചനാതീതമെന്നതാണ് രണ്ടാമത്തെ പ്രത്യേകത. നിയന്ത്രിക്കാനാവാത്തതെന്നതാണ് മൂന്നാമത്തെ തലം. നാശത്തിന്റെ വ്യാപ്തി വലുതാകുമെന്നതും അതുകൊണ്ട് മനുഷ്യരുടെ മേൽ ഉണ്ടാകുന്ന കഷ്ടപ്പാടുകൾ ഭീകരമാകുമെന്നതുമാണ് നാലാമത്തെയും അഞ്ചാമത്തേയും പ്രത്യേകതകൾ. ബാധിക്കപ്പെട്ട സമൂഹത്തിന്റെ ശേഷികൾക്കപ്പുറമാകും നഷ്ടങ്ങളും ദുരിതങ്ങളുമെന്നതാണ് അവസാനത്തേത്. വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇതൊക്കെ ഒത്തു ചേരുന്നത് കാണാം.

പോലെയുള്ളൊരു തകിടം മറിയൽ മനസ്സിനുണ്ടാകുമ്പോൾ എന്താവും നമ്മുടെ ഉടനെയുള്ള അവസ്ഥ ? ഓർക്കുമ്പോൾ തന്നെ ഞെട്ടലുണ്ടാകുന്നില്ലേ? ഇത് തിരിച്ചറിയാൻ കഴിയുകയും, അത്തരം വിഹ്വലതയിൽ ഒപ്പം നിൽക്കാനുള്ള സന്മനസ്സുമുണ്ടാകുമ്പോഴാണ് മാനസികാരോഗ്യ പ്രഥമ ശുശ്രൂഷയ്ക്കുള്ള ഇടമൊരുങ്ങുന്നത്.

## ആദ്യം ചെയ്യേണ്ടത്

ദുരന്തത്തിന്റെ ആദ്യഘട്ടത്തിൽ ഒപ്പം നിൽക്കുകയെന്നതും, കേൾക്കുകയെന്നതും മാത്രമാകണം മാനസികപിന്തുണയുടെ പ്രധാന ലക്ഷ്യം. അനുഭവതലങ്ങൾ പറയുകയാണെങ്കിൽ കേൾക്കാനുള്ള സന്മനസ്സുണ്ടാകണം. വൈകാരികവിക്ഷോഭങ്ങൾ ന്ന് അന്വേഷിക്കാനുമുള്ള സഹായങ്ങൾ നൽകണം.

കുട്ടികൾക്കും പ്രായമായവർക്കും രോഗമുള്ളവർക്കും പ്രത്യേക ശ്രദ്ധ തുടക്കം മുതൽ നൽകണം .നിലവിൽ മാനസികമോ ശാരീരികമോവായ രോഗങ്ങൾക്ക് ചികിത്സ എടുക്കുന്നവർക്ക് അതിന്റെ തുടർച്ച ഉറപ്പാക്കണം.

മറ്റുള്ളവരുടെ സങ്കടങ്ങളുമായി താദാത്മ്യം പ്രാപിക്കാൻ കഴിവുള്ള മനുഷ്യസ്നേഹമുള്ള ആർക്കും ഇത് ചെയ്യാം. തുടക്കത്തിൽ അത്രമാത്രം മതി. വയനാട്ടിലെ ദുരന്തത്തിൽ ഇത്തരമൊരു കൂടെ നിൽക്കൽ നന്നായി സംഭവിക്കുന്നുണ്ട്. സമാനസങ്കടമുള്ളവർ പരസ്പരം വിഷമം പങ്ക് വയ്ക്കുകയും വൈകാരിക പിന്തുണ നൽകുകയും ചെയ്യുന്ന സ്വയം സഹായ കൂട്ടായ്മ രൂപപ്പെടുവാനുള്ള സാ



ദുരന്തബാധിതരിൽ സാധാരണ സമൂഹത്തെക്കാൾ രണ്ടോ മൂന്നോ ഇരട്ടി മാനസികാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാമെന്ന് പഠനങ്ങൾ പറയുന്നു. ഇത് പരമാവധി കുറയ്ക്കുകയോ തടയുകയോ ചെയ്യുകയെന്നതാണ് മാനസികാരോഗ്യ പരിപാലന ഇടപെടലുകളുടെ ലക്ഷ്യം. വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തെ ഒരു മാതൃകയായി സ്വീകരിച്ച് ഇതെങ്ങനെ നടപ്പാക്കാമെന്ന് നോക്കാം .

## അവരുടെ മനസ്സിനെ അറിയാം

ആദ്യം ദുരന്തത്തിന് ഇരയായവരുടെ മാനസികാവസ്ഥ ഉൾക്കൊള്ളാൻ ശ്രമിക്കാം. മുണ്ടക്കൈ, ചൂരമല പ്രദേശവാസിയാണെന്ന് ഒന്ന് സങ്കൽപ്പിക്കുക. വീടും നാടും ഉരുൾപൊട്ടലിൽ ഒലിച്ചു പോയി. പ്രിയപ്പെട്ടവരെ കാണാനില്ല. രാത്രി ഒപ്പം ഉറങ്ങാൻ കിടന്നവരുടെ മൃതദേഹമാണ് പിന്നെ കാണുന്നത്. ആ ഭൂപ്രദേശത്തിന് സംഭവിച്ചത് സ്വാഭാവിക പ്രതികരണമാണെന്ന് ബോധ്യപ്പെടുത്തണം.ഈ ഘട്ടത്തിൽ കൗൺസിലിങ് ചെയ്ത്ത്കളയാമെന്ന ക്ളീഷേ വർത്തമാനം ഒഴിവാക്കാം.

തത്വചിന്താപരമായ വർത്തമാനങ്ങൾക്ക് പ്രസക്തിയില്ല. പാഴ്പ്രതീക്ഷകൾ നൽകേണ്ട. ഉപദേശങ്ങളും ഒഴിവാക്കുക. വാക്കുകൾക്ക് ഒരു ശക്തിയുമില്ലാത്ത അസാധാരണ പ്രതിസന്ധിയാണിത്. കരുതലുണ്ടെന്നും ഒപ്പമുണ്ടെന്നുമുള്ള തോന്നലുണ്ടാക്കുന്ന സാന്നിധ്യം മാത്രം മതി. വലിയ ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടവരുടെ ആവശ്യങ്ങൾ അറിഞ്ഞു നിറവേറ്റുന്നതിലും മാനസികപിന്തുണയുടെ വലിയ അംശമുണ്ട്. ഭക്ഷണം, വസ്ത്രം, കിടക്കാനുള്ള സുരക്ഷിത ഇടം - ഇവയൊക്കെ നൽകുമ്പോൾ ഈ പ്രതിസന്ധി ഘട്ടത്തിൽ അവർ തനിച്ചാവുന്നില്ലെന്ന തോന്നൽ വരും. പലരും പെട്ടെന്ന് അനാഥരാക്കപ്പെട്ടവരാണ് .ചിതറിപ്പോയ കുടുംബാംഗങ്ങളെ കണ്ടെത്താനും അവരുടെ അവസ്ഥ എന്തെ ഹചര്യം കൂടി ഒരുങ്ങണം. മാനസികമായ തിരിച്ചുവരവിനുള്ള പ്രാപ്തി അവരിൽതന്നെ വളർത്തിയെടുക്കണം .

## തുടർനിരീക്ഷണം അനിവാര്യം

ആഴ്ചകൾ കഴിയുമ്പോൾ മാനസികാരോഗ്യ സഹായം നൽകേണ്ട ഗുരുതരമായ അവസ്ഥകൾ തെളിഞ്ഞുവരാം. അപ്പോഴാണ് വിദഗ്ധരുടെ ഇടപെടലുകൾ കൂടുതലായി വേണ്ടത്. ഉണ്ടാകാനിടയുള്ള മാനസികാസ്വാസ്ഥ്യങ്ങളെ തിരിച്ചറിയാൻ പറ്റണം.

മനുഷ്യസങ്കല്പങ്ങൾക്കപ്പുറമുള്ള ദുരന്തമുഖത്ത് നിന്നവരാണ് രക്ഷപ്പെട്ടവർ. പ്രിയപ്പെട്ടവർ കുത്തൊഴുക്കിൽ ഒലിച്ചുപോയത് കണ്ടിട്ടുള്ളവരുമുണ്ടാകും .രക്ഷിക്കാൻ ആൾ വരുമോയെന്നും അതോ മറ്റൊരു ഉരുൾപൊട്ടലിൽ ഒഴുകിപോകുമോയെന്നുമുള്ള വിഹ്വലതയിൽ മണിക്കൂറുകളോളം വെറു



ദുരിതാശ്വാസ ക്യാമ്പിലെ കുട്ടിയിടം

ങ്ങലിച്ച് നിന്നിട്ടുമുണ്ടാകാം. പോസ്റ്റ് ട്രോമാറ്റിക് സ്ട്രെസ് ഡിസോഡറിന്റെ ലക്ഷണങ്ങൾ പതിയെ ചിലരിൽ തല പൊക്കാം. ഭീതിപ്പെടുത്തുന്ന ഓർമ്മകൾ വേട്ടയാടാം. അത് പേടിസ്വപ്നമായി ശല്യം ചെയ്യാം .ചെറിയ മഴ പോലും ഭയപ്പെടുത്താം. മലയോര പ്രദേശങ്ങളിൽ പോകുന്നത് ആധിയുണ്ടാക്കാം. വെറുതെ ഇരിക്കുമ്പോൾ പോലും ഉൽക്കണ്ഠയുടെ ഉരുൾപൊട്ടൽ ഉണ്ടായേക്കാം. ഇത്തരം വേളകളിൽ വിദഗ്ധസഹായം നൽകണം.



**കുട്ടികൾക്കും പ്രായമായവർക്കും രോഗമുള്ളവർക്കും പ്രത്യേക ശ്രദ്ധ തുടക്കം മുതൽ നൽകണം. നിലവിൽ മാനസികമോ ശാരീരികമോ ആയ രോഗങ്ങൾക്ക് ചികിത്സ എടുക്കുന്നവർക്ക് അതിന്റെ തുടർച്ച ഉറപ്പാക്കണം.**

വല്ലാത്തൊരു വിരഹദുഃഖത്തിന്റെ ചൂട് അവശേഷിക്കുന്നവരിലുണ്ടാകാം. ഗ്രാമപ്രദേശമായത് കൊണ്ട് പ്രിയപ്പെട്ടർ ആരെങ്കിലുമൊക്കെ ഒരു രാത്രി കൊണ്ട് മരണത്തിലേക്ക് ഒഴുകി പോയിട്ടുണ്ടാകും. ശരീര ഭാഗങ്ങൾ മാത്രം കണ്ട് മരണമെന്ന യാഥാർത്ഥ്യത്തെ ഉൾക്കൊള്ളേണ്ടി വന്നവരുണ്ടാകാം. കാണാതായവർ തിരിച്ചുവരുമെന്ന പ്രതീക്ഷയിൽ വഴിക്കണ്ണുമായി നിൽക്കുന്നവരുണ്ടാകാം. ഒരു പ്രദേശത്തിലെ എല്ലാവരും തന്നെ ആരുടെയെങ്കിലും ദേഹവിയോഗത്തിൽ ദുഃഖിതരാകുന്ന സന്ദർഭങ്ങളിൽ കമ്മ്യൂണിറ്റി കൂട്ടമായി ആചരിക്കുന്ന ഓർമ്മച്ചടങ്ങുകൾ മരണവുമായി പൊരുത്തപ്പെടുവാൻ പരസ്പരം പിന്തുണച്ചേക്കാം.

അവർ താമസിച്ച ഗ്രാമത്തിന്റെയും വീടിന്റെയും പരിസരത്തിന്റെയും അപ്രത്യക്ഷമാകൽ മറ്റൊരു നഷ്ടമാണ്. പ്രിയപ്പെട്ടവരുടെ ദേഹവിയോഗവുമായി സമരസപ്പെടുവാൻ ഇതും പ്രതിബന്ധമാകാം. ഒരുമിച്ച് കഴിഞ്ഞ വീടിനുള്ളിലെ ഓർമ്മകളിലൂടെയും കൂട്ടായ്മകളിലൂടെയും മനസ്സിലെ മുറിവുകൾ കരിയാനുള്ള അവസരമാണ് പലർക്കും ഇല്ലാതാകുന്നത്.

പ്രിയപ്പെട്ടയാളുടെ നഷ്ടം പോലെയാകും ചിലർക്ക് വീടിന്റെയും ഗ്രാമത്തിന്റെയും നാശം. നഷ്ടമായത് ഇല്ലാത്ത ലോകത്തിൽ അർത്ഥപൂർണ്ണമായ മറ്റൊന്നുമായി ചേർന്ന് ജീവിതം മുന്നോട്ട് പോകുമ്പോഴാണ് വിരഹത്തിന് അയവ് വരുന്നത്.

## കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കാം

ദുരന്തസാഹചര്യത്തിലെ കുട്ടികളുടെ മാനസികാരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകണം. ചെറിയ ശബ്ദങ്ങളിൽ ഞെട്ടൽ, ഉറക്കത്തിനുള്ള ബുദ്ധിമുട്ടുകൾ, പേടിസ്വപ്നം കാണൽ, ഭക്ഷണത്തോടുള്ള വിരക്തി, രക്ഷാകർത്താക്കളെ വിട്ട് പിരിയാതെയുള്ള നിൽപ്പ്, അകാരണമായ ദ്വേഷ്യം, കരച്ചിൽ, പേടി, -ഇങ്ങനെ ഒറ്റപ്പെട്ട ലക്ഷണങ്ങൾ കുട്ടികൾ പ്രകടിപ്പിക്കാം. സ്കൂളിൽ പോകാൻ മടി കാട്ടാം. നിഷേധ സ്വഭാവങ്ങളും പെരുമാറ്റവൈകല്യങ്ങളും പൊട്ടി മുളയ്ക്കാം. പോസ്റ്റ് ട്രോമാറ്റിക് സ്ട്രെസ് ഡിസോഡറിന്റെ കുട്ടി പതിപ്പുകൾ ഉണ്ടാകാം. കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ അതിന്റെ ആഘാതം വ്യക്തിത്വത്തിൽ ഉണ്ടായേക്കാം .

## രക്ഷാപ്രവർത്തകരെ മറക്കരുത്

രക്ഷാപ്രവർത്തനത്തിൽ മുഴുകുന്നവരിലും മൃതദേഹങ്ങൾ വീണ്ടെടുക്കാൻ പോകുന്നവരിലും അസ്വസ്ഥതകൾ പതിയെ മുളപൊട്ടാമെന്ന കാര്യം മറക്കരുത്. ജീവനുള്ള ആളുകളെ വീണ്ടെടുക്കാൻ പോകുമ്പോൾ മൃതദേഹങ്ങളും ശരീരഭാഗങ്ങളുമൊക്കെ കാണേണ്ടി വരുമ്പോൾ മനസ്സ് തളരാം. ക്ലേശകരമായ ദൗത്യത്തിൽ വിശ്രമമില്ലാതെ പങ്ക് ചേരുമ്പോൾ തളർച്ചയുണ്ടാകാം .പൊതുവിൽ ആത്മവീര്യം ചോർന്നുപോകാം. ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടവർക്കുണ്ടാകുന്ന തരത്തിലുള്ള മാനസികബുദ്ധിമുട്ടുകൾ ഇവരിൽ ചിലരിലും ഉണ്ടാകാം. അത് അനുഭവപ്പെടുമ്പോൾ മടിക്കാതെ സഹായം തേടണം . താങ്ങാൻ പറ്റാത്ത വിധത്തിലായാൽ താൽക്കാലികമായി പിൻവാങ്ങുകയും ചെയ്യണം. രക്ഷാപ്രവർത്തകരുടെ ആരോഗ്യവും മനസ്സിന്റെ അവസ്ഥയും റെസ്ക്യൂ, റിക്കവറി ഘട്ടത്തിലെ മുൻഗണനയാണ്.

## സമൂഹ പുനർനിർമ്മിതി: കർമ്മപദ്ധതി വേണം

സവിശേഷമായ പല വെല്ലുവിളികളും ഉയർത്തുന്ന ഒരു സാഹചര്യമാണ് എല്ലാ ദുരന്തങ്ങളും സൃഷ്ടിക്കുന്നത്. ഇത് സൃഷ്ടിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ സമഗ്രമായി പരിഹരിക്കുന്ന കമ്മ്യൂണിറ്റി ആക്ഷൻ പ്ലാൻ വേണ്ടി വരും.

ദുരന്തം സംഭവിച്ച പ്രദേശത്തിലെ സർക്കാർ സംവിധാനങ്ങളാണ് ഇതിൽ നേതൃത്വപരമായ പങ്ക്വഹിക്കേണ്ടത്.പങ്കാളികളാകേണ്ട എല്ലാ വിഭാഗങ്ങളുടെയും സന്നദ്ധപ്രവർത്തനത്തിന്റെയും ഏകോപനം പ്രധാനമാണ്. എല്ലാ ദുരന്തങ്ങളിലും പുനരധിവാസം ഒരു മുൻഗണനാ വിഷയമാണ്. പുനരധിവാസം ഇല്ലാതെ എങ്ങനെ സ്വസ്ഥത നില നിർത്താനാകും? മാനസികാരോഗ്യം ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും സമഗ്രമായ പിന്തുണ ഒരു വർഷമെങ്കിലും തുടരേണ്ടതുണ്ട്. ഇടപെടേണ്ട മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് മാറ്റങ്ങൾ വരാം. അതിനനുസരിച്ച് ഉണർന്ന് പ്രവർത്തിക്കുന്ന ഒരു സംവിധാനം സ്ഥിരമായി അവർക്കൊപ്പം വിളിപ്പാടകലെ എപ്പോഴും ഉണ്ടാകണം.■



> 2019 ആഗസ്റ്റ് എട്ടിന് മലപ്പുറത്തെ കവളപ്പാറയിൽ നടന്ന ദുരന്തം 59 പേരുടെ ജീവനാണെടുത്തത്

# മരണം വിതച്ച ഉരുൾപൊട്ടലുകൾ

## കേരളം

### അമ്പൂരി 2001

തിരുവനന്തപുരം അമ്പൂരി പഞ്ചായത്തിൽ 2001 നവംബറിൽ ഉണ്ടണ്ടായ ഉരുൾപൊട്ടൽ 39 പേരുടെ ജീവനാണ് എടുത്തത്. 2001 നവംബർ 9 നാണ് കേരളം അന്നോളം കണ്ടതിൽവെച്ച് ഏറ്റവുംവലിയ ഉരുൾപൊട്ടലിന് സാക്ഷിയായത്. ഒരുമലയോര ഗ്രാമം ഒന്നടക്കം ആ ഉരുൾപൊട്ടലിൽ ഞെരിഞ്ഞമർന്നു.

കുരിശുമലയുടെ അടിവാരത്തുള്ള കവലയിലെ നാലോളം വീടുകൾ മണ്ണിനടിയിലായി. പാറയും മണ്ണും കുത്തിയൊലിച്ചുവന്നുകൊണ്ടിരുന്നു. നാട്ടുകാരും ഫയർഫോഴ്സും രക്ഷാപ്രവർത്തനത്തിനായി സജീവമായി ഇറങ്ങി. അടിവാരത്തെ പൂച്ചമുക്കിലെ സി.ഡി തോമസിന്റെ മകന്റെ വിവാഹനിശ്ചയത്തിനെത്തിയവരായിരുന്നു മരിച്ചവരിൽ ഏറെയും. 24 പേരാണ് തോമസിന്റെ വീട്ടിൽമാത്രം മരണപ്പെട്ടത്. ഉരുൾപൊട്ടൽ സാധ്യതമേഖലയായി കുരിശുമല, പൂച്ചമുക്ക്, കുമ്പിച്ചൽ എന്നിവിടങ്ങളെ സർക്കാർ പ്രഖ്യാപിച്ചു.

### വെണ്ണിയാനി 2001

2001 ജൂലായ് 9 നാണ് ഇടുക്കി തൊടുപുഴ താലൂക്കിലെ വെണ്ണിയാനിയിൽ ഉരുൾപൊട്ടുന്നത്. വെള്ളപ്പാച്ചിലിൽ ആദ്യം ഇടയപ്പറമ്പിൽ ഭാസ്കരന്റെയും കുമാരിയുടെയും വീട് തകരുകയും ഇരുവരും മരിക്കുകയും ചെയ്തു. തുടരെ ഇരുപതോളം ഉരുളുകളാണ് പൊട്ടിയത്. അന്ന് ഉച്ചയ്ക്ക് 11.30ഓടെ മലയാള മനോരമയുടെ ഫോട്ടോഗ്രാഫർ വിക്ടർ ജോർജ് ചിത്രങ്ങൾ പകർത്തുന്നതിനിടെ മരിച്ചു. നൂറോളം ആൾക്കാർ നോക്കി നിൽക്കെയാണ് ഉരുൾപൊട്ടിയത്. ഇവർ ഓടിരക്ഷപെട്ടതിനാൽ വൻദുരന്തമാണ് ഒഴിവായത് .



### പുല്ലൂരാംപാറ 2012

2012 ആഗസ്റ്റ് 7നാണ് കോഴിക്കോട് ജില്ലയിലെ മലയോരമേഖലയായ പുല്ലൂരാംപാറ, മഞ്ഞവെയിൽ ഭാഗങ്ങളിൽ ഉരുൾപൊട്ടുന്നത്. എട്ട് പേരാണ് ഈ ദുരന്തത്തിൽ മരിച്ചത്. വാസസ്ഥലങ്ങൾക്കും കൃഷിയിടങ്ങൾക്കും വലിയ നാശനഷ്ടങ്ങളാണ് സംഭവിച്ചത്. ദിവസങ്ങളായി നിർത്താതെ പെയ്ത മഴയായിരുന്നു അന്നത്തെ ഉരുൾപൊട്ടലിന് കാരണമായതെന്നാണ് കണ്ടെത്തൽ

### കട്ടിപ്പാറ 2018

2018 ജൂൺ 14നാണ് കോഴിക്കോട് കട്ടിപ്പാറയിൽ ഉരുൾപൊട്ടുന്നത്. 14ന് പുലർച്ചെയുണ്ടായ ദുരന്തത്തിൽ 14 പേരാണ് മരിച്ചത്. അഞ്ച് വീടുകൾ പൂർണ്ണമായി നശിക്കുകയും 33 വീടുകൾ ഭാഗികമായി തകരുകയും ചെയ്തു. ഉരുൾപൊട്ടലിനെ തുടർന്ന് സമീപപ്രദേശത്ത് വെള്ളപ്പൊക്കമുണ്ടാവുകയും അഞ്ചോളം പഞ്ചായത്തുകൾ വെള്ളത്തിലാവുകയും ചെയ്തു. കോഴിക്കോട് ജില്ലയിലുണ്ടായ ഏറ്റവും വലിയദുരന്തമായിട്ടാണ് കട്ടിപ്പാറ ഉരുൾപൊട്ടലിനെ കണക്കാക്കുന്നത്.

### കവളപ്പാറ 2019

2019 ആഗസ്റ്റ് എട്ടിന് മലപ്പുറത്തെ കവളപ്പാറയിൽ നടന്ന ദുരന്തം 59 പേരുടെ ജീവനാണെടുത്തത്. ഇതിൽ 11 പേരെ കണ്ടെത്താനായില്ല. രാത്രി എട്ടോടെയാണ് ദുരന്തമുണ്ടാവുന്നത്. കവളപ്പാറ മുത്തപ്പൻ കുന്നിൽ ഉരുൾപൊട്ടി താഴ്‌വാരത്തെ 45 വീടുകൾ മണ്ണിനടിയിലായി. ഇരുപത് ദിവസം നീണ്ട തിരച്ചിലിനൊടുവിലാണ് 48 മൃതദേഹങ്ങൾ കണ്ടെടുത്തത്. 12 പേരുടെ



മൃതദേഹങ്ങൾ ഇന്നും കണ്ടുകിട്ടിയിട്ടില്ല. കവളപ്പാറയിലെ ജനവാസകേന്ദ്രത്തില ടക്കം 45 വീടുകളാണ് ഉരുൾപൊട്ടലിൽ മണ്ണിനടിയിലായത്. ഇതേ ദുരന്തം നടന്ന ദിവസം സമീപപ്രദേശത്തെ പാതാറിലും നാശം സംഭവിച്ചു. ഉരുൾപൊട്ടലിൽ ഈ നാട്തന്നെ അപ്രത്യക്ഷമായി. എന്നാൽ, ആളപായമുണ്ടായില്ല. മുത്തപ്പൻകുന്നിലെ കവളപ്പാറകോളനിയിലെ 32 വീടുകളട ക്കം നൂറ്റിയറുപതോളം കുടുംബങ്ങൾക്ക് സർക്കാർ നഷ്ടപരിഹാരം നൽകി.

## പുത്തുമല 2019

2019 ആഗസ്റ്റ് എട്ടിനുണ്ടായ ഉരുൾപൊട്ട ലിൽ പുത്തുമലയിലെയും സമീപപ്രദേശമായ പച്ചക്കാടിലെയും 17 പേരാണ് മരിച്ചത്. ഇതിൽ അഞ്ചുപേരുടെ മൃതദേഹം ഇപ്പോഴും കാണാമറയത്താണ്. പച്ചക്കാടിലെ കുന്നിൻ മുകളിൽ നിന്നാണ് ഉരുൾപൊട്ടിയത്. 65 ഓളം വീടുകളാണ് ഉരുൾപൊട്ടലിൽ പൂർണ്ണ മായും തകർന്നത്.

## പെട്ടിമുടി 2020

2020 ആഗസ്റ്റ് ആറിന് രാത്രി പത്തരയ്ക്കാണ് പെട്ടിമുടിക്ക മീതെ ദുരന്തം ഉരുൾപൊട്ടിയെ ത്തിയത്. നിമിഷനേരം കൊണ്ട് ലയങ്ങളെ ല്ലാം മണ്ണിനടിയിലായി. ജോലികഴിഞ്ഞുവന്ന ക്ഷീണത്തിൽ മിക്കവരും ഉറക്കംപിടിച്ചിരു ന്നു. വാർത്താവിനിമയ സംവിധാനങ്ങളുടെ കുറവുകാരണം 10 മണിക്കൂറിന് ശേഷമാണ് ദുരന്തം പുറംലോകം അറിഞ്ഞത്. ദുരന്തനി വാരണസേനയും വിവിധവകുപ്പുകളുമാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി യത്. കോവിഡിനെ അവഗണിച്ച് അഞ്ഞൂ റിലധികം പേർ രക്ഷാപ്രവർത്തനത്തിനി റങ്ങി. 19 ദിവസം നീണ്ടുനിന്ന തിരച്ചിൽ. ഓരോ ദിവസവും ഹൃദയഭേദകമായിരുന്നു കാഴ്ചകൾ. അച്ഛനും അമ്മയ്ക്കുമൊപ്പം കെട്ടി പ്പിടിച്ചുകിടക്കുന്ന രീതിയിൽ കുഞ്ഞുങ്ങളുടെ മൃതദേഹങ്ങൾ കണ്ടെടുത്തപ്പോൾ നാട് കണ്ണീരണിഞ്ഞു.

തിരച്ചിലിൽ 14 കിലോമീറ്റർ ദൂരത്തുനിന്നു വരെ മൃതദേഹങ്ങൾ കണ്ടെടുത്തു. നാലുപേരെ ഒഴികെ 66 പേരെകണ്ടെത്തി.

## കൂട്ടിക്കൽ 2021

2021 ഒക്ടോബർ 16ന് കോട്ടയം ഇടുക്കി ജില്ലകളുടെ അതിർത്തി പ്രദേശമായ കൂട്ടിക്കൽ, കൊക്കയാർ എന്നിവിടങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഒരു കുടുംബത്തി ലെ ആറ് പേരുൾപ്പെടെ,

13 ജീവനുകളാണ് നഷ്ടപ്പെട്ടത്. ആ ശനി യാഴ്ച പകൽ ഇടവിടാതെ മഴപെയ്യാനായി ആരംഭിച്ചു. സാധാരണമഴയിൽനിന്ന് ആരം ഭിച്ചത് പിന്നിട് സർവശാന്തയും കൈവെടി ഞ്ഞ് സംഹാരതാണ്ഡവം ആടിതിമിർക്കാൻ ആരംഭിച്ചു. കാവാലി, പ്ലാപ്പള്ളി എന്നിവിടങ്ങ ളിൽ ഉരുൾപൊട്ടി. കെട്ടിടാവശിഷ്ടങ്ങൾ ഉൾപ്പെടെ പുഴയിലൂടെ കുതിച്ചെത്താൻ ആരംഭിച്ചു. ആയിരക്കണക്കിന് ആളുകളാ ണ് ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റപ്പെട്ടത്.

## ഇന്ത്യ
## ഗുവാഹത്തി, അസം

**1948 സെപ്റ്റംബർ 18**

കനത്ത മഴയെത്തുടർന്ന് വടക്കു കിഴക്കൻ അസമിന്റെ അതിർത്തി പ്രദേശങ്ങളിലാണ് മണ്ണിടിച്ചിൽ ഉണ്ടായത്. മണ്ണിടിച്ചിലിൽ 500 ലധികം ആളുകൾ മരിച്ചു. റിപ്പോർട്ടുകൾ അനുസരിച്ച്, മണ്ണിടിച്ചിലിൽ 60 വീടുകളുള്ള ഒരു ഗ്രാമം മുഴുവൻ മണ്ണിനടിയിലായി.

## ഡാർജിലിംഗ്, പശ്ചിമ ബംഗാൾ

**1968 ഒക്ടോബർ 4**

1968 ഒക്ടോബർ 2 മുതൽ 5വരെ സിക്കിം, ഡാർജിലിംഗ് മേഖലകളിൽ തുടർച്ചയായി





മഴ പെയ്തു. മഴ നൂറു കണക്കിന് ഉരുൾ പൊട്ടലുകൾക്ക് കാരണമായി. 1968 ഒക്ടോ ബർ 4നാണ് ഏറ്റവും മോശമായ മണ്ണിടി ച്ചിൽ ഉണ്ടായത്. 60കിലോമീറ്റർ നീളമുള്ള ഹൈവേ ഒലിച്ചു പോയി. ടീസ്റ്റ ബസാറിലെ പ്രശസ്തമായ ആൻഡേഴ്സൺ പാലം പൂർണ്ണ മായും ഒലിച്ചു പോയി. റിപ്പോർട്ടുകൾ പ്രകാരം ആയിരക്കണക്കിന് ആളുകൾ മരിച്ചു.





## മൽപ, ഉത്തരാഖണ്ഡ്

**ഓഗസ്റ്റ് 18, 1998**

ഇന്ത്യയിലെ ഏറ്റവും വലിയ മണ്ണിടിച്ചിലായി കണക്കാക്കപ്പെടുന്നു. അഞ്ച് മീറ്റർ ഉയരമുള്ള പാറയുടെ ഒരു ഹിമപാതം ഉത്തരാഖണ്ഡിലെ പിത്തോരഗഡ് ജില്ലയിലെ മാൽപ ഗ്രാമത്തെ മുഴുവൻ നശിപ്പിച്ചു. ഇതിൽ 60 കൈലാഷ് മാനസരോവർ തീർത്ഥാടകർ ഉൾപ്പെടുന്നു. ആകെ 300 ലധികം പേർ കൊല്ലപ്പെട്ടു.

## മുംബൈ, മഹാരാഷ്ട്ര

**ജൂലൈ 12, 2000**



കനത്ത മഴയെതുടർന്നുണ്ടായ മണ്ണിടിച്ചിലിലാണ് ഘാട്കോപറിന്റെ പ്രാന്തപ്രദേശങ്ങളിൽ മണ്ണിടിഞ്ഞത്. റിപ്പോർട്ടുകൾ പ്രകാരം 67 പേർ മരിക്കുകയും ലോക്കൽ ട്രെയിനുകളും അപകടത്തിൽപ്പെടുകയും ചെയ്തു.

## കേദാർനാഥ്, ഉത്തരാഖണ്ഡ്

**ജൂൺ 16, 2013**

ഉത്തരാഖണ്ഡ് വെള്ളപ്പൊക്കത്തിന്റെ



ഫലമായി, കേദാർനാഥിൽ വലിയ ഉരുൾ പൊട്ടലുകൾ ഉണ്ടായി. 5700 ലധികം പേർ മരിക്കുകയും 4,200ലധികം ഗ്രാമങ്ങൾ വെള്ളപ്പൊക്കത്തിലും വെള്ളപ്പൊക്കത്തിന് ശേഷമുള്ള മണ്ണിടിച്ചിലിലും ബാധിക്കപ്പെട്ടു.

## മാലി, മഹാരാഷ്ട്ര

**ജൂലൈ 30, 2014**

പൂനെ ജില്ലയിലെ മാലിഗ്രാമത്തിൽ ഉരുൾ പൊട്ടലിൽ 151 പേർ മരിക്കുകയും 100 പേരെ കാണാതാവുകയും ചെയ്തു.

## മുംബൈ, മഹാരാഷ്ട്ര

**ജൂലൈ 18, 2021**



തുടർച്ചയായി പെയ്യുന്ന മഴയെതുടർന്നുണ്ടായ മണ്ണിടിച്ചിലിൽ ചെമ്പൂരിന്റെയും വിക്രോളിയുടെയും പ്രാന്തപ്രദേശങ്ങളിൽ മുപ്പത്തിരണ്ട് പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു.

## ടുപുൾ, മണിപ്പൂർ

**ജൂൺ 30, 2022**

മണിപ്പൂരിലെ നോനി ജില്ലയിൽ ടുപുൾ റെയിൽവേ നിർമാണ സ്ഥലത്തിന് സമീപം വൻ മണ്ണിടിച്ചിലിൽ 58 പേർ മരിച്ചു. മൂന്ന് പേരെ കാണാതായി. 29 ഇരുപത്തിയൊമ്പത് സൈനികരും മരിച്ചവരിൽ ഉൾപ്പെടുന്നു. കരയിലെ അവശിഷ്ടങ്ങൾ ഇജായ് നദിയെ തടഞ്ഞു. സമീപ ഗ്രാമങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി ഉയർത്തി.

## റായ്ഗഡ്, മഹാരാഷ്ട്ര

**ജൂലൈ 19, 2023**



കുറഞ്ഞത് 26 മരണങ്ങൾക്ക് കാരണമായി. നൂറിലധികം പേർ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയതായി കണക്കാക്കപ്പെടുന്നു.

## ഐസ്വാൾ, മിസോറാം

**മെയ് 28, 2024**

റെമൽ ചുഴലിക്കാറ്റിന്റെ തുടർച്ചയായ മഴയിൽ, ഐസ്വാൾ ജില്ലയിൽ ഒരു കല്ല് ക്വാറി തകർന്ന് വൻ മണ്ണിടിച്ചിലിൽ 14 പേർ മരിച്ചു. എട്ട് പേരെ കാണാതാവുകയും ചെയ്തു.

## ഷിരൂർ, കർണാടക

**ജൂലൈ 16, 2024**

കർണാടകയിലെ ഉത്തര കന്നഡയിലെ



അങ്കോളയിൽ ഷിരൂരിൽ രാവിലെ എട്ടരയോടെയാണ് ഉരുൾപൊട്ടലുണ്ടായത്. കുറഞ്ഞത് എട്ട് മരണങ്ങൾക്ക് കാരണമായി. മലയാളിയായ അർജുൻ ഉൾപ്പെടെ മൂന്നിലധികം പേരെ കണ്ടെത്താനായിട്ടില്ല. ■

**തയ്യാറാക്കിയത് : അർജുൻ മാധവ് എസ്**



ദുരന്തമുഖങ്ങളിലെ രക്ഷാപ്രവർത്തനം പോലെ തന്നെ പ്രധാന മാണ് ദുരന്തങ്ങളെ കരുതിയിരിക്കാൻ ചെയ്യേണ്ട കാര്യങ്ങളുമെന്ന് ലോകമെമ്പാടുമുള്ള ദുരന്തനിവാരണവിദഗ്ധർ പറയുന്നു.

# ജാഗ്രത എല്ലായ്പ്പോഴും



എല്ലാ ദുരന്തസാഹചര്യങ്ങളിലും പാലിക്കേണ്ട ചില പൊതുനിർദേശങ്ങൾ

1. കിംവദന്തികളെ അവഗണിക്കുക, പരിഭ്രാന്തരാവാതിരിക്കുക

2. റേഡിയോ, ടെലിവിഷൻ, പത്രമാധ്യമങ്ങൾ തുടങ്ങിയവയിൽ വരുന്ന ഓദ്യോഗിക കാലാവസ്ഥ വാർത്തകൾ ശ്രദ്ധിക്കുക. കാലാവസ്ഥാവിവരങ്ങൾ ഉൾകൊള്ളുന്ന മൊബൈൽ ആപ്പുകളും ഡൗൺലോഡ് ചെയ്യാം.

3. ഓദ്യോഗികനിർദേശങ്ങൾ കൃത്യമായി പാലിക്കുക. അടുത്തുള്ള ദുരിതാശ്വാസ ക്യാമ്പുകളെ പറ്റി അറിഞ്ഞിരിക്കുകയും ദുരന്തനിവാരണ പദ്ധതികളെ കുറിച്ചുള്ള അവബോധം ഉണ്ടായിരിക്കുകയും ചെയ്യുക.

4. അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കേണ്ട പ്രഥമ ശുശ്രൂഷ രീതികൾ അറിഞ്ഞിരിക്കുക

5. അവശ്യസർവീസുകളുടെ ഫോൺ നമ്പർ (പോലീസ്, അഗ്നിശമന സേന, വനം വകുപ്പിന്റെയും മറ്റും) അറിഞ്ഞുവയ്ക്കുക. പ്രധാനപ്പെട്ട ഫോൺ നമ്പറുകൾ എഴുതി സൂക്ഷിക്കുക.

6. അത്യാവശ്യ സാധനങ്ങൾ ഉൾപ്പെടുത്തി ഒരു എമർജൻസി കിറ്റ് ഒരുക്കിവയ്ക്കുക. കൂട്ടത്തിൽ പ്രധാനപ്പെട്ട രേഖകൾ വെള്ളം കയറാത്ത കവറുകളിൽ ആക്കി സൂക്ഷിക്കുക.

7. ദുരന്തസാധ്യത മനസ്സിലാക്കി കഴിഞ്ഞാൽ അത്യാവശ്യം രണ്ട് ആഴ്ചകളിലേക്കു വേണ്ടുന്ന അവശ്യ ഭക്ഷ്യവസ്തുക്കളും (ready to eat) ശുദ്ധജലവും സംഭരിച്ചു വയ്ക്കുക.

8. അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി മൊബൈൽ ഫോണുകൾ ചാർജ് ചെയ്തിടാൻ ശ്രദ്ധിക്കുക, ഒരു റേഡിയോ സെറ്റും ബാറ്ററികളും കരുതുക

9. പ്രത്യേക പരിഗണന അർഹിക്കുന്നവരെ (കുട്ടികൾ, മുതിർന്ന പൗരൻമാർ, ഭിന്നശേഷിക്കാർ, കിടപ്പ് രോഗികൾ) എന്നിവരെ പ്രത്യേകം സഹായിക്കുക.

10. ദുരന്തങ്ങളെപ്പറ്റിയും ദുരന്തസാധ്യതകളെപ്പറ്റിയും കൂടുതൽ വിവരങ്ങൾക്ക് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ് (www.sdma.kerala.gov.in) സന്ദർശിക്കുക.



## ഉരുൾപൊട്ടൽ ദുരന്തത്തിന് മുൻപ്

- കൂടുതൽ വൃക്ഷങ്ങളും, മറ്റുസസ്യജാലങ്ങളും നട്ടുപിടിപ്പിക്കുന്നത് മണ്ണ് ഉറപ്പിച്ചു നിർത്താൻ സഹായിക്കുകയും അത് മൂലം ഉരുൾപൊട്ടൽസാധ്യത ലഘൂകരിക്കുകയും ചെയ്യുന്നു.
- അഴുക്കുചാലുകൾ വൃത്തിയാക്കിവയ്ക്കുകയും മലിനജലം ഒഴുക്കുന്നതിനുള്ള ദ്വാരങ്ങൾ അടയാതെ ശ്രദ്ധിക്കുകയും ചെയ്യുന്നതോടൊപ്പം സ്വാഭാവിക ജലനിർഗമന സംവിധാനത്തിനു തടസ്സം വരാതിരിക്കുവാനും ശ്രദ്ധിക്കുക.



**പ്രളയ ജലത്തിലേക്ക് ഇറങ്ങാതിരിക്കുക. എന്തെങ്കിലും അത്യാവശ്യങ്ങൾക്കായി ഇറങ്ങേണ്ടിവരുമ്പോൾ അനുയോജ്യമായ പാദരക്ഷകൾ ഉപയോഗിക്കാൻ ശ്രദ്ധിക്കുക.**

- അവശിഷ്ടങ്ങൾ, മാലിന്യങ്ങൾ, തുടങ്ങിയവ കുത്തനെയുള്ള ചെരിവുകളിൽ കൊണ്ടിടരുത്.
- പ്രകൃതിയിൽ കാണപ്പെടുന്ന മുന്നറിയിപ്പുകൾ ശ്രദ്ധയോടെ വീക്ഷിക്കുക. പ്രത്യേകിച്ച് പാറയിൽ ഉണ്ടാവുന്ന വിള്ളലുകൾ, ചെളിവെള്ളം കലർന്ന പുഴ തുടങ്ങിയവ.
- കുത്തനെയുള്ള ചെരിവുകളിലും, സ്വാഭാവിക ജലനിർഗമന പാതയിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തരുത്.
- എന്തെങ്കിലും അപായസൂചനകൾ, പ്രത്യേകിച്ച് മരങ്ങൾ പിളരുന്നതോ, പാറകൾ കൂട്ടിയിടിക്കുന്നതോ ആയ ശബ്ദങ്ങൾ തുടങ്ങിയവ ശ്രദ്ധയിൽ പെടുകയാണെങ്കിൽ എത്രയും പെട്ടെന്ന് മണ്ണിടിച്ചിലിന്റെ പാതയിൽ നിന്നും, താഴ്‌വാരങ്ങളിൽ നിന്നും അകലേക്ക് ഓടി രക്ഷപ്പെടുക.
- ദുരന്തസാഹചര്യത്തിൽ, കഴിയുമെങ്കിൽ എത്രയും പെട്ടെന്ന് അടുത്തുള്ള വില്ലേജ്, പഞ്ചായത്ത് അധികാരികളെ അറിയിക്കുക. കൂടാതെ ജില്ല ദുരന്ത നിവാരണ കൺട്രോൾ റൂം (1077) തുടങ്ങിയവയിൽ വിവരം അറിയിക്കുക.

## ഉരുൾപൊട്ടലിനു ശേഷം

- ഇളകിനിൽക്കുന്ന പ്രതലങ്ങൾ / വസ്തുക്കൾ, വൈദ്യുതലൈനുകളോ / കമ്പികളോ തുടങ്ങിയവയിൽ തൊടാനോ അവയുടെ മുകളിലൂടെ നടക്കാനോ പാടില്ല.
- മണ്ണിടിച്ചിലിന്റെ പാതയിൽ നിന്നും താഴ്‌വരയിൽ നിന്നും എത്രയും പെട്ടെന്ന് ഓടിമാറുക.
- മുറിവുപറ്റിയവരെയും അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിപ്പോയവരെയും രക്ഷപ്പെടുത്തുകയും ആവശ്യമായ പ്രഥമശുശ്രൂഷ നൽകുകയും ചെയ്യുക
- പുഴ, അരുവികൾ, കിണറുകൾ തുടങ്ങിയവയിൽ നിന്നുള്ള മലിനമായ ജലം കുടിക്കാൻ പാടില്ല.
- ഔദ്യോഗികനിർദേശം അനുസരിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം പ്രാപിക്കുക.
- ഉരുൾപൊട്ടൽ കാരണം തെന്നിമാറിയിട്ടുള്ള സ്ഥലങ്ങളിൽനിന്നും മാറി നിൽക്കുക. തുടർച്ചയായ ഉരുൾപൊട്ടലുകളും മണ്ണൊലിപ്പും ഉണ്ടാവാം.
- അപകടം ഉണ്ടായ പ്രദേശങ്ങളിൽ നിന്നും അകന്നുനിൽക്കുക. ഫോട്ടോ എടുക്കുന്നതിനോ കാഴ്ച കാണുന്നതിനോ മുതിരരുത്.

## വെള്ളപ്പൊക്കം ദുരന്തത്തിന് മുൻപ്

- ദുരന്തസാധ്യത മനസ്സിലായാൽ കന്നുകാലികളെയും മറ്റു വളർത്തു മൃഗങ്ങളെയും അഴിച്ചുവിട്ട് അവയുടെ സുരക്ഷ ഉറപ്പുവരുത്തുക
- അടുത്തുള്ള സുരക്ഷിതസ്ഥാനങ്ങളും / ദുരിതാശ്വാസ ക്യാമ്പും / ഉറപ്പുള്ള ഉയർന്ന കെട്ടിടങ്ങളും എത്തിച്ചേരാനുള്ള എളുപ്പവും സുരക്ഷിതവുമായ മാർഗങ്ങളും നേരത്തെതന്നെ അറിഞ്ഞുവയ്ക്കുക.
- ഔദ്യോഗിക മുന്നറിയിപ്പുകൾ കിട്ടിയാലുടൻ തന്നെ അപകടസാധ്യതാമേഖലയിലുള്ള പാർപ്പിടങ്ങളിൽ നിന്നും ഒഴിഞ്ഞു പോകുക.
- ദ്രുതഗതിയിൽ വെള്ളപ്പൊക്കം ഉണ്ടാവാൻസാധ്യതയുള്ള പ്രദേശങ്ങളെ പറ്റി അറിവുണ്ടായിരിക്കുക. ഉദാഹരണത്തിന് നദികൾ, കനാലുകൾ,





അരുവികൾ, ഓടകൾ തുടങ്ങിയവയോടു ചേർന്ന സമതലങ്ങൾ.

## ദുരന്തസമയത്ത്

- പ്രളയ ജലത്തിലേക്ക് ഇറങ്ങാതിരിക്കുക. എന്തെങ്കിലും അത്യാവശ്യങ്ങൾക്കായി ഇറങ്ങേണ്ടിവരുമ്പോൾ അനുയോജ്യമായ പാദരക്ഷകൾ ഉപയോഗിക്കാൻ ശ്രദ്ധിക്കുക.
- മലിനജല പൈപ്പുകൾ, ആഴത്തിലുള്ള കുഴികൾ, അഴുക്കുചാലുകൾ, കലുങ്കുകൾ തുടങ്ങിയവയിൽനിന്നും അകലം പാലിക്കുക.
- വൈദ്യുത പോസ്റ്റുകൾ, വീണുകിടക്കുന്ന വൈദ്യുതലൈനുകൾ തുടങ്ങിയവ ശ്രദ്ധിക്കുക, ഷോക്കേൽക്കാൻ സാധ്യത ഉണ്ട്.
- തുറന്നു കിടക്കുന്ന മാലിന്യക്കുഴികൾ, (മാൻഹോൾ), കിണറുകൾ എന്നിവ ചുവന്ന കൊടിയോ ബാരിക്കേഡുകളോ ഉപയോഗിച്ച് അടയാളപ്പെടുത്തുക.
- പ്രളയജലത്തിലൂടെ വാഹനങ്ങൾ ഓടിക്കുവാൻ പാടുള്ളതല്ല, ഒഴുകിക്കൊണ്ടിരിക്കുന്ന രണ്ട് അടി വെള്ളം പോലും ഒരു കാറിനെ വരെ ഒഴുക്കിക്കളയാൻ സാധ്യത ഉണ്ട്.
- അപ്പപ്പോൾ പാകം ചെയ്തതും ചൂടുള്ളതുമായ ആഹാരം മാത്രം കഴിക്കുക. എപ്പോഴും ഭക്ഷണ സാധനങ്ങൾ അടച്ചുസൂക്ഷിക്കുക.
- ക്ലോറിനേറ്റ് ചെയ്തതും തിളപ്പിച്ചാറിയതുമായ വെള്ളം മാത്രം കുടിക്കുക.
- അണുനാശിനികളുപയോഗിച്ച് പരിസരം വൃത്തിയായി സൂക്ഷിക്കുക.

## ദുരന്തത്തിന് ശേഷം

- കുട്ടികളെ പ്രളയജലത്തിൽ കളിക്കാൻ അനുവദിക്കാതിരിക്കുക.
- കേടുപാടുകൾ സംഭവിച്ച വൈദ്യുത ഉപകരണങ്ങൾ പരിശോധിച്ചതിനു ശേഷം മാത്രം ഉപയോഗിക്കുക.
- മെയിൻ സ്വിച്ച് ഓഫ് ചെയ്യുകയും ഉപകരണങ്ങൾ പ്ലഗ്ഗിൽ നിന്നും മാറ്റിയിടുകയും ചെയ്യുക. നനഞ്ഞകൈകൾ കൊണ്ട് ഉപകരണങ്ങൾ തൊടരുത്.
- പൊട്ടിവീണ വൈദ്യുതലൈനുകളും കമ്പികളും മൂർച്ചയുള്ള മറ്റു വസ്തുക്കളും ശ്രദ്ധിക്കുക.
- മലേറിയ / ഡെങ്കിപ്പനി പ്രതിരോധത്തിനായി കൊതുകുവല ഉപയോഗിക്കുക.
- ഇഴജന്തുക്കളെ കൊണ്ടുള്ള ശല്യം പ്രളയസമയത്ത് സർവസാധാരണമായതിനാൽ വിഷപാമ്പുകളുടെ കടിയേൽക്കാതിരിക്കാൻ ശ്രദ്ധിക്കുക.
- മലിനജല പൈപ്പുകളും ശുദ്ധജല പൈപ്പുകളും കേടുപാടുകൾ പറ്റിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ശൗചാലയങ്ങളും പൈപ്പുവെള്ളവും ഉപയോഗിക്കരുത്.
- പൈപ്പുവെള്ളം ഉപയോഗയോഗ്യമാണെന്ന ആരോഗ്യവകുപ്പിന്റെ നിർദേശം ലഭിക്കും വരെ കുടിക്കാനും ഭക്ഷണം പാകം ചെയ്യാനും ഉപയോഗിക്കരുത്.
- നിങ്ങൾ വീട് ഒഴിഞ്ഞുപോകേണ്ട ആവശ്യം വരുമ്പോൾ ഫർണിച്ചറുകളും വീട്ടുപകരണങ്ങളും കട്ടിലിന്റെയോ മേശയുടെയോ മുകളിൽ കയറ്റിവയ്ക്കുക.
- ശൗചാലയത്തിന്റെയും മറ്റു മലിനജല പൈപ്പുകളുടെയും വായ്ഭാഗം മണൽച്ചാക്കുകൾ വച്ച് അടച്ചുവയ്ക്കുന്നത് മലിനജലം തിരിച്ചുകയറുന്നതു തടയാൻ സഹായിക്കും.
- അപരിചിതമായ പ്രളയജലത്തിൽ നേരിട്ട് ഇറങ്ങരുത്; ഒരു വടി ഉപയോഗിച്ച് ആഴം മനസ്സിലാക്കിയതിനു ശേഷം മാത്രം ഇറങ്ങുക.
- ഓദ്യോഗിക അറിയിപ്പുകൾ കിട്ടിയതിനു ശേഷം മാത്രം ഒഴിഞ്ഞുകിടക്കുന്ന വീടുകളിലേക്ക് തിരിച്ചുവരിക.
- നനഞ്ഞുപോയ എല്ലാവസ്തുക്കളും വൃത്തിയാക്കുകയും അണുവിമുക്തമാക്കുകയും ചെയ്യുക.

## ചുഴലിക്കാറ്റ് ദുരന്തത്തിന് മുൻപ്

- ചുഴലിക്കാറ്റുമായി ബന്ധപ്പെട്ടുള്ള മുന്നറിയിപ്പുകൾ നൽകുന്നത് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണകേന്ദ്രം ആണ്.
- വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, പ്രത്യേകിച്ചു കെട്ടിടങ്ങളുടെ മേൽക്കൂരകൾ; ഇളകി നിൽക്കുന്ന മൂർച്ചയേറിയ വസ്തുക്കൾ എന്നിവ മാറ്റുക.

- ദുരന്തസാധ്യത മനസ്സിലാക്കിയാൽ കന്നുകാലികളെയും മറ്റ് വളർത്തുമൃഗങ്ങളെയും അഴിച്ചുവിട്ട് അവയുടെ സുരക്ഷ ഉറപ്പുവരുത്തുക
- കൊടുങ്കാറ്റ്, വേലിയേറ്റം, വെള്ളപ്പൊക്കം തുടങ്ങിയ അപകട മുന്നറിയിപ്പുകൾ കിട്ടുകയാണെങ്കിൽ ഏറ്റവും അടുത്തുള്ള സുരക്ഷിതസ്ഥാനങ്ങളും അങ്ങോട്ടുള്ള വഴികളും നേരത്തെ അറിഞ്ഞിരിക്കുക.
- ദുരന്തസാധ്യത മനസ്സിലാക്കി കഴിഞ്ഞാൽ അത്യാവശ്യം രണ്ട് ആഴ്ചകളിലേക്ക് വേണ്ടുന്ന അവശ്യ, ഭക്ഷ്യവസ്തുക്കളും (ready to eat) ശുദ്ധജലവും സംഭരിച്ച് വയ്ക്കുക
- വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കും ഭീഷണി ഉയർത്തുന്ന വൃക്ഷത്തലപ്പുകളും ശാഖകളും അതത് അധികാരികളുടെ അനുമതിയോടുകൂടി വെട്ടിമാറ്റുകയോ കോതി ഒതുക്കുകയോ ചെയ്യുക.
- വാതിലുകളും ജനാലകളും സുരക്ഷിതമായി അടച്ചിടുക
- ഔദ്യോഗിക മുന്നറിയിപ്പുകൾ ലഭിച്ചുകഴിഞ്ഞാൽ എത്രയും പെട്ടെന്ന് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറുക.

## ദുരന്തസമയത്ത്, വീടിന് അകത്ത്

- വാതിലുകളും ജനാലകളും അടച്ചിടുക.
- മെയിൻ സ്വിച്ച് ഓഫ് ചെയ്യുക, വൈദ്യുതി ഉപകരണങ്ങളുടെ പ്ലഗ്ഗ് ഊരിയിടുക, പാചകവാതകം ഓഫ് ചെയ്യുക





**കൊടുങ്കാറ്റ്, വേലിയേറ്റം, വെള്ളപ്പൊക്കം തുടങ്ങിയ അപകട മുന്നറിയിപ്പുകൾ കിട്ടുകയാണെങ്കിൽ ഏറ്റവും അടുത്തുള്ള സുരക്ഷിതസ്ഥാനങ്ങളും അങ്ങോട്ടുള്ള വഴികളും നേരത്തെ അറിഞ്ഞിരിക്കുക.**

- നിങ്ങളുടെ വീടിനു സുരക്ഷിതത്വം കുറവ് ആണെന്ന് തോന്നുന്നപക്ഷം എത്രയും പെട്ടെന്ന് ചുഴലിക്കാറ്റിന്റെ ആരംഭത്തിനു മുൻപ് തന്നെ സുരക്ഷിത താവളങ്ങളിൽ / ക്യാമ്പുകളിൽ എത്തിച്ചേരുക
- ക്ലോറിനേറ്റ് ചെയ്തതും തിളപ്പിച്ചാറിയതുമായ വെള്ളം മാത്രം ഉപയോഗിക്കുക.
- കെട്ടിടങ്ങൾ തകരാൻ തുടങ്ങുകയാണെങ്കിൽ സ്വയരക്ഷയ്ക്ക് വേണ്ടി കിടക്ക, കട്ടിയുള്ള പുതപ്പ് അതുമല്ലെങ്കിൽ തലയണകൾ തുടങ്ങിയവ കൊണ്ട് മൂടുകയോ ബലമുള്ള മേശ / ബെഞ്ച് തുടങ്ങിയവയുടെ അടിയിൽ ഇരിക്കുകയോ ഉറപ്പുള്ള എവിടെയെങ്കിലും (ഉദാ: വാട്ടർ പൈപ്പ്) മുറുകെ പിടിച്ച് നിൽക്കുകയോ ചെയ്യുക.

## പുറത്തുനിൽക്കുമ്പോൾ

- കേടുപാടുകൾ സംഭവിച്ച കെട്ടിടങ്ങളിലേക്കു കടക്കരുത്.
- എത്രയും പെട്ടെന്ന് സുരക്ഷിതസ്ഥാനങ്ങളിലേക്ക് നീങ്ങുക.
- മരത്തിന്റെയോ ഇലക്ട്രിക്ക് ലൈനിന്റെയോ ചുവട്ടിൽ നിൽക്കരുത്.
- പൊടുന്നനെ കാറ്റിന്റെ വേഗത കുറയുന്നതോ ശാന്തമാകുന്നതോ കണ്ട് ചുഴലിക്കാറ്റ് കഴിഞ്ഞു എന്ന് അനുമാനിക്കുന്നത് അപകടം വിളിച്ചുവരുത്തും; അതുകൊണ്ട് എപ്പോഴും ഔദ്യോഗിക അറിയിപ്പുകൾക്കു മാത്രം പ്രാധാന്യം കൊടുക്കുക.

## ദുരന്തത്തിന് ശേഷം

- ക്ലോറിനേറ്റ് ചെയ്തതും തിളപ്പിച്ചാറ്റിയതും ആയ വെള്ളം മാത്രം കുടിക്കുക. ഔദ്യോഗിക അറിയിപ്പ് വരുന്നത് വരെ സുരക്ഷിത സ്ഥാനത്ത് തന്നെ തുടരുക. കേടുപാടുകൾ സംഭവിച്ച ഇലക്ട്രിക്ക് ലൈനുകൾ, അയഞ്ഞുപോയ ഇലക്ട്രിക്ക് വയർ, മൂർച്ച കൂടിയ മറ്റ് വസ്തുക്കൾ തുടങ്ങിയവ ശ്രദ്ധിക്കുക
- കേടുപാടുകൾ പറ്റിയ കെട്ടിടങ്ങളിലേക്ക പ്രവേശിക്കരുത്.
- കേടുപാടുകൾ സംഭവിച്ച വൈദ്യുത ഉപകരണങ്ങൾ ഇലക്ട്രീഷ്യൻ പരിശോധിച്ചതിനു ശേഷം മാത്രം പ്രവർത്തിപ്പിക്കുക.

## മത്സ്യത്തൊഴിലാളികൾക്കുള്ള നിർദേശങ്ങൾ

വള്ളം, വല, മറ്റ് സാമഗ്രികൾ എന്നിവ സുരക്ഷിതസ്ഥാനങ്ങളിൽ കെട്ടിയിടുക. ചുഴലിക്കാറ്റ് മുന്നറിയിപ്പുള്ള സമയങ്ങളിൽ കടലിൽ പോകാതിരിക്കുക.

## തീരശോഷണം ദുരന്തത്തിന് മുൻപ്

- തീരശോഷണം മൂലം മുൻപ് നാശനഷ്ടങ്ങൾ ഉണ്ടായ വീടുകളോ മറ്റു കെട്ടിടങ്ങളോ പുനർനിർമ്മിക്കുന്നത് പരിഹാരമാർഗമല്ല. അങ്ങനെ ഉള്ള കെട്ടിടങ്ങൾ/ വീടുകൾ ഉപയോഗിക്കുന്നത് കഴിയുന്നതും ഒഴിവാക്കണം.
- തീരശോഷണം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നിന്ന് പരമാവധി മാറിത്താമസിക്കാൻ ശ്രദ്ധിക്കണം
- തീരപ്രദേശത്തുള്ള മണൽക്കുനകൾ, കണ്ടൽക്കാടുകൾ, മറ്റ് ജൈവവൈവിധ്യങ്ങൾ സംരക്ഷിക്കണം.






- അതതു പ്രദേശങ്ങളിൽ വ്യാപകമായി കണ്ടുവന്നിരുന്ന സസ്യങ്ങൾ തീരങ്ങളിൽ വച്ച് പിടിപ്പിക്കുകയും സംരക്ഷിക്കുകയും വേണം.
- തീരപ്രദേശത്തെപ്ലാസ്റ്റിക് പോലുള്ള ഖര മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യണം.
- കടൽ/കായൽ തീരം കയ്യേറുന്നത് കർശനമായും ഒഴിവാക്കണം.
- കടൽത്തീരത്തെ നിർമ്മാണപ്രവർത്തനങ്ങൾ CRZ നിബന്ധനകൾ പ്രകാരം ആണ് എന്ന് ഉറപ്പുവരുത്തണം.

## ദുരന്ത സമയത്ത്

- മൺസൂൺ സമയങ്ങളിൽ തീരശോഷണം നേരിടുന്ന പ്രദേശങ്ങളിൽ കഴിയുന്നവർ ജാഗ്രത പാലിക്കണം.
- ഉയർന്ന തിരമാല മുന്നറിയിപ്പുള്ള സമയങ്ങളിൽ മാറിത്താമസിക്കാൻ ഉള്ള മുന്നൊരുക്കങ്ങൾ നടത്തണം. ഓദ്യോഗിക അറിയിപ്പ് വരുന്നത് വരെ സുരക്ഷിതസ്ഥലങ്ങളിൽ തന്നെ താമസിക്കുക
- തീരശോഷണം നേരിടുന്ന പ്രദേശങ്ങളിൽ നിന്ന് ചുഴലിക്കാറ്റ് പോലുള്ള അതിതീവ്ര കാറ്റ് /മഴ സമയങ്ങളിൽ ക്യാമ്പുകളിലേക്കോ സുരക്ഷിതസ്ഥലങ്ങളിലേക്കോ കർശനമായും മാറിത്താമസിക്കണം
- ക്ലോറിനേറ്റ് ചെയ്തതും തിളപ്പിച്ചാറിയതുമായ വെള്ളം മാത്രം കുടിക്കുക
- മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങളും മറ്റു അനുബന്ധ സാമഗ്രികളും സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുക

## വിനോദസഞ്ചാരികൾക്കുള്ള നിർദേശങ്ങൾ

- കടൽത്തീരത്തുള്ള എല്ലാ മുന്നറിയിപ്പ് അടയാളങ്ങളും അനുസരിക്കുക
- അസ്ഥിരമായ മൺതിട്ടകൾ ഉള്ള സ്ഥലങ്ങളിൽ നിൽക്കുന്നതോ ഇരിക്കുന്നതോ ഒഴിവാക്കുക. കാരണം അവ തകരാൻ സാധ്യത ഉണ്ട്.
- വേലിയിറക്കസമയത്ത് നിങ്ങളുടെ ബീച്ച് സന്ദർശനങ്ങൾ ആസൂത്രണം ചെയ്യുക. ഉയർന്ന വേലിയേറ്റവും വലിയ തിരമാല ജാഗ്രതാനിർദേശങ്ങളും ഉള്ള സമയങ്ങളിൽ കടൽത്തീരത്ത് പോവുന്നത് ഒഴിവാക്കുക
- തീരശോഷണം നേരിടുന്ന പ്രദേശങ്ങളിൽ കടലിലേക്ക് ഇറങ്ങാതെ നോക്കുക
- നിങ്ങൾ പരിചയസമ്പന്നനായ നീന്തൽക്കാരനാണെങ്കിൽ പോലും ഒരിക്കലും ഒറ്റയ്ക്ക് കടലിൽ ഇറങ്ങരുത്
- എപ്പോഴും ലൈഫ് ഗാർഡുകൾ ഉള്ള സംരക്ഷിതബീച്ചുകളിൽ മാത്രം വെള്ളത്തിൽ ഇറങ്ങാൻ ശ്രദ്ധിക്കുക.■

കടപ്പാട്: ദേശീയ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റികൾ



മലനിരകൾക്ക് താഴെ മുണ്ടക്കൈ എന്ന ചെറുപട്ടണം ഇപ്പോഴില്ല. സീതാക്കുണ്ട് വെള്ളച്ചാട്ടവും പുഞ്ചിരിമട്ടവും വഴിത്താരകളും എങ്ങോ മാഞ്ഞുപോയി. കർഷകരുടെയും തോട്ടം തൊഴിലാളികളുടെയും കുടിയേറ്റജനതയുടെയും മണ്ണ്. പ്രകൃതി ദുരന്തത്തിന്റെ നടുക്കുന്ന കാഴ്ചകളിൽ മുണ്ടക്കൈ ചൂരൽമല ദുരന്തങ്ങൾ എന്നും ഉണങ്ങാത്ത മുറിവാണ്

# മുണ്ടക്കൈ.. മായാത്ത ഓർമ്മച്ചിത്രം

മഴക്കാലത്തിന്റെ തുടക്കത്തിൽ വയനാടൻ മഴയുടെയും നനുത്ത കാറ്റിന്റെയും കുളിരുനുകരാൻ മുണ്ടക്കൈയിലേക്കുള്ള യാത്ര ഞങ്ങൾ വയനാട്ടുകാർക്കും ഹൃദ്യമായിരുന്നു. വഴിനീളെയുള്ള തേയിലത്തോട്ടങ്ങൾക്കിടയിലൂടെ വളഞ്ഞും പുളഞ്ഞും പോകുന്ന വഴികൾ. കൽപ്പറ്റയിൽ നിന്നും പുറപ്പെടുന്ന മുണ്ടക്കൈ കെ.എസ്. ആർ.ടി സി ബസ്സിന്റെ അരിക് സീറ്റുകളും അങ്ങിനെ എത്രയോ പേർക്ക് ഗവിയിലേക്ക് എന്ന പോലെ ആസ്വാദ്യമായിരുന്നു. മേപ്പാടി പിന്നിട്ടാൽ പിന്നെ കാഴ്ച്ചകളുടെ ചിറാപുഞ്ചിയാണ്. ചാഞ്ഞും ചെരിഞ്ഞും പെയ്യുന്ന മഴകൾ മലയിറങ്ങി വരും. അതിന് പിന്നാലെ മൂടുപടത്തിന്റെ കുടകൾ ചൂടി കോടമഞ്ഞ് പരന്നൊഴുകും. ചൂരൽമലയിലെ പാലം കടന്നാൽ മുണ്ടക്കൈയിലേക്കുള്ള കയറ്റം തുടങ്ങും. ഒന്നാം കയറ്റത്തിന്റെ നെറുകയിൽ നിന്നും സെന്റിനൽ റോക്കിനെ അടുത്തുകാണാം. വെള്ളാരംകല്ലിന്റെ വൻമതിലാണത്. ഈ വെള്ളാരങ്കല്ലിൽ രത്നങ്ങൾ തേടി



മുണ്ടക്കൈ: പഴയ ചിത്രം





സായ്പൻമാർ കപ്പലുകയറിയെത്തിയതെല്ലാം പഴയകഥ. എന്നാൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച സെന്റിനൽ റോക്ക് എസ്റ്റേറ്റ് ഇപ്പോഴും പഴയകാലത്തിന്റെ ചൂടാറാത്ത വിശേഷങ്ങളുമായുണ്ടായിരുന്നു. അതിനും മേലെയാണ് മുണ്ടക്കൈ എന്ന ചെറുപട്ടണം. മൂന്നും കൂടിയ ഈ ചെറിയ കവലയാണ് മുണ്ടെക്കാരുടെ വലിയങ്ങാടി. നാലഞ്ച് കടമുറികളും മറ്റുമായുള്ള ഈ കടകളിൽ ഈ മലമുകളിലേക്ക് വേണ്ടത് എല്ലാമുണ്ട്. ഈ അങ്ങാടിയുടെ കരുതലിലാണ് ഈ മലമുകളിലും അടുപ്പ് പുകയുന്നത്.

തൊട്ടു താഴെ സീതാക്കുണ്ട് വെള്ളച്ചാട്ടത്തിന്റെ പാറകളിൽ തലതല്ലി പതയുന്ന സീതാക്കുണ്ടിന് വേനലിലും നിറഞ്ഞൊഴുകുന്ന കുളിരുള്ള കഥകൾ പറയാനുണ്ട്. അത്രയും മതി. കാഴ്ചകളുടെ വിരുന്നായിരുന്നു. ഈ ദേശത്തിലേക്ക് അങ്ങിനെ സഞ്ചാരികളുടെ ഇടതടവില്ലാത്ത ഒഴുക്കായിരുന്നു. തേയിലത്തോട്ടങ്ങളും പച്ചപ്പുകളും വലിയകുന്നുകളും അതിലേറെ സ്നേഹമുള്ള മനുഷ്യരുമുള്ള മുണ്ടക്കൈ അങ്ങിനെയെല്ലാമായിരുന്നു.

അതുവരെയും അധ്വാനത്തിന്റെയും സന്തോഷത്തിന്റെയും സ്വപ്നങ്ങളുടെയും ഭൂമികയായിരുന്ന ദേശം ഒറ്റ രാത്രികൊണ്ടാണ് ഒഴുകിപോയ ദുരന്തചിത്രമായി മാറിയത്.

## തിരിച്ചറിയാത്തവരുടെ ശാന്തികവാടം

ഇപ്പോൾ മരണം ദുർബലമാക്കിയ ഒരു നാടിന്റെ നൊമ്പരങ്ങളെ മാറോടണച്ച് പുത്തുമല ശാന്തമായുറങ്ങുന്നു. ചൂരൽമലയിലേക്കും മുണ്ടക്കൈയിലേക്കുമുള്ള യാത്രവഴിക്കരികിൽ ഇനി അവർക്കെല്ലാം അന്തിയുറക്കമാണ്. നാടിനെ തുടച്ചുമാറ്റിയ ഉരുൾപൊട്ടൽ ദുരന്തത്തിൽ തിരിച്ചറിയാൻ കഴിയാതെ പോയ 42 മൃതദേഹങ്ങളും 180 ശരീരഭാഗങ്ങളുമാണ് ഈ മണ്ണിൽ നിദ്രയിലലിയുന്നത്. മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ 46 മൃതദേഹങ്ങളായിരുന്നു തിരിച്ചറിയാത്തവരുടെ പട്ടികയിൽ ജില്ലാ ഭരണകൂടത്തിന് കൈമാറിയത്. ഇതിൽ അഞ്ചുപേരുടെ മൃതദേഹങ്ങൾ കൽപ്പറ്റ നഗരസഭയുടെ പൊതുശ്മശാനത്തിലായിരുന്നു ആദ്യ തവണ സംസ്കരിച്ചത്. പിന്നീട് എല്ലാവർക്കുമായി പുത്തുമലയിൽ തന്നെ ശ്മശാനം ഒരുങ്ങുകയായിരുന്നു. സർവ്വ മത പ്രാർത്ഥനയോടെയായിരുന്നു മൃതദേഹങ്ങളുടെ സംസ്കാരം. ഓരോ മൃതദേഹങ്ങൾക്കും പ്രത്യേകം പ്രത്യേകമായുള്ള തിരിച്ചറിയൽ നമ്പർ നൽകിയാണ് കുഴിമാടങ്ങൾ. ശരീരഭാഗങ്ങൾ എല്ലാമായി അതിനരികിൽ സംസ്കരിച്ചു. ഉരുൾ പൊട്ടൽ ദുരന്തത്തിന്റെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സർക്കാർ നിയോഗിച്ച മന്ത്രിസഭാ ഉപസമിതിയും ജില്ലാ ഭരണകൂടവും മൃതദേഹങ്ങളിൽ അന്തിമോപചാരമർപ്പിച്ചു. ഒരു നാടിന്റെ ഒത്തുചേർന്നുള്ള യാത്രയിൽ പുത്തുമലയും അടയാളമാണ്. 2019 ൽ 17 പേരുടെ ജീവൻ കവർന്ന മണ്ണിനരികിൽ ഒരു നോവായി ഈ താഴ്വാരങ്ങളുമുണ്ടാകും.■

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.08.2024**
KERMAL2014/58028 Price: **12.00**




VISIT **www.donation.cmdrf.kerala.gov.in** | **TOGETHER WE REBUILD** Every Donation Counts

**Chief Minister's Distress Relief Fund Account**

| No. | Bank | Account Number | IFSC Code |
|---|---|---|---|
| 1. | State Bank of India | **39251566695** | SBIN0070028 |
| 2. | South Indian Bank | **0721053000003020** | SIBL0000721 |
| 3. | Federal Bank | **10210100422271** | FDRL0001021 |
| 4. | HDFC Bank Ltd | **50100350210557** | HDFC0002485 |
| 5. | ICICI Bank | **626201089884** | ICIC0006262 |
| 6. | CSB Bank Ltd | **00 9603981212190001** | CSBK0000096 |
| 7. | Axis Bank | **920010023834712** | UTIB0000784 |
| 8. | Dhanalakshmi Bank | **003700100156782** | DLXB0000037 |
| 9. | IDBI Bank Ltd | **0889104000111454** | IBKL0000889 |
| 10. | Indian Overseas Bank | **009901000002020** | IOBA0000099 |
| 11. | Union Bank of India | **502902010900782** | UBIN0550299 |
| 12. | Canara Bank | **5842132000007** | CNRB0005842 |
| 13. | Kotak Mahindra Bank | **1815162037** | KKBK0009206 |
| 14. | Bank Of Baroda | **29860100006714** | BARB0PEROOR |
| 15. | Standard Chartered Bank | **43710072419** | SCBL0036099 |
| 16. | Kerala Gramin Bank | **40341101051311** | KLGB0040341 |
| 17. | IndusInd Bank | **159900002020** | INDB0001599 |
| 18. | Bank Of India | **853810110007599** | BKID0008538 |
| 19. | Punjab National Bank | **3301000104118534** | PUNB0330100 |
| 20. | Kerala Bank | **110110801000339** | KSBK0000101 |
| 21. | Central Bank of India | **5652206185** | CBIN0280937 |
| 22. | UCO Bank | **02880110077641** | UCBA0000288 |
| 23. | Indian Bank | **7839343398** | IDIB000P030 |
| 24. | Covid-TSB A/c (1475) | **799010100191475** | |
| 25. | Special Treasury Savings Bank | **799010100193172** | |

**This contribution is eligible for deduction under Section 80G of the Income Tax Act.**

**ജീവിതം വീണ്ടെടുക്കാൻ തകർന്നതെല്ലാം പടുത്തുയർത്താൻ നമുക്കും പങ്കുചേരാം**

നിങ്ങളുടെ സഹായം അർഹരായവരിലേയ്ക്ക് എത്താൻ തീർത്തും സുതാര്യവും ഓഡിറ്റിംഗിന് വിധേയവുമായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകൂ.

https://www.facebook.com/CMOKerala #StandWithWayanad https://x.com/cmokerala

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS